

# പുത്തൻ ജനാധിപത്യത്തെക്കുറിച്ച്

*1940 ജനുവരി*

## 1. ചൈന എങ്ങോട്ട്?

ചെറുത്തുനില്പ് യുദ്ധം തുടങ്ങിയതിനുശേഷം രാജ്യത്തൊട്ടാകെ സജീവമായ ഒരന്തരീക്ഷം നിലനില്ക്കുന്നുണ്ട്. സ്തംഭനാവസ്ഥയിൽനിന്ന് ഒരു മോചനമാർഗ്ഗം കണ്ടെത്തിയതായി പൊതുവിൽ ഒരു തോന്നലുണ്ടായിട്ടുണ്ട്. ജനങ്ങൾ നിരാശരായി തങ്ങളുടെ നെററി ചുളിക്കുന്നതേയില്ല. എന്നിരുന്നാലും അടുത്തകാലത്ത് ഒത്തുതീർപ്പിൻേറയും കമ്യൂണിസ്റ്റ് വിരുദ്ധതയുടെയും പൊടിപടലങ്ങൾകൊണ്ട് ഒരിക്കൽക്കൂടി അന്തരീക്ഷം നിറഞ്ഞിട്ടുണ്ട്. ഒരിക്കൽക്കൂടി ജനങ്ങൾ ആശയക്കുഴപ്പത്തിലായിരിക്കുന്നു. ഇതിനേററവുമധികം വിധേയരാകുന്നതും ഇതാദ്യം തന്നെ ബാധിക്കുന്നതും ബുദ്ധിജീവികളേയും യുവവിദ്യാർത്ഥികളേയുമാണ്. ഒരിക്കൽക്കൂടി ആ ചോദ്യം ഉയർന്നുവരുന്നു. എന്തു ചെയ്യണം? ചൈന എങ്ങോട്ട്? അതുകൊണ്ട് 'ചൈനീസ് സംസ്കാര'1ത്തിൻെറ പ്രസിദ്ധീകരണ വേളയിൽ രാജ്യത്തിലെ രാഷ്ട്രീയ സാംസ്കാരിക പ്രവണതകൾ വ്യക്തമാക്കുന്നതു് പ്രയോജനകരമായിരിക്കും. സാംസ്കാരിക കാര്യത്തിൽ ഞാനൊരു വിദഗ്ദ്ധനല്ല. അവ പഠിക്കാൻ എനിക്കിഷ്ടമാണ്. അതാവട്ടെ, ആരംഭിച്ചിട്ടേയുള്ളൂ. ഭാഗ്യവശാൽ, ഈ വിഷയത്തെക്കുറിച്ച് സുദീർഘമായി എഴുതിയിട്ടുള്ള ധാരാളം സഖാക്കൾ യെനാനിലുണ്ട്. അതുമൂലം എൻെറ ഈ പരുക്കനും പരിമിതവുമായ വാക്കുകൾ കലാപരിപാടികൾ മുമ്പിലുള്ള കേളികൊട്ടിൻെറ ഫലം ചെയ്തേക്കാം. രാജ്യത്തിലെ മുൻപന്തിയിൽ നിൽക്കുന്ന സാംസ്കാരിക പ്രവത്തകർക്ക് നമ്മുടെ നിരീക്ഷണങ്ങളിൽ സത്യത്തിൻെറ ഒരു കണികയെങ്കിലും കാണാൻ കഴിഞ്ഞേക്കാം. തങ്ങളുടേതായ വിലപ്പെട്ട സംഭാവനകളുമായി മുന്നോട്ടുവരാൻ അവരെ പ്രേരിപ്പിക്കുന്നതിന് ഇതൊരു എളിയപ്രചോദനവും നൽകിയേക്കാം. നമ്മുടെ ദേശീയാവശ്യങ്ങൾ പരിഹരിക്കത്തക്കവിധം ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള ചർച്ചയിൽ അവർ പങ്കു ചേരുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു. 'വസ്തുതകളിൽനിന്ന് സത്യം കണ്ടെത്തുക'യെന്നതാണ് ശാസ്ത്രീയ സമീപനം. തെററു പററുകയില്ലെന്ന് അഹങ്കരിക്കുകയും ജനങ്ങളോട് വാചകമടിക്കുകയും ചെയ്യുന്നതുവഴി ഒന്നും ഒരിക്കലും പരിഹരിക്കപ്പെടുകയില്ല. നമ്മുടെ രാജ്യത്തെ നേരിട്ടിട്ടുള്ള കുഴപ്പങ്ങൾ അങ്ങേയററം ഗൗരവമുള്ളതാണ്. ശാസ്ത്രീയ സമീപനത്തിനോ ഉത്തരവാദിത്വ ബോധത്തിനോ മാത്രമേ, അതിനെ വിമോചനത്തിൻെറ പാതയിലേക്ക് നയിക്കാൻ കഴിയൂ. സത്യം ഒന്നേയുള്ളൂ. ഒരുവൻ അതിലെത്തിച്ചേർന്നോ ഇല്ലയോ എന്ന പ്രശ്നം ആത്മനിഷ്ഠമായ വീമ്പിളക്കലിനെയല്ല, മറിച്ച് വസ്തുനിഷ്ഠമായ പ്രയോഗത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. സത്യത്തിൻെറ ഒരേയൊരു അളവുകോൽ ലക്ഷക്കണക്കിന് ജനങ്ങളുടെ വിപ്ലവ പ്രവത്തനമാണ്. ഇതിനെ 'ചൈനീസ് സംസ്കാര'ത്തിൻെറ സമീപനമായി കണക്കാക്കാമെന്ന് ഞാൻ കരുതുന്നു,

## 2. നമുക്കൊരു പുതിയ ചൈന കെട്ടിപ്പടുക്കണം.

രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു വിപ്ലവത്തിനെന്നപോലെതന്നെ നമ്മാം കമ്യൂണിസ്റ്റുകാർ അനേക വർഷങ്ങളോളം ഒരു സാംസ്കാരിക വിപ്ളവത്തിനുവേണ്ടിയും പോരാടിയിട്ടുണ്ട്. ചൈനീസ് രാഷ്ട്രത്തിനു് ഒരു പുതിയ സമൂഹവും ഒരു പുതിയ ഭരണകൂടവും കെട്ടിപ്പടുക്കുകയെന്നതാണു് നമ്മുടെ ലക്ഷ്യം. ആ പുതിയ സമൂഹത്തിനും പുതിയ ഭരണകൂടത്തിനും ഒരു പുതിയ രാഷ്ട്രീയവും ഒരു പുതിയ സമ്പദ്വ്യവസ്ഥയും മാത്രമല്ല ഒരു പുതിയ സംസ്കാരവും ഉണ്ടായിരിക്കും. മററു വാക്കുകളിൽ പറഞ്ഞാൽ, രാഷ്ട്രീയമായ അടിച്ചമർത്തലിനും സാമ്പത്തികമായ ചൂഷണത്തിനും വിധേയമായ ഒരു ചൈനയെ രാഷ്ട്രീയമായി സ്വതന്ത്രവും സാമ്പത്തികമായി സമ്പന്നവുമായ ഒരു ചൈനയായി മാററാൻ മാത്രമല്ല നമ്മാം ആഗ്രഹിക്കുന്നതു്. മറിച്ച്, പഴയ സംസ്കാരത്തിൻെറ സ്വാധീനത്തിൻകീഴിൽ അജ്ഞതയിലും പിന്നോക്കാവസ്ഥയിലും തളച്ചിടപ്പെട്ട ചൈനയെ ഒരു പുതിയ സംസ്കാരത്തിൻെറ സ്വാധീനത്തിൻ കീഴിൽ പ്രബുദ്ധവും പുരോഗമനപരവുമായ ഒരു ചൈനയായി മാററാൻ നമ്മാം ആഗ്രഹിക്കുന്നു. ചുരുക്കത്തിൽ നാം ഒരു പുതിയ ചൈന കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്നു. സാംസ്കാരികമണ്ഡലത്തിൽ നമ്മുടെ ലക്ഷ്യം ഒരു പുതിയ ചൈനീസ് ദേശീയ സംസ്കാരം കെട്ടിപ്പടുക്കുകയെന്നതാണു്.

## 3. ചൈനയുടെ ചരിത്രപരമായ സവിശേഷതകൾ

ഒരു പുതിയ ദേശീയസംസ്കാരം നമുക്കു് കെട്ടിപ്പടുക്കണം. പക്ഷെ, അതു് ഏതുതരം സംസ്കാരമായിരിക്കണം? ഏതൊരു നിർദ്ദിഷ്ട സംസ്കാരവും (ഒരു പ്രത്യയശാസ്ത്രരൂപമെന്ന നിലക്കു്) ആ നിർദ്ദിഷ്ട സമൂഹത്തിൻെറ രാഷ്ട്രീയത്തിൻേറയും സാമ്പത്തികത്തിൻേറയും ഒരു പ്രതിഫലനമാണു്. തിരിച്ച്, ആദ്യത്തേതിനു് രണ്ടാമത്തേതിൻെറ മേൽ വമ്പിച്ച സ്വാധീനശക്തിയുണ്ടുതാനും. അടിത്തറ സാമ്പത്തികമാണു്; രാഷ്ട്രീയം സാമ്പത്തികത്തിൻെറ കേന്ദ്രീകൃതപ്രകടനവും. സംസ്കാരത്തിനു് രാഷ്ട്രീയവുമായും സാമ്പത്തികവുമായും ഉള്ള ബന്ധത്തെക്കുറിച്ചും രാഷ്ട്രീയത്തിനു് സാമ്പത്തികവുമായുള്ള ബന്ധത്തെക്കുറിച്ചും ഉള്ള നമ്മുടെ അടിസ്ഥാനപരമായ വീക്ഷണം ഇതാണു്. സംസ്കാരത്തിൻെറ രൂപം ആദ്യം രാഷ്ട്രീയ—സാമ്പത്തികരൂപത്താൽ നിർണ്ണയിക്കപ്പെടുന്നുവെന്നും അതിനുശേഷം മാത്രമാണു് അതു് നിർദ്ദിഷ്ട രാഷ്ട്രീയ—സാമ്പത്തികരൂപത്തിനുമേൽ പ്രവർത്തിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നതെന്നും സിദ്ധിക്കുന്നു. മാർക്സ് പറയുന്നു: ''മനുഷ്യരുടെ ബോധമല്ല അവരുടെ അസ്തിത്വത്തെ നിർണ്ണയിക്കുന്നതു്, മറിച്ച് അവരുടെ സാമൂഹ്യാസ്തിത്വമാണു് അവരുടെ ബോധത്തെ നിർണ്ണയിക്കുന്നതു്.'' അദ്ദേഹം തുടരുന്നു: ''തത്വചിന്തകന്മാർ ഇതുവരെ വിവിധ രീതിയിൽ ലോകത്തെ വ്യാഖ്യാനിച്ചിട്ടേ ഉള്ളു; അതിനെ മാററിത്തീർക്കുകയാണു് നമ്മുടെ ലക്ഷ്യം.''4 മാനവചരിത്രത്തിൽ ആദ്യമായി ഈ ശാസ്ത്രീയ ആവിഷ്കരണങ്ങാം ബോധവും നിലനില്പും തമ്മിലുള്ള ബന്ധത്തിൻെറ പ്രശ്നം ശരിയായി പരിഹരിച്ചു. യാഥാർത്ഥ്യത്തിൻെറ പ്രതിഫലനമാണു് അറിവെന്ന ചലനാത്മകമായ വിപ്ലവസിദ്ധാന്തത്തിൻെറ അടിസ്ഥാനമായ മൗലികസങ്കല്പങ്ങാം അവയാണു്. പിന്നീടു് ലെനിൻ അവയെ ഏററവും അഗാധമായി വിശദീകരിക്കുകയുണ്ടായി.

ചൈനയുടെ സാംസ്കാരിക പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നമ്മുടെ ചർച്ചയിൽ ഈ അടിസ്ഥാന സിദ്ധാന്തങ്ങൾ ഓർത്തിരിക്കണം.

അങ്ങനെ നാം ഇല്ലായ്മ ചെയ്യാൻ ആഗ്രഹിക്കുന്ന പഴയ ദേശീയ സംസ്കാരത്തിന്റെ പിൻതിരിപ്പൻ വശങ്ങൾ പഴയ ദേശീയ രാഷ്ട്രീയവുമായും, ദേശീയ സമ്പദ്വ്യവസ്ഥയുമായും അഭേദ്യമായി ബന്ധപ്പെട്ടതാണ്. അതേസമയം നാം കെട്ടിപ്പടുക്കുവാൻ ആഗ്രഹിക്കുന്ന പുതിയ ദേശീയ സംസ്കാരം പുതിയ ദേശീയ രാഷ്ട്രീയവും ദേശീയ സമ്പദ് വ്യവസ്ഥയുമായി വേർതിരിക്കാനാവാത്തവിധം ബന്ധപ്പെട്ടതാണെന്നും തികച്ചും വ്യക്തമാകുന്നു. ചൈനയുടെ പുതിയ രാഷ്ട്രീയവും സാമ്പത്തികവും അതിന്റെ പുതിയ സംസ്കാരത്തിന്റെ അടിത്തറയ്ക്കു രൂപം നൽകുന്നതുപോലെതന്നെ, അതിന്റെ പഴയ രാഷ്ട്രീയവും സാമ്പത്തികവുമാണ് പഴയ സംസ്കാരത്തിന്റെ അടിത്തറ.

എന്താണ് ചൈനയുടെ പഴയ രാഷ്ട്രീയവും സാമ്പത്തികവും? എന്താണതിന്റെ പഴയ സംസ്കാരം?

ചൗ, ചിൻ രാജവംശങ്ങൾ മുതൽക്ക് ചൈനീസ് സമൂഹം നാടുവാഴിത്ത സമൂഹമായിരുന്നു. അതുപോലെതന്നെയായിരുന്നു അതിന്റെ രാഷ്ട്രീയവും സമ്പദ്വ്യവസ്ഥയും. രാഷ്ട്രീയത്തേയും സമ്പദ്വ്യവസ്ഥയേയും പ്രതിഫലിപ്പിച്ചിരുന്ന മേധാവിത്വ സംസ്കാരം നാടുവാഴിത്ത സംസ്കാരമായിരുന്നു.

വിദേശ മുതലാളിത്തത്തിന്റെ കടന്നാക്രമണങ്ങൾക്കും ചൈനീസ് സമൂഹത്തിൽ മുതലാളിത്ത വിഭാഗങ്ങളുടെ ക്രമികമായ വളർച്ചയ്ക്കും ശേഷം രാജ്യം ക്രമേണ ഒരു അധിനിവേശിത, അർദ്ധഅധിനിവേശിത, അർദ്ധ നാടുവാഴിത്ത സമൂഹമായി മാറിയിട്ടുണ്ട്. ചൈന ഇന്ന്, ജപ്പാൻ കയ്യടക്കിയ പ്രദേശങ്ങളിൽ അധിനിവേശിതവും കുമിന്താങ്ങ് പ്രദേശങ്ങളിൽ അടിസ്ഥാനപരമായി അർദ്ധ അധിനിവേശിതവുമാണ്. രണ്ടിടത്തും മുഖ്യമായി അത് നാടുവാഴിത്തപരമോ അർദ്ധനാടുവാഴിത്തപരമോ ആണ്. അപ്പോൾ ഈ വിധമാണ് ഇന്നത്തെ ചൈനീസ് സമൂഹത്തിന്റെയും നമ്മുടെ രാജ്യത്തിലെ സ്ഥിതിഗതികളുടേയും സ്വഭാവം. ഈ സമൂഹത്തിന്റെ രാഷ്ട്രീയവും സമ്പദ്വ്യവസ്ഥയും മുഖ്യമായും അധിനിവേശിതവും അർദ്ധഅധിനിവേശിതവും അർദ്ധ നാടുവാഴിത്തപരവുമാണ്. രാഷ്ട്രീയത്തേയും സമ്പദ്വ്യവസ്ഥയേയും പ്രതിഫലിപ്പിക്കുന്ന മുഖ്യ സംസ്കാരവും അധിനിവേശിതവും അർദ്ധഅധിനിവേശിതവും അർദ്ധ നാടുവാഴിത്തപരവുമാണ്.

കൃത്യമായും ഈ മേധാവിത്വ രാഷ്ട്രീയ—സാമ്പത്തിക—സാംസ്കാരിക രൂപങ്ങൾക്കെതിരായിട്ടാണ് നമ്മുടെ വിപ്ലവം ലക്ഷ്യംവച്ചിട്ടുള്ളത്. നാം ദൂരീകരിക്കാൻ ആഗ്രഹിക്കുന്നത് പഴയ അധിനിവേശിതവും അർദ്ധഅധിനിവേശിതവും അർദ്ധനാടുവാഴിത്തപരവുമായ രാഷ്ട്രീയത്തേയും സമ്പദ്വ്യവസ്ഥയേയും അവയെ സേവിക്കുന്ന സംസ്കാരത്തേയുമാണ്. നാം കെട്ടിപ്പടുക്കാനുള്ളതാകട്ടെ അവയുടെ നേരേ വിപരീതവുമാണ്. അതായത്, ചൈനീസ് രാഷ്ട്രത്തിന്റെ പുതിയ രാഷ്ട്രീയവും പുതിയ സമ്പദ്വ്യവസ്ഥയും പുതിയ സംസ്കാരവും.

അപ്പോൾ എന്താണ് ചൈനീസ് രാഷ്ട്രത്തിന്റെ പുതിയ രാഷ്ട്രീയവും പുതിയ സമ്പദ് വ്യവസ്ഥയും? അതിന്റെ പുതിയ സംസ്കാരമെന്താണ്?

ചൈനീസ് വിപ്ലവത്തിന് അതിന്റെ ചരിത്രഗതിയിൽ രണ്ടു ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. ഒന്നാമത്തു് ജനാധിപത്യവിപ്ല

വവും രണ്ടാമത്തു് സോഷ്യലിസ്റ്റ് വിപ്ലവവും; അവയുടെ സ്വഭാവംകൊണ്ടുതന്നെ അവ രണ്ടു വ്യത്യസ്ത വിപ്ലവ പ്രക്രിയകളാണു്. ഇവിടെ ജനാധിപത്യം പഴയവിഭാഗത്തിൽപ്പെട്ടതല്ല—അതു് പഴയ ജനാധിപത്യമല്ല, പക്ഷെ പുതിയ ജനാധിപത്യമാണു്—അതു് പുത്തൻജനാധിപത്യമാണു്.

അങ്ങനെ ചൈനയുടെ പുതിയ രാഷ്ട്രീയം പുത്തൻ ജനാധിപത്യത്തിന്റെ രാഷ്ട്രീയമാണെന്നും ചൈനയുടെ പുതിയ സമ്പദ്വ്യവസ്ഥ പുത്തൻ ജനാധിപത്യത്തിന്റെ സമ്പദ്വ്യവസ്ഥയാണെന്നും ചൈനയുടെ പുതിയ സംസ്കാരം പുത്തൻ ജനാധിപത്യത്തിന്റെ സംസ്കാരമാണെന്നും ഉറപ്പിച്ചു പറയാം.

ഇപ്പോഴത്തെ ചൈനീസ് വിപ്ലവത്തിന്റെ ചരിത്രപരമായ സവിശേഷതകൾ ഇവയാണു്. ഇതു മനസ്സിലാക്കാൻ കഴിയാതെ ചൈനീസ് വിപ്ലവത്തിൽ പങ്കുചേരുന്ന ഒരു രാഷ്ട്രീയപാർട്ടിക്കോ, ഗ്രൂപ്പിനോ, വ്യക്തിക്കോ വിപ്ലവത്തിനു വഴികാട്ടാനും അതിനെ വിജയത്തിലേക്കു നയിക്കാനും കഴിയില്ല. മറിച്ചു്, ജനങ്ങൾ അവരെ പുറന്തള്ളും. അവർക്കു് ഒററയ്ക്കു ദുഃഖിച്ചിരിക്കേണ്ടിവരും.

## 4. ചൈനീസ് വിപ്ളവം ലോകവിപ്ളവത്തിന്റെ ഭാഗമാണ്

ജനാധിപത്യം, സോഷ്യലിസം എന്നീ രണ്ടു ഘട്ടങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നതിലാണു് ചൈനീസ് വിപ്ലവത്തിന്റെ ചരിത്രപരമായ സവിശേഷത കിടക്കുന്നതു്. ആദ്യത്തേതു് സാധാരണ ഗതിയിലുള്ള ജനാധിപത്യമേ അല്ല. ചൈനീസ് മാതൃകയിലുള്ള പുതിയതും പ്രത്യേകവുമായ ഒരുതരം ജനാധിപത്യമാണു്. അതായതു് പുത്തൻ ജനാധിപത്യം. അപ്പോൾ ഈചരിത്രപരമായ സവിശേഷത നിലവിൽവന്നതു് എങ്ങനെയാണു്? കഴിഞ്ഞ നൂറുവർഷമായിട്ടു് അതു് നിലവിലുണ്ടായിരുന്നോ? അതോ അടുത്ത കാലത്തു് ഉടലെടുത്തതോ?

ചൈനയുടേയും ലോകത്തിന്റെയും ചരിത്രപരമായ വികാസത്തെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത പഠനം കാണിച്ചുതരുന്നതു് ഈ സവിശേഷത ഉടലെടുത്തു് കറുപ്പുയുദ്ധം5 കഴിഞ്ഞ ഉടനെയല്ലെന്നും പിന്നീടു് ഒന്നാം സാമ്രാജ്യത്വ ലോകയുദ്ധത്തിനും റഷ്യയിലെ ഒക്ടോബർ വിപ്ലവത്തിനും ശേഷമാണെന്നുമാണു്. നമുക്കിനി അതിന്റെ രൂപീകരണ പ്രക്രിയ പരിശോധിക്കാം.

ഇന്നത്തെ ചൈനീസ് സമൂഹത്തിന്റെ അധിനിവേശിതവും അർദ്ധഅധിനിവേശിതവും അർദ്ധനാടുവാഴിത്തപരവുമായ സ്വഭാവത്തിൽ നിന്നു സിദ്ധിക്കുന്നതു് ചൈനീസ് വിപ്ലവം രണ്ടു ഘട്ടങ്ങളായി വിഭജിക്കപ്പെടണമെന്നാണു്. അധിനിവേശിതവും അർദ്ധഅധിനിവേശിതവും അർദ്ധനാടുവാഴിത്തപരവുമായ സമൂഹത്തെ സ്വതന്ത്രവും ജനാധിപത്യപരവുമായ ഒരു സമൂഹമാക്കി മാററുകയെന്നതാണു് ആദ്യപടി. രണ്ടാമത്തേതാകട്ടെ വിപ്ലവത്തെ മുന്നോട്ടു കൊണ്ടുപോകുകയും ഒരു സോഷ്യലിസ്ററു സമൂഹം കെട്ടിപ്പടുക്കുകയുമാണു്. ഇപ്പോൾ ചൈനീസ് വിപ്ലവം അതിന്റെ ആദ്യപടിയിലാണു്.

ആദ്യപടിക്കുള്ള തയ്യാറെടുപ്പു കാലഘട്ടം 1840–ലെ കറുപ്പുയുദ്ധത്തോടുകൂടി ആരംഭിച്ചു. അതായതു് ചൈനയിലെ നാടുവാഴിത്തസമൂഹം അർദ്ധഅധിനിവേശിതവും അർദ്ധനാടുവാഴിത്തപരവുമാകാൻ തുടങ്ങിയ

പ്പോഴും മുതൽ തായ് പിങ്ങ് സ്വർഗ്ഗീയ സാമ്രാജ്യപ്രസ്ഥാനം6 ചൈന–ഫ്രഞ്ചുയുദ്ധം 7 ചൈന–ജപ്പാനീസ്8 യുദ്ധം, 1898–ലെ പരിഷ്കരണ പ്രസ്ഥാനം9, 1911–ലെ വിപ്ലവം10, മെയ്4പ്രസ്ഥാനം11, വടക്കൻആക്രമണപര്യടനം12, കാർഷികവിപ്ലവയുദ്ധം13, ഇപ്പോഴത്തെ ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധം എന്നിവയാണ് പിന്നീടുണ്ടായതു്. ഇതെല്ലാംകൂടി നടക്കുന്നതിന് ഒരു നൂററാണ്ടു മുഴുവനെടുത്തു. ഒരർത്ഥത്തിൽ അവ സ്വാതന്ത്ര്യവും ജനാധിപത്യപരവുമായ ഒരു സമൂഹം കെട്ടിപ്പടുക്കാനും ഒന്നാമത്തെ വിപ്ലവം പൂർത്തീകരിക്കാനും വേണ്ടി സാമ്രാജ്യത്വത്തിനും നാടുവാഴിത്ത ശക്തികൾക്കുമെതിരായി ചൈനീസ് ജനത വിവിധ സന്ദർഭങ്ങളിൽ, വിവിധ തോതിൽ നടത്തിയ സമരങ്ങളെന്ന നിലയ്ക്ക് ഒന്നാമത്തെ ചുവടുവയ്പിനെ പ്രതിനിധാനം ചെയ്യുന്നു. 1911–ലെ വിപ്ലവം കുറേക്കൂടെ പൂർണ്ണമായ അർത്ഥത്തിൽ ആ വിപ്ലവത്തിൻെറ ആരംഭമായിരുന്നു. ഈ വിപ്ളവം അതിൻെറ സാമൂഹ്യസ്വഭാവത്തിൽ ബൂർഷ്വാ ജനാധിപത്യപരമാണ്. ഒരു തൊഴിലാളിവർഗ്ഗ സോഷ്യലിസ്ററു വിപ്ളവമല്ല. ഇപ്പോഴും അതു് അപൂർണ്ണമാണ്. വമ്പിച്ച അദ്ധ്വാനം ഇനിയും ആവശ്യമാണ്. കാരണം ഇപ്പോഴും അതിൻെറ ശത്രുക്കൾ വളരെ ശക്തരാണ്. വിപ്ളവം ഇപ്പോഴും പൂർത്തിയായിട്ടില്ല. ''എൻെറ എല്ലാ സഖാക്കളും സമരം തുടരണം'' എന്ന് ഡോക്ടർ സൺയാററ്–സെൻ പറഞ്ഞപ്പോൾ ബൂർഷ്വാ ജനാധിപത്യ വിപ്ളവത്തെയാണ് അദ്ദേഹം പരാമർശിച്ചതു്.

എന്നിരുന്നാലും 1914–ൽ ഒന്നാം സാമ്രാജ്യത്വലോകയുദ്ധം പൊട്ടിപ്പുറപ്പെടുകയും 1917–ലെ റഷ്യൻ ഒക്ടോബർ വിപ്ളവത്തിൻെറ ഫലമായി ഭൂമിയുടെ ആറിലൊന്നു ഭാഗത്തു് ഒരു സോഷ്യലിസ്ററ് ഭരണകൂടം സ്ഥാപിക്കപ്പെടുകയും ചെയ്തശേഷം ചൈനയുടെ ബൂർഷ്വാ ജനാധിപത്യ വിപ്ളവത്തിൽ ഒരു മാററം സംഭവിച്ചു.

ഈ സംഭവങ്ങൾക്കു മുമ്പ് ചൈനീസ് ബൂർഷ്വാ ജനാധിപത്യ വിപ്ളവം പഴയതരം ബൂർഷ്വാ ജനാധിപത്യവിപ്ളവത്തിൻെറ വിഭാഗത്തിലാണു പെട്ടിരുന്നതു്. അതിൻെറ ഒരു ഭാഗമായിരുന്നു ചൈനയിലെ വിപ്ളവം.

ഈ സംഭവങ്ങൾക്കുശേഷം ചൈനീസ് ജനാധിപത്യവിപ്ളവത്തിന് മാററംവന്നു. അതു് ബൂർഷ്വാ ജനാധിപത്യവിപ്ളവങ്ങളുടെ പുതിയ വിഭാഗത്തിൽപെടുന്നതായിരിക്കും. വിപ്ളവശക്തികളുടെ വർഗ്ഗബന്ധങ്ങൾ വെച്ചുനോക്കുമ്പോൾ അതു് തൊഴിലാളിവർഗ്ഗ സോഷ്യലിസ്ററ് വിപ്ളവത്തിൻെറ ഭാഗമായിത്തീരുന്നു. എന്തുകൊണ്ട്? കാരണം ഒന്നാം സാമ്രാജ്യത്വ ലോകയുദ്ധവും, വിജയകരമായ ഒന്നാം സോഷ്യലിസ്ററുവിപ്ളവമായ ഒക്ടോബർ വിപ്ളവവും ലോകചരിത്രത്തിൻെറ ഗതിതന്നെ മാററിമറിച്ചു. ഒരു പുതിയ യുഗത്തിൻെറ പിറവി കുറിച്ചു.

ഭൂമിയുടെ ഒരു ഭാഗത്തു് (ലോകത്തിൻെറ ആറിലൊരു ഭാഗത്തു്) ലോകമുതലാളിത്തമുന്നണി തകർന്നുവീഴുകയും മററെല്ലായിടത്തും അതിൻെറ ജീർണ്ണത പൂർണ്ണമായും വെളിവാകുകയും ശേഷിക്കുന്ന മുതലാളിത്ത ഭാഗങ്ങൾക്ക് എന്നത്തേക്കാളുമധികം അധിനിവേശിത പ്രദേശങ്ങളേയും അർദ്ധഅധിനിവേശിതപ്രദേശങ്ങളേയും ആശ്രയിക്കാതെ നിലനില്ക്കാൻ സാധിക്കാതെവരികയും ഒരു സോഷ്യലിസ്റ്റു ഭരണകൂടം സ്ഥാപിക്കപ്പെടുകയും എല്ലാ അധിനിവേശിത രാജ്യങ്ങളിലേയും, അർദ്ധഅധിനിവേശിത രാജ്യങ്ങളിലേയും വിമോചനപ്രസ്ഥാനങ്ങൾക്ക് സജീവ പിന്തുണ നൽകാനുള്ള അതിൻെറ സന്നദ്ധത പ്രഖ്യാപിക്കുകയും മുതലാളിത്ത രാജ്യ

ങ്ങളിലെ തൊഴിലാളിവർഗം ഉറപ്പോടെ സോഷ്യൽ ഡമോക്രാററിക് കക്ഷികളുടെ സോഷ്യൽ സാമ്രാജ്യത്ത സ്വാധീനത്തിൽനിന്നു് സ്വയം മുക്തമായിക്കൊണ്ടിരിക്കുകയും അധിനിവേശിത രാജ്യങ്ങളിലേയും അർദ്ധ അധിനിവേശിത രാജ്യങ്ങളിലേയും വിമോചനപ്രസ്ഥാനങ്ങൾക്കു് അതിന്റെ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്ത ഒരു യുഗമാണിതു്. ഈ യുഗത്തിൽ സാമ്രാജ്യത്വത്തിനു് എതിരായ, അതായതു് സാർവ്വദേശീയ മുതലാളിവർഗത്തിനു് അഥവാ, സാർവ്വദേശീയ മുതലാളിത്തത്തിനു് എതിരായ, ഒരു അധിനിവേശിത രാജ്യത്തിലെയോ, അർദ്ധഅധിനിവേശിത രാജ്യത്തിലെയോ ഏതൊരു വിപ്ലവവും ബൂർഷ്വാ ജനാധിപത്യ ലോകവിപ്ലവത്തിന്റെ പഴയ വിഭാഗത്തിലല്ല പുതിയ വിഭാഗത്തിലാണു് ഉൾപ്പെടുന്നതു്. അതു് മേലിൽ പഴയ മുതലാളിവർഗ അഥവാ ബൂർഷ്വാ ലോകവിപ്ലവത്തിന്റെ ഭാഗമല്ല മറിച്ച്, പുതിയ ലോകവിപ്ലവത്തിന്റെ, തൊഴിലാളിവർഗ സോഷ്യലിസ്റ്റ് ലോകവിപ്ലവത്തിന്റെ ഭാഗമാണ്. ഇത്തരം വിപ്ലവ അധിനിവേശിത രാജ്യങ്ങളേയും അർദ്ധ അധിനിവേശിത രാജ്യങ്ങളേയും മേലിൽ ലോകമുതലാളിത്വത്തിന്റെ പ്രതിവിപ്ലവമുന്നണിയിലെ സഖ്യശക്തികളായി കണക്കാക്കാൻ കഴിയില്ല. അവ ലോകസോഷ്യലിസത്തിന്റെ വിപ്ലവമുന്നണിയിലെ സഖ്യശക്തികളായി തീർന്നിരിക്കുന്നു.

അധിനിവേശിതവും അർദ്ധഅധിനിവേശിതവുമായ ഒരു രാജ്യത്തിലെ ഇത്തരമൊരു വിപ്ളവം അതിന്റെ ഒന്നാമത്തെ ഘട്ടത്തിലൊ ആദ്യപടിയിലൊ അതിന്റെ സാമൂഹ്യസ്വഭാവത്തിൽ അപ്പോഴും അടിസ്ഥാനപരമായി ബൂർഷ്വാജനാധിപത്യപരമാണെങ്കിലും അതിന്റെ വസ്തുനിഷ്ഠമായ കടമ മുതലാളിത്തത്തിന്റെ വികാസത്തിനുള്ള പാതയൊരുക്കലാണെങ്കിലും ബൂർഷ്വാ സർവ്വാധിപത്യത്തിനുകീഴിൽ ഒരു മുതലാളിത്തസമൂഹവും ഭരണകൂടവും സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ മുതലാളിവർഗത്തിന്റെ നേതൃത്വത്തിലുള്ള പഴയതരത്തിലുള്ള ഒരു വിപ്ളവമല്ല. ഒന്നാംഘട്ടത്തിൽ ഇതു് എല്ലാ വിപ്ലവവർഗങ്ങളുടേയും സംയുക്തസർവ്വാധിപത്യത്തിനു കീഴിൽ ഒരു പുത്തൻ ജനാധിപത്യസമൂഹവും ഭരണകൂടവും സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിലുള്ള പുതിയതരം വിപ്ളവത്തിൽപെടുന്നതാണ്. അങ്ങനെ ഈ വിപ്ളവം യഥാർത്ഥത്തിൽ സോഷ്യലിസത്തിന്റെ വികാസത്തിനു് കുറേക്കൂടി വിശാലമായ പാതയൊരുക്കുകയെന്ന ഉദ്ദേശമാണു് നിർവ്വഹിക്കുന്നതു്. അതിന്റെ പുരോഗതിക്കിടയിൽ ശത്രുവിന്റെ ഭാഗത്തും നമ്മുടെ സഖ്യശക്തികളുടെ അണികൾക്കിടയിലും ഉള്ള മാററങ്ങൾ നിമിത്തം ഒട്ടേറെ ഉപഘട്ടങ്ങൾ ഉണ്ടാകാം. പക്ഷെ വിപ്ളവത്തിന്റെ അടിസ്ഥാനസ്വഭാവത്തിനു് മാററമുണ്ടാകുന്നില്ല.

ഇത്തരമൊരു വിപ്ളവം സാമ്രാജ്യത്വത്തിന്റെ കടയ്ക്കുതന്നെ കത്തിവയ്ക്കുന്നു. അതുകൊണ്ടു് സാമ്രാജ്യത്വം അതിനെ വച്ചുപൊറുപ്പിക്കുകയില്ല; എതിർക്കുകയാണു് ചെയ്യുന്നതു്. എന്നാൽ സോഷ്യലിസം അതിനെ അനുകൂലിക്കുകയും സോഷ്യലിസത്തിന്റെ നാടും സോഷ്യലിസ്റ്റ് സാർവ്വദേശീയ തൊഴിലാളിവർഗവും അതിനെ പിൻതുണക്കുകയും ചെയ്യുന്നു.

അതുകൊണ്ടു് ഇത്തരമൊരു വിപ്ളവം അനിവാര്യമായും തൊഴിലാളിവർഗ സോഷ്യലിസ്റ്റ് ലോകവിപ്ളവത്തിന്റെ ഭാഗമായിത്തീരുന്നു.

''ചൈനീസ് വിപ്ളവം ലോകവിപ്ലവത്തിൻെറ ഭാഗമാണ്.'' എന്ന ശരിയായ സിദ്ധാന്തം ചൈനയിലെ ഒന്നാമത്തെ മഹത്തായ വിപ്ലവ14ത്തിൻെറ കാലത്തു് (1924—27ൽ) തന്നെ മുന്നോട്ടുവെക്കുകയുണ്ടായി. ചൈനീസ് കമ്യൂണിസ്റ്റുകാർ അതു് മുന്നോട്ടുവെക്കുകയും, ആ സമയത്തു് സാമ്രാജ്യത്വ വിരുദ്ധ, നാടുവാഴിത്ത വിരുദ്ധസമരത്തിൽ പങ്കെടുക്കുന്നവരെല്ലാം അതു് അംഗീകരിക്കുകയും ചെയ്തു. എന്നിരുന്നാലും ആ കാലത്തു് ഈ സിദ്ധാന്തത്തിൻെറ പ്രാധാന്യം പൂർണ്ണമായും വിശദീകരിക്കപ്പെട്ടിരുന്നില്ല. തൽഫലമായി ഇതേക്കുറിച്ച് അവ്യക്തമായ ധാരണയേ ഉണ്ടായിരുന്നുള്ളു.

''ലോകവിപ്ളവം'' മേലിൽ പഴയ ലോകവിപ്ളവത്തെയല്ല സൂചിപ്പിക്കുന്നതു്. എന്തുകൊണ്ടെന്നാൽ പഴയ ബൂർഷ്വാ ലോകവിപ്ളവം പണ്ടേ ഒരു പഴഞ്ചൻ കാര്യമായിത്തീർന്നു. അതു് പുതിയ ലോകവിപ്ളവത്തെ, സോഷ്യലിസ്റ്റ് ലോകവിപ്ളവത്തെയാണ് സൂചിപ്പിക്കുന്നതു്. അതുപോലെ ''ഭാഗമാവുക'' എന്നതുകൊണ്ടു് പഴയ ബൂർഷ്വാ വിപ്ളവത്തിൻെറയല്ല, പുതിയ സോഷ്യലിസ്റ്റ് വിപ്ളവത്തിൻെറ ഭാഗമാവുക എന്നാണർത്ഥമാക്കുന്നതു്. ചൈനയിലേയും ലോകത്തിൻേറയും ചരിത്രത്തിലെ അതുല്യമായ വമ്പിച്ച മാററമാണിതു്.

ചൈനീസ് കമ്യൂണിസ്റ്റുകാർ മുന്നോട്ടുവച്ച ഈ ശരിയായ സിദ്ധാന്തം സ്റ്റാലിൻെറ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഒക്ടോബർ വിപ്ളവത്തിൻെറ ഒന്നാം വാർഷികാഘോഷ സ്മാരക ലേഖനത്തിൽ 1918—ൽ തന്നെ സ്റ്റാലിൻ എഴുതി: ''ഒക്ടോബർ വിപ്ലവത്തിൻെറ മഹത്തായ ലോകവ്യാപക പ്രാധാന്യം മുഖ്യമായും അടങ്ങിയിരിക്കുന്നതു് താഴെ പറയുന്ന വസ്തുതയിലാണ്.

1. അതു് ദേശീയ പ്രശ്നത്തിൻെറ വ്യാപ്തി വിപുലീകരിക്കുകയും അതിനെ യൂറോപ്പിലെ ദേശീയ മർദ്ദനത്തിനെതിരായി പോരാടുകയെന്ന പ്രത്യേക പ്രശ്നത്തിൽനിന്നു് മർദ്ദിത ജനതകളുടേയും അധിനിവേശിത രാജ്യങ്ങളുടേയും അർദ്ധ അധിനിവേശിതരാജ്യങ്ങളുടേയും സാമ്രാജ്യത്വത്തിൽനിന്നുള്ള മോചനത്തിൻെറ പൊതു പ്രശ്നമായി രൂപാന്തരപ്പെടുത്തുകയും ചെയ്തു.

2. അതവരുടെ മോചനത്തിനുള്ള വിപുലമായ സാദ്ധ്യതകളും അതിലേക്കുള്ള ശരിയായ പാതകളും തുറന്നിടുകയും ചെയ്തു. അങ്ങനെ പടിഞ്ഞാറും കിഴക്കുമുള്ള മർദ്ദിത ജനതകളുടെ മോചനലക്ഷ്യം കൂടുതൽ സുഗമമാവുകയും സാമ്രാജ്യത്വത്തിനെതിരായ വിജയകരമായ സമരത്തിൻെറ പൊതുപ്രവാഹത്തിലേക്കു് അവരെ കൊണ്ടുവരികയും ചെയ്തിരിക്കുന്നു.

3. പടിഞ്ഞാറൻ രാജ്യങ്ങളിലെ തൊഴിലാളികളിൽനിന്നു് തുടങ്ങി റഷ്യൻ വിപ്ളവത്തിലൂടെ കിഴക്കൻ രാജ്യങ്ങളിലെ മർദ്ദിത ജനതകൾ വരെയെത്തുന്ന വിപ്ളവങ്ങളുടെ പുതിയ ഒരു മുന്നണി ലോകസാമ്രാജ്യത്വത്തിനു് എതിരെ സൃഷ്ടിച്ചുകൊണ്ടു്, സോഷ്യലിസ്റ്റ് പടിഞ്ഞാറിനേയും അടിമത്വത്തിൽ കഴിയുന്ന കിഴക്കിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം ഇതു് പണിതുയർത്തി.''15

ഈ ലേഖനം എഴുതിയതിനുശേഷം അധിനിവേശിത രാജ്യങ്ങളിലേയും അർദ്ധ അധിനിവേശിത രാജ്യങ്ങളിലേയും വിപ്ളവങ്ങൾ പഴയ തരത്തിൽനിന്നു് വേറിട്ടുപോരുകയും തൊഴിലാളിവർഗ സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ ഭാഗമായി തീരുകയും ചെയ്തിരിക്കുന്നു എന്ന സിദ്ധാന്തം സ്റ്റാലിൻ വീണ്ടും വീണ്ടും വിശദീകരിച്ചിട്ടുണ്ടു്. ഏററവും വ്യക്തവും

ഏററവും കൃത്യവുമായ വിശദീകരണം നൽകിയതു് 1925 ജൂൺ 30 ന് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിലാണു്. അതിൽ സ്റ്റാലിൻ അന്നത്തെ യൂഗോസ്ലാവ് ദേശീയ വാദികളുമായി ഒരു വാദപ്രതിവാദം നടത്തി. ചാങ് ചുങ്–ഷി തർജ്ജമ ചെയ്യുകയും 'ദേശീയ പ്രശ്നത്തെക്കുറിച്ച് സ്റ്റാലിൻ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു പുസ്തകത്തിൽ 'ദേശീയ പ്രശ്നം ഒരിക്കൽക്കൂടി' എന്ന പേരിൽ അതു് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിൽ ഇങ്ങിനെ പറയുന്നു:

''1912 അവസാനത്തിൽ സ്റ്റാലിൻ എഴുതിയ 'മാർക്സിസവും ദേശീയപ്രശ്നവും'' എന്ന ലഘുലേഖയിലെ ഒരു ഭാഗത്തെയാണു് സെമീഷ് പരാമർശിക്കുന്നതു്. ''വളർന്നുവരുന്ന മുതലാളിത്വത്തിന്റെ സാഹചര്യങ്ങളിലെ ദേശീയ സമരം മുതലാളിവർഗങ്ങൾ തമ്മിൽ തമ്മിലുള്ള ഒരു സമരമാണു്''' എന്നു് അതിൽ പറയുന്നു. വ്യക്തമായും, ഇതു കൊണ്ടു് സെമീഷ് ശ്രമിക്കുന്നതു് ഇന്നത്തെ ചരിത്രപരമായ സാഹചര്യങ്ങളിൽ ദേശീയപ്രസ്ഥാനത്തിന്റെ സാമൂഹ്യപ്രാധാന്യത്തെ നിർവചിക്കുന്ന തന്റെ സിദ്ധാന്തം ശരിയാണെന്നു് ചൂണ്ടിക്കാണിക്കാനാണു്. പക്ഷെ, സ്റ്റാലിന്റെ ലഘുലേഖ, സാമ്രാജ്യത്വയുദ്ധത്തിനു മുമ്പാണു് എഴുതപ്പെട്ടതു്. അന്നു് മാർക്സിസ്റ്റുകാർ ദേശീയ പ്രശ്നത്തെ ആഗോള പ്രാധാന്യമുള്ള ഒരു പ്രശ്നമായി കണക്കാക്കി തുടങ്ങിയിട്ടില്ലായിരുന്നു. ആ സമയത്തു് സ്വയം നിർണ്ണയാവകാശത്തിനു് വേണ്ടിയുള്ള മാർക്സിസ്റ്റുകളുടെ അടിസ്ഥാനപരമായ ആവശ്യം തൊഴിലാളിവർഗവിപ്ളവത്തിന്റെ ഭാഗമായിട്ടില്ലായിരുന്നു. ബൂർഷ്വാ ജനാധിപത്യവിപ്ളവത്തിന്റെ ഭാഗമായി കണക്കാക്കിയിരുന്ന ഒരു സമയത്താണു് അതു് എഴുതപ്പെട്ടതു്. അതിനുശേഷം സാർവ്വദേശീയസ്ഥിതി സമൂലം മാറിയെന്നും, ഒരു വശത്തു് യുദ്ധവും മറുവശത്തു് ഒക്ടോബർ വിപ്ളവവും ദേശീയപ്രശ്നത്തെ ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിന്റെ ഒരു ഭാഗം എന്നുള്ളതിൽനിന്നു് തൊഴിലാളിവർഗ സോഷ്യലിസ്റ്റ് വിപ്ളവത്തിന്റെ ഭാഗമായി രൂപാന്തരപ്പെടുത്തിയെന്നും കാണാതിരിക്കുന്നതു് പരിഹാസ്യമായിരിക്കും. 1916–ൽ തന്നെ ''സ്വയം നിർണ്ണയത്തെ സംബന്ധിച്ച ചർച്ചയുടെ സംഗ്രഹം'' എന്ന തന്റെ ലേഖനത്തിൽ ലെനിൻ ദേശീയ പ്രശ്നത്തിലെ മുഖ്യകാര്യമായ സ്വയം നിർണ്ണയാവകാശം പൊതുവിലുള്ള ജനാധിപത്യപ്രസ്ഥാനത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു എന്നും അതു് പൊതുവിലുള്ള തൊഴിലാളിവർഗ സോഷ്യലിസ്റ്റ് വിപ്ളവത്തിന്റെ ഒരു ഘടകമായിത്തീർന്നിരിക്കുന്നു എന്നും പറഞ്ഞു. ദേശീയപ്രശ്നത്തെ സംബന്ധിച്ച ലെനിന്റേയും റഷ്യൻ കമ്യൂണിസത്തിന്റെ മററു പ്രതിനിധികളുടേയും കൃതികൾ ഞാൻ സൂചിപ്പിക്കുന്നുപോലുമില്ല. ഇതിനെല്ലാം ശേഷം റഷ്യയിലെ ബൂർഷ്വാ ജനാധിപത്യവിപ്ളവത്തിന്റെ കാലത്തു് സ്റ്റാലിൻ എഴുതിയ ലഘുലേഖയിലെ ഭാഗത്തെ പരാമർശിക്കുന്നതിനു് പുതിയ ചരിത്ര സാഹചര്യങ്ങളുടെ ഫലമായി, ഒരു പുതിയ യുഗത്തിൽ, തൊഴിലാളിവർഗ വിപ്ളവത്തിന്റെ യുഗത്തിൽ, നാം പ്രവേശിച്ചിട്ടുള്ള ഇന്നു് എന്തു് പ്രാധാന്യമാണുണ്ടാവുക? സ്ഥലകാല ബന്ധമില്ലാതെയും നിലവിലുള്ള ചരിത്രസാഹചര്യവുമായി ബന്ധപ്പെടുത്താതെയും ആണു് സെമീഷ് ഉദ്ധരിക്കുന്നതു്. അങ്ങനെ വൈരുദ്ധ്യശാസ്ത്രത്തിന്റെ ഏററവും പ്രാഥമിക പാഠങ്ങളെപോലും ലംഘിക്കുകയും, ഒരു ചരിത്രസാഹചര്യത്തിൽ ശരിയായിട്ടുള്ളതു്, മറെറാരു ചരിത്രസാഹചര്യത്തിൽ തെററായിത്തീരും. എന്ന വസ്തുതയെ അവഗണിക്കുകയും ചെയ്യുന്നു എന്നുമാത്രമെ അതു് വ്യക്തമാക്കുന്നുള്ളു.16''

ഇതിൽനിന്നു് രണ്ടുതരം ലോകവിപ്ലവം ഉണ്ടെന്നു് കാണാൻ കഴിയും. ആദ്യത്തേതു് ബൂർഷ്വാ അഥവാ മുതലാളിത്ത വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇത്തരം ലോകവിപ്ലവത്തിൻെറ യുഗം പണ്ടേ കഴിഞ്ഞു. ഒന്നാം സാമ്രാജ്യത്വ ലോകയുദ്ധം പൊട്ടിപ്പുറപ്പെട്ട 1914 ൽ തന്നെ, കുറേക്കൂടി കൃത്യമായി പറഞ്ഞാൽ ഒക്ടോബർ വിപ്ലവം നടന്ന 1917–ൽ, ആ യുഗം അവസാനിച്ചു. രണ്ടാമത്തേതു്, അതായതു് തൊഴിലാളിവർഗ്ഗ–സോഷ്യലിസ്റ്റ് ലോകവിപ്ലവം അപ്പോൾ മുതൽ ആരംഭിച്ചു. ഈ വിപ്ളവത്തിൻെറ മുഖ്യശക്തി മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗവും അതിൻെറ സഖ്യശക്തികൾ, അധിനിവേശിത രാജ്യങ്ങളിലേയും അർദ്ധ അധിനിവേശിത രാജ്യങ്ങളിലേയും മർദ്ദിത ജനതകളുമാണു്. ഈ വിപ്ളവത്തിൽ ചേരുന്നതു്. മർദ്ദിത രാഷ്ട്രീയത്തിലെ ഏതു വർഗ്ഗങ്ങളോ, പാർട്ടികളോ, വ്യക്തികളോ ആയിക്കൊള്ളട്ടെ, അവർ സ്വയം അതേക്കുറിച്ചു ബോധവാന്മാരായാലുമില്ലെങ്കിലും മനസ്സിലാക്കിയാലുമില്ലെങ്കിലും, സാമ്രാജ്യത്വത്തെ എതിർക്കുന്നിടത്തോളം കാലം അവരുടെ വിപ്ളവം തൊഴിലാളിവർഗ്ഗ സോഷ്യലിസ്റ്റ് ലോക വിപ്ളവത്തിൻെറ ഭാഗമായിത്തീരുകയും അവർ അതിൻെറ സഖ്യശക്തികളായിത്തീരുകയും ചെയ്യുന്നു.

ഇന്നു്, ചൈനീസ് വിപ്ളവം കുറേക്കൂടി വലിയ പ്രാധാന്യം ആർജ്ജിച്ചിട്ടുണ്ടു്. മുതലാളിത്വത്തിൻെറ രാഷ്ട്രീയവും സാമ്പത്തികവും ആയ പ്രതിസന്ധികൾ, ലോകത്തെ രണ്ടാം ലോകയുദ്ധത്തിലേക്കു് കൂടുതൽ കൂടുതൽ ആഴത്തിൽ വലിച്ചിഴച്ചുകൊണ്ടിരിക്കുന്ന കാലമാണിതു്. സോവിയററു യൂണിയൻ സോഷ്യലിസത്തിൽനിന്നു് കമ്യൂണിസത്തിലേയുള്ള പരിവർത്തനഘട്ടത്തിൽ എത്തിച്ചേരുകയും സാമ്രാജ്യത്വ യുദ്ധത്തിനും മുതലാളിത്ത പിന്തിരിപ്പത്വത്തിനും എതിരായി പോരാടാൻ മുഴുവൻ ലോകത്തിലേയും തൊഴിലാളി വർഗ്ഗത്തേയും മർദ്ദിത രാഷ്ട്രങ്ങളേയും നയിക്കാനും സഹായിക്കാനും കഴിവുള്ളതായിത്തീരുകയും ചെയ്തിരിക്കുന്നു. മുതലാളിത്തരാജ്യങ്ങളിലെ, തൊഴിലാളിവർഗ്ഗം മുതലാളിത്വത്തെ മറിച്ചിടാനും സോഷ്യലിസം സ്ഥാപിക്കാനും തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ചൈനയിലെ തൊഴിലാളി വർഗ്ഗവും കർഷകജനതയും ബുദ്ധിജീവികളും പെററിബൂർഷ്വാസിയിലെ മററു വിഭാഗങ്ങളും ശക്തമായ ഒരു സ്വതന്ത്ര രാഷ്ട്രീയ ശക്തിയായി തീർന്നിരിക്കുന്ന ഒരു സമയമാണിതു്. ഇത്തരമൊരു കാലഘട്ടത്തിൽ നില്ക്കുന്ന നാം ചൈനീസ് വിപ്ളവം കൂടുതൽ വമ്പിച്ച ലോകപ്രാധാന്യം കൈവരിച്ചിരിക്കുന്നു എന്ന വിലയിരുത്തൽ നടത്തേണ്ടതല്ലെ? വേണ്ടതാണെന്നു് ഞാൻ കരുതുന്നു. ചൈനീസ് വിപ്ലവം ലോകവിപ്ളവത്തിൻെറ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമായിത്തീർന്നിരിക്കുന്നു.

ചൈനീസ് വിപ്ളവം ഈ ഒന്നാം ഘട്ടത്തിൽ (അനേകം ഉപഘട്ടങ്ങളോടെ) അതിൻെറ സാമൂഹ്യസ്വഭാവത്തിൽ ഒരു പുതിയതരം ബൂർഷ്വാ ജനാധിപത്യവിപ്ളവമായിരിക്കുകയും അതിനിയും സ്വയമൊരു തൊഴിലാളിവർഗ്ഗ സോഷ്യലിസ്റ്റ് വിപ്ളവം ആകാതിരിക്കുകയുമാണെങ്കിലും അതു്, തൊഴിലാളിവർഗ്ഗ സോഷ്യലിസ്റ്റ് ലോകവിപ്ളവത്തിൻെറ ഒരു ഭാഗമായിട്ടു് കാലമേറെയായി. ഇപ്പോൾ അതു് ഈ ലോകവിപ്ളവത്തിൻെറ വളരെ പ്രധാനപ്പെട്ട ഒരുഭാഗവും ഒരു മഹത്തായ സഖ്യശക്തിയുമാണു്. നമ്മുടെ വിപ്ളവത്തിലെ ഒന്നാമത്തെ ചുവടുവെയ്പ്പ് അഥവാ ഘട്ടം നിശ്ചയമായും, ചൈനീസ് മുതലാളിവർഗ്ഗ സർവ്വാധിപത്യത്തിൻ കീഴിലുള്ള ഒരു മുതലാളിത്ത സമൂഹം സ്ഥാപിക്കലല്ല, അതങ്ങിനെ ആകാൻ കഴിയുകയുമില്ല. നേരെ മറിച്ചു് ചൈനീസ് തൊഴിലാളി വർഗ്ഗ

ത്തിന്റെ നേതൃത്വത്തിൽ ചൈനയിലെ എല്ലാ വിപ്ളവ വർഗ്ഗങ്ങളുടെയും സംയുക്ത സർവ്വാധിപത്യത്തിൻ കീഴിൽ ഒരു പുത്തൻ ജനാധിപത്യ സമൂഹം സ്ഥാപിക്കലായിരിക്കും. പിന്നെ വിപ്ളവം രണ്ടാം ഘട്ടത്തിലേക്ക് മുന്നേറും. ആ ഘട്ടത്തിൽ ചൈനയിൽ ഒരു സോഷ്യലിസ്റ്റ് സമൂഹം സ്ഥാപിക്കപ്പെടും.

ഇതാണ് ഇന്നത്തെ ചൈനീസ് വിപ്ളവത്തിന്റെ, കഴിഞ്ഞ 20 വർഷത്തെ (1919 ലെ മേയ് 4 പ്രസ്ഥാനം മുതൽ കണക്കാക്കുമ്പോൾ) പുതിയ വിപ്ളവ പ്രക്രിയയുടെ മൗലിക സ്വഭാവ വിശേഷം; അതിന്റെ സമൂർത്തവും സജീവവുമായ അന്ത:സത്ത.

## 5. പുത്തൻ ജനാധിപത്യത്തിന്റെ രാഷ്ട്രീയം

ചൈനീസ് വിപ്ലവത്തിന്റെ ചരിത്രപരമായ പുതിയ സവിശേഷത, രണ്ടു ഘട്ടങ്ങളായുള്ള അതിന്റെ വിഭജനമാണ്. അതിൽ ഒന്നാമത്തേതു് പുത്തൻ ജനാധിപത്യവിപ്ളവമാണ്. ആഭ്യന്തര—രാഷ്ട്രീയ—സാമ്പത്തികബന്ധങ്ങളിൽ ഇതെങ്ങിനെയാണ് സമൂർത്തമായി സ്വയം പ്രകടിതമാവുന്നതു്? ഈ പ്രശ്നം നമുക്ക പരിശോധിക്കാം.

1919—ലെ മെയ് 4 പ്രസ്ഥാനത്തിനു മുമ്പ് (1914—ലെ ഒന്നാം ലോകസാമ്രാജ്യത്വയുദ്ധത്തിനും 1917—ലെ ഒക്ടോബർ വിപ്ളവത്തിനും ശേഷമാണതു നടന്നതു്) പെററി ബൂർഷ്വാസിയും മുതലാളി വർഗ്ഗവുമായിരുന്നു (അവരുടെ ബുദ്ധിജീവികളിലൂടെ) ബൂർഷ്വാ ജനാധിപത്യ വിപ്ളവത്തിന്റെ രാഷ്ട്രീയ നേതാക്കന്മാർ. ചൈനീസ് തൊഴിലാളി വർഗ്ഗം അപ്പോഴും പ്രബുദ്ധരും സ്വതന്ത്രരുമായ ഒരു വർഗ്ഗമായി രാഷ്ട്രീയ രംഗത്തു് പ്രത്യക്ഷപ്പെട്ടിരുന്നില്ല. പെററി ബൂർഷ്വാസിയുടേയും മുതലാളിവർഗ്ഗത്തിന്റെയും ഒരനുയായി എന്ന നിലയിൽ മാത്രം വിപ്ളവത്തിൽ പങ്കെടുക്കുകയാണു ചെയ്തതു്. 1911—ലെ വിപ്ളവത്തിന്റെ സമയത്തു് തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി ഇതായിരുന്നു.

മെയ് 4 പ്രസ്ഥാനത്തിനുശേഷം ദേശീയ മുതലാളിവർഗ്ഗം വിപ്ലവത്തിൽ പങ്കെടുക്കുന്നതു് തുടർന്നുവെങ്കിലും ചൈനയിലെ ബൂർഷ്വാ ജനാധിപത്യവിപ്ളവത്തിന്റെ രാഷ്ട്രീയ നേതാവ് മുതലാളിവർഗ്ഗമല്ലാതാവുകയും തൊഴിലാളിവർഗ്ഗമാവുകയും ചെയ്തു. ചൈനീസ് തൊഴിലാളിവർഗ്ഗം അതിന്റെ പക്വതയുടേയും റഷ്യൻ വിപ്ളവത്തിന്റെ സ്വാധീനത്തിന്റെയും ഫലമായി അതിവേഗം പ്രബുദ്ധവും സ്വതന്ത്രവും ആയ രാഷ്ട്രീയശക്തിയായിത്തീർന്നു. 'സാമ്രാജ്യത്വം തുലയട്ടെ' എന്ന മുദ്രാവാക്യവും മുഴുവൻ ബൂർഷ്വാ ജനാധിപത്യ വിപ്ളവത്തിനുമുള്ള സമൂല പരിപാടിയും മുന്നോട്ടുവെച്ചതു് ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയായിരുന്നു. ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി മാത്രമാണ് കാർഷികവിപ്ളവം നടത്തിയതു്.

അധിനിവേശിതവും അർദ്ധഅധിനിവേശിതവുമായ ഒരു രാജ്യത്തിലെ മുതലാളിവർഗ്ഗം എന്ന നിലക്കും സാമ്രാജ്യത്വത്താൽ അടിച്ചമർത്തപ്പെടുന്നു എന്നതുകൊണ്ടും ചൈനീസ് ദേശീയ മുതലാളിവർഗ്ഗം വിദേശ സാമ്രാജ്യത്വ ശക്തികളോടും, ഉദ്യോഗസ്ഥമേധാവികളുടേയും യുദ്ധപ്രഭുക്കളുടേതുമായ ആഭ്യന്തരസർക്കാരോടുമുള്ള അതിന്റെ എതിർപ്പിൽ (രണ്ടാമതു പറഞ്ഞവരോടുള്ള അതിന്റെ എതിർപ്പിന്റെ ദൃഷ്ടാന്തങ്ങളാം 1911—ലെ

വിപ്ളവത്തിന്റെയും വടക്കൻ ആക്രമണ പര്യടനത്തിന്റെയും കാലഘട്ട ങ്ങളിൽ കാണാവുന്നതാണ്.) ചില കാലഘട്ടങ്ങളിൽ ഒരു പരിധിവരെ —സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിൽപോലും—ഒരു പ്രത്യേക വിപ്ലവഗുണം നിലനിർത്തുന്നുണ്ട്. എതിർക്കാൻ അതു് തയ്യാറാണെന്നതുപോലെ, ഇത്തരം ശത്രുക്കൾക്കെതിരായി അതു് തൊഴിലാളിവർഗ്ഗവും പെററി ബൂർഷ്വാസിയുമായി സ്വയം കൂട്ടുകൂടുകയും ചെയ്യാനിടയുണ്ട്. ഇക്കാര്യത്തിൽ ചൈനീസ് മുതലാളിവർഗ്ഗം പഴയ സാറിസ്റ്റ് റഷ്യയിലെ മുതലാളിവർഗ്ഗത്തിൽനിന്നു വ്യത്യസ്തമാണ്. സാറിസ്റ്റ് റഷ്യ മററു രാജ്യങ്ങൾക്കെതിരായി ആക്രമണം നടത്തിയിരുന്ന ഒരു സൈനിക—നാടുവാഴിത്ത സാമ്രാജ്യത്വമായിരുന്നതുകൊണ്ട് റഷ്യൻ മുതലാളിവർഗ്ഗത്തിൽ വിപ്ളവഗുണം ഒട്ടുംതന്നെയുണ്ടായിരുന്നില്ല. അവിടെ തൊഴിലാളിവർഗ്ഗത്തിന്റെ കടമ മുതലാളിവർഗ്ഗത്തെ എതിർക്കുക എന്നതായിരുന്നു. അതുമായി ഒന്നിക്കുക എന്നതായിരുന്നില്ല. പക്ഷെ ചൈനയിലെ ദേശീയ മുതലാളിവർഗ്ഗത്തിനു് ചില കാലഘട്ടങ്ങളിൽ ഒരു പരിധിവരെ വിപ്ളവഗുണമുണ്ട്. എന്തുകൊണ്ടെന്നാൽ ചൈന ആക്രമണത്തിനിരയായ ഒരു അധിനിവേശിതവും അർദ്ധഅധിനിവേശിതവുമായ രാജ്യമാണ്. ഇവിടെ തൊഴിലാളിവർഗ്ഗത്തിന്റെ കടമ, സാമ്രാജ്യത്വത്തിനും ഉദ്യോഗസ്ഥമേധാവികളുടേതും യുദ്ധപ്രഭുക്കളുടേതുമായ സർക്കാരുകൾക്കുമെതിരായി, ദേശീയ മുതലാളിവർഗ്ഗവുമായി, അതിന്റെ വിപ്ളവഗുണത്തെ അവഗണിക്കാതെ, ഒരു ഐക്യമുന്നണി രൂപീകരിക്കുക എന്നതാണ്.

എന്നിരുന്നാലും, അതേസമയംതന്നെ, ഒരു അധിനിവേശിത—അർദ്ധ അധിനിവേശിത രാജ്യത്തിലെ മുതലാളിവർഗ്ഗം എന്ന നിലയ്ക്കും, അതുകൊണ്ടുതന്നെ രാഷ്ട്രീയവും സാമ്പത്തികവുമായി അങ്ങേയററം ദുർബലരാണെന്നതുകൊണ്ടും ചൈനീസ് ദേശീയ മുതലാളിവർഗ്ഗത്തിനു് മറെറാരു സ്വഭാവവിശേഷം കൂടിയുണ്ട്. അതായതു് വിപ്ളവത്തിന്റെ ശത്രുക്കളുമായി ഒത്തുതീർപ്പിനുള്ള ആഭിമുഖ്യം. വിപ്ളവത്തിൽ പങ്കെടുക്കുമ്പോൾപോലും ഇക്കൂട്ടർ സാമ്രാജ്യത്വവുമായി പൂർണ്ണമായി ബന്ധം വിടർത്താൻ തയ്യാറല്ല. മാത്രമല്ല, ഗ്രാമപ്രദേശങ്ങളിൽ പാട്ടംവഴി നടക്കുന്ന ചൂഷണവുമായി അതിനു ബന്ധമുണ്ട്. അങ്ങിനെ സാമ്രാജ്യത്വത്തെ പരിപൂർണ്ണമായും കടപുഴക്കിയെറിയാൻ അതു് തയ്യാറാവുകയോ അതിനു് കഴിയുകയോ ഇല്ല. പിന്നെയല്ലേ നാടുവാഴിത്തശക്തികളെ തുത്തെറിയുന്ന കാര്യം. അതുകൊണ്ട് ചൈനയിലെ ബൂർഷ്വാ ജനാധിപത്യവിപ്ളവത്തിന്റെ രണ്ടടിസ്ഥാനപ്രശ്നങ്ങളിൽ, അഥവാ കടമകളിൽ ഒന്നുംതന്നെ പരിഹരിക്കാനോ, പൂർത്തിയാക്കാനോ ദേശീയ മുതലാളിവർഗ്ഗത്തിനു് കഴിയുകയില്ല. കുമിന്താങ്ങ് പ്രതിനിധാനം ചെയ്യുന്ന ചൈനയിലെ വൻകിട മുതലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം 1927 മുതൽ 1937 വരെയുള്ള നീണ്ട കാലഘട്ടം മുഴവനും അതു് വിപ്ളവജനതയ്ക്കെതിരായി സാമ്രാജ്യത്വശക്തികളുടെ കൈയിൽ പററിച്ചേർന്നിരിക്കുകയും നാടുവാഴിത്തശക്തികളുമായി സഖ്യം സ്ഥാപിക്കുകയും ചെയ്തു. 1927—ലും അതിനുശേഷം കുറച്ചുകാലവും ചൈനീസ് ദേശീയ മുതലാളിവർഗ്ഗം പ്രതിവിപ്ളവത്തിന്റെ പിന്നാലെ പോയി. ഇപ്പോഴത്തെ ജാപ്പനീസ് വിരുദ്ധയുദ്ധത്തിൽ, വാങ്—ചിങ്—വെ 17 പ്രതിനിധാനം ചെയ്യുന്ന വൻകിട മുതലാളിവർഗ്ഗത്തിലെ ഒരുവിഭാഗം ശത്രുവിനു് കീഴടങ്ങിയിട്ടുണ്ട്. ഇതു് വൻകിട മുതലാളിവർഗ്ഗത്തിന്റെ ഭാഗത്തുനിന്നുള്ള പുതിയൊരു വഞ്ചനയാണ്. അപ്പോൾ ഈ കാര്യത്തിൽ ചൈനയിലെ മുതലാളിവർഗ്ഗം യൂറോപ്യൻ-അമേരിക്കൻ രാജ്യങ്ങളിലെ പ്രത്യേകിച്ചും ഫ്രാൻസിലെ ആദ്യകാല മുതലാളിവർഗ്ഗത്തിൽനിന്നും വ്യത്യസ്തമാണ്. ആ രാജ്യങ്ങ

ളിലെ പ്രത്യേകിച്ചും ഫ്രാൻസിലെ മുതലാളിവർഗ്ഗം അതിന്റെ വിപ്ളവ കാലഘട്ടത്തിൽതന്നെ ആയിരുന്നപ്പോഠം മുതലാളിവർഗ്ഗവിപ്ളവം താരതമ്യേന പൂർണ്ണമായിരുന്നു. അതേസമയം ചൈനയിലെ മുതലാളിവർഗ്ഗത്തിനു് ഈ പൂർണ്ണതപോലുമില്ല.

ഒരുവശത്തു് വിപ്ളവത്തിൽ പങ്കെടുക്കാനുള്ള സാദ്ധ്യതയും, മറുവശത്തു് വിപ്ളവത്തിന്റെ ശത്രുക്കളുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിനുള്ള പ്രവണതയും; ഇതാണു് ചൈനീസ് മുതലാളിവർഗത്തിന്റെ ഇരട്ട സ്വഭാവം. അതു് രണ്ടുവശത്തേക്കും തിരിയുന്നു. യൂറോപ്യൻ ചരിത്രത്തിലേയും അമേരിക്കൻ ചരിത്രത്തിലേയും മുതലാളിവർഗത്തിനുപോലും ഈ ഇരട്ടസ്വഭാവമുണ്ടായിരുന്നു. അതിശക്തരായ ഒരു ശത്രുവിനെ നേരിട്ടപ്പോഠം അവർ അതിനെതിരായി തൊഴിലാളികളും കർഷകരുമായി ഒന്നിച്ചു. പക്ഷെ തൊഴിലാളികളും കർഷകരും ഉണർന്നെണീററപ്പോഠം അവർ കർഷകർക്കും തൊഴിലാളികഠക്കും എതിരായി ശത്രുവുമായി ഒന്നിക്കുവാനായി പുറംതിരിഞ്ഞു. ഇതു് ലോകത്തിലെങ്ങുമുള്ള മുതലാളിവർഗത്തിനു് ബാധകമായ ഒരു സാമാന്യനിയമമാണു്. പക്ഷെ, ചൈനീസ് മുതലാളിവർഗത്തിൽ ഈ സ്വഭാവവിശേഷം കുറെക്കൂടി പ്രകടമാണു്.

ചൈനയിൽ, സാമ്രാജ്യത്വത്തേയും നാടുവാഴിത്തത്തിന്റെ ശക്തികളേയും മറിച്ചിടുന്നതിൽ ജനങ്ങളെ നയിക്കുന്നതു് ആരായിരുന്നാലും അവർക്കു് ജനങ്ങളുടെ വിശ്വാസം നേടാൻ കഴിയുമെന്നതു് തികച്ചും വ്യക്തമാണു്. കാരണം ഇവ രണ്ടും, പ്രത്യേകിച്ചും സാമ്രാജ്യത്വം ജനങ്ങളുടെ ഏററവും അപകടകാരികളായ ശത്രുക്കളാണു്. ഇന്നു് ജാപ്പനീസ് സാമ്രാജ്യത്വത്തെ തുരത്തുന്നതിലും ജനാധിപത്യ ഗവൺമെൻറ് സ്ഥാപിക്കുന്നതിലും ജനങ്ങളെ നയിക്കാൻ കഴിയുന്നതു് ആർക്കാണോ അവരായിരിക്കും ജനങ്ങളുടെ രക്ഷകർ. ചൈനീസ് മുതലാളിവർഗ്ഗത്തിനു് ഈ ഉത്തരവാദിത്വം നിർവഹിക്കാൻ കഴിയില്ലെന്നു് ചരിത്രം തെളിയിച്ചിട്ടുണ്ടു്. ആ ഉത്തരവാദിത്വം അനിവാര്യമായും തൊഴിലാളി വർഗ്ഗത്തിന്റെ ചുമലിലാണു് പതിക്കുന്നതു്.

അതുകൊണ്ടു് ചൈനയുടെ ഭാഗധേയം നിർണ്ണയിക്കുന്ന അടിസ്ഥാനശക്തികഠ നിസ്സംശയമായും തൊഴിലാളിവർഗ്ഗവും കർഷക ജനതയും ബുദ്ധിജീവികളും പെററി ബൂർഷ്വാസിയിലെ മററു വിഭാഗവും ചേർന്നതാണു്. ഉണർന്നുകഴിഞ്ഞവരേയും ഉണരുന്ന പ്രക്രിയയിലൂടെ കടന്നുപോകുന്നവരേയും ഉഠക്കൊള്ളുന്ന ഈ വർഗ്ഗങ്ങഠ അനിവാര്യമായും തൊഴിലാളിവർഗ്ഗം നേതൃത്വശക്തിയായിക്കൊണ്ടുള്ള ചൈനയുടെ ജനാധിപത്യ റിപ്പബ്ളിക്കിലെ ഭരണകൂടത്തിന്റെയും സർക്കാർ ഘടനയുടേയും അടിസ്ഥാനഘടകങ്ങളായിത്തീരും. നാമിപ്പോഠം സ്ഥാപിക്കാനാഗ്രഹിക്കുന്ന ചൈനീസ് ജനാധിപത്യ റിപ്പബ്ലിക് തൊഴിലാളിവർഗ്ഗത്താൽ നയിക്കപ്പെടുന്ന എല്ലാ സാമ്രാജ്യത്വ വിരുദ്ധ നാടുവാഴിത്ത വിരുദ്ധ ജനങ്ങളുടേയും സംയുക്ത സർവ്വാധിപത്യത്തിൻ കീഴിലുള്ള ഒരു ജനാധിപത്യ റിപ്പബ്ലിക് ആയിരിക്കണം. അയായതു്, ഒരു പുത്തൻ ജനാധിപത്യ റിപ്പബ്ലിക്. യഥാർത്ഥത്തിൽ വിപ്ലവപരമായ മൂന്നു ജനകീയതത്വങ്ങളും അതോടൊപ്പം അവയുടെ മൂന്നു മഹത്തായ നയങ്ങളുമുള്ള18 ഒരു റിപ്പബ്ലിക്ക്.

ഈ പുത്തൻ ജനാധിപത്യ റിപ്പബ്ലിക്, പഴയ ജനാധിപത്യ രൂപമുള്ളതും കാലഹരണം വന്നുകഴിഞ്ഞതുമായ പഴയ യൂറോപ്യൻ—അമേരിക്കൻ രൂപത്തിലുള്ള, മുതലാളിവർഗ്ഗ സർവ്വാധിപത്യത്തിൻ കീഴിലുള്ള, മുതലാളിത്ത റിപ്പബ്ലിക്കിൽനിന്നു് ഭിന്നമായിരിക്കും. എന്നാൽ സോവി

യററ് യൂണിയനിൽ തളച്ചുവളരുന്ന തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻ കീഴിലുള്ള സോഷ്യലിസ്റ്റ് മാതൃകയിലുള്ള റിപ്പബ്ലിക്കിൽനിന്നും അതു് വ്യത്യസ്തമായിരിക്കും. ഇത്തരം സോഷ്യലിസ്റ്റ് റിപ്പബ്ലിക് എല്ലാ മുതലാളിത്ത രാജ്യങ്ങളിലും സ്ഥാപിക്കപ്പെടും; എന്നുമാത്രമല്ല നിസ്സംശയമായും വ്യാവസായികമായി പുരോഗതി പ്രാപിച്ച എല്ലാ രാജ്യങ്ങളിലും ഭരണകൂടത്തിൻെറയും സർക്കാർ ഘടനയുടേയും പ്രമുഖ രൂപമായിത്തീരുകയും ചെയ്യും. എന്നിരുന്നാലും നിർദ്ദിഷ്ട ചരിത്രകാലഘട്ടത്തിൽ അധിനിവേശിതവും അർദ്ധ അധിനിവേശിതവുമായ രാജ്യങ്ങളിലെ വിപ്ളവങ്ങൾക്ക് ഈ രൂപം അനുയോജ്യമല്ല, അതുകൊണ്ട് ഈ കാലഘട്ടത്തിൽ, എല്ലാ അധിനിവേശിത അർദ്ധ അധിനിവേശിത രാജ്യങ്ങളിലേയും വിപ്ളവങ്ങളിൽ മൂന്നാമതൊരു ഭരണകൂട രൂപം സ്വീകരിക്കേണ്ടതുണ്ട്. അതായതു് പുത്തൻ ജനാധിപത്യ റിപ്പബ്ലിക്ക്. ഈ രൂപം ഒരു നിർദ്ദിഷ്ട ചരിത്ര കാലഘട്ടത്തിനു് ചേർന്നതാണ്. അതുകൊണ്ട് താല്കാലികമാണ്. എന്നിരുന്നാലും അതു് അത്യാവശ്യവും ഒഴിവാക്കാൻ പററാത്തതുമായ ഒന്നാണ്.

അങ്ങിനെ ലോകത്തിലുള്ള അനേകതരം ഭരണകൂട വ്യവസ്ഥകളെ അവയുടെ രാഷ്ട്രീയാധികാരത്തിൻെറ വർഗ്ഗസ്വഭാവമനുസരിച്ച് അടിസ്ഥാനപരമായി മൂന്നു തരങ്ങളായി ചുരുക്കാം.

I. ബൂർഷ്വാ സർവ്വാധിപത്യത്തിൻ കീഴിലുള്ള റിപ്പബ്ലിക്കുകൾ.

II. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻകീഴിലുള്ള റിപ്പബ്ലിക്കുകൾ

III. പല വിപ്ലവവർഗ്ഗങ്ങളുടേയും സംയുക്ത സർവ്വാധിപത്യത്തിൻ കീഴിലുള്ള റിപ്പബ്ലിക്കുകൾ.

ഒന്നാമത്തെ വിഭാഗത്തിൽ പഴയ ജനാധിപത്യ ഭരണകൂടങ്ങൾ ഉൾപ്പെടുന്നു. ഇന്നു്, രണ്ടാം സാമ്രാജ്യത്വയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം, ഒട്ടനവധി മുതലാളിത്ത രാജ്യങ്ങളിലും ജനാധിപത്യത്തിൻെറ ഒരു കണികപോലുമില്ല. അവ മുതലാളിവർഗ്ഗത്തിൻെറ രക്തരൂക്ഷിത സൈനിക സ്വേച്ഛാധിപത്യത്തിൻ കീഴിലാവുകയോ ആയിക്കൊണ്ടിരിക്കുകയോ ആണ്. ജന്മിമാരുടേയും മുതലാളിവർഗ്ഗത്തിൻേറയും സംയുക്ത സർവ്വാധിപത്യത്തിൻ കീഴിലുള്ള ചില രാജ്യങ്ങളേയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താം.

രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നതാണ് സോവിയററ് യൂണിയനിൽ നിലനില്ക്കുന്ന ഭരണകൂടവ്യവസ്ഥ. മുതലാളിത്ത രാജ്യങ്ങളിൽ അത്തരം ഭരണകൂടങ്ങൾ ജന്മമെടുക്കുന്നതിനുള്ള സാഹചര്യങ്ങൾ പക്വമായിക്കൊണ്ടിരിക്കുകയാണ്. ഭാവിയിൽ ലോകത്തെമ്പാടും ഒരു നിശ്ചിത കാലയളവുവരെ അതായിരിക്കും മേധാവിത്വം വഹിക്കുന്നതു്.

മൂന്നാമത്തെ വിഭാഗം, അധിനിവേശിത അർദ്ധ അധിനിവേശിത രാജ്യങ്ങളിലെ വിപ്ലവങ്ങളിൽ സ്വീകരിക്കേണ്ടതായ ഭരണകൂടത്തിൻെറ പരിവർത്തനഘട്ടരൂപമാണ്. ഈ വിപ്ലവങ്ങളിൽ ഓരോന്നിനും അനിവാര്യമായും അതിൻെറ തനതായ പ്രത്യേക സ്വഭാവവിശേഷങ്ങൾ ഉണ്ടായിരിക്കും. പക്ഷെ, ഇവ ഒരു പൊതു അടിസ്ഥാനത്തിൻ മേലുള്ള ചെറിയ വ്യത്യാസങ്ങൾ മാത്രമായിരിക്കും. അവ അധിനിവേശിതമോ, അർദ്ധ അധിനിവേശിതമോ ആയ രാജ്യങ്ങളിലെ വിപ്ളവങ്ങൾ ആയിരിക്കുന്നിടത്തോളം കാലം, അവയുടെ ഭരണകൂടത്തിൻേറയും സർക്കാരിൻേറയും ഘടന നിശ്ചയമായും അടിസ്ഥാനപരമായി ഒന്നുതന്നെയായിരിക്കും. അതായതു്, പല സാമ്രാജ്യത്വവിരുദ്ധ വർഗ്ഗങ്ങളുടെയും സംയുക്ത സർവ്വാ

ധിപത്യത്തിൻ കീഴിലുള്ള ഒരു പുത്തൻ ജനാധിപത്യ ഭരണകൂടം. ഇന്നത്തെ ചൈനയിൽ, ജാപ്പനീസ് വിരുദ്ധ ഐക്യമുന്നണി, ഭരണകൂടത്തിന്റെ പുത്തൻ ജനാധിപത്യരൂപത്തെ പ്രതിനിധീകരിക്കുന്നു. അതു് ജാപ്പനീസ് വിരുദ്ധവും സാമ്രാജ്യത്വവിരുദ്ധവുമാണു്: അതു് ഒരു ഐക്യമുന്നണിയുമാണു്. അഥവാ വിവിധ വിപ്ളവവർഗ്ഗങ്ങളുടെ ഒരു കൂട്ടുകെട്ടു്. പക്ഷെ, നിർഭാഗ്യവശാൽ വളരെ കാലമായി യുദ്ധം നടന്നുകൊണ്ടിരിക്കുകയാണെങ്കിലും, ജനാധിപത്യം നടപ്പിലാക്കുന്ന പ്രവർത്തനം കമ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ജനാധിപത്യപരവും ജാപ്പനീസ് വിരുദ്ധവുമായ താവളപ്രദേശങ്ങൾക്കപ്പുറത്തു് രാജ്യത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളിലും ആരംഭിച്ചിട്ടില്ലെന്നുതന്നെ പറയാം. ജാപ്പനീസ് സാമ്രാജ്യത്വശക്തികൾ നമ്മുടെ രാജ്യത്തിലേക്കു് കടന്നു കയറാൻ ഈ അടിസ്ഥാന ദൗർബല്യത്തെ ചൂഷണം ചെയ്തിട്ടുണ്ടു്. ഈ കാര്യത്തിൽ ഒന്നും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ ദേശീയഭാവി ഗുരുതരമായി അപകടപ്പെടും.

ഇവിടെ ചർച്ച ചെയ്യപ്പെടുന്നതു് 'ഭരണകൂട സമ്പ്രദായ'ത്തിന്റെ പ്രശ്നമാണു്. ഇതു സംബന്ധിച്ച വാദകോലാഹലം ചിങ് രാജവംശത്തിന്റെ അവസാനനാൾ മുതൽ പല ദശകങ്ങളോളം നടന്നുവെങ്കിലും അക്കാര്യത്തിൽ ഇനിയും വ്യക്തത ഉണ്ടായിട്ടില്ല. യഥാർത്ഥത്തിൽ അതു്, ഭരണകൂടത്തിനുള്ളിലെ വിവിധ സാമൂഹ്യവർഗ്ഗങ്ങളുടെ പദവിയെ സംബന്ധിച്ച ഒരു പ്രശ്നം മാത്രമാണു്. മുതലാളിവർഗ്ഗം സാധാരണയായി വർഗ്ഗപദവിയുടെ പ്രശ്നം മൂടിവയ്ക്കുകയും 'ദേശീയം' എന്ന ലേബലിൽ അതിന്റെ ഏകവർഗ്ഗ സർവ്വാധിപത്യം നടത്തുകയും ചെയ്യുന്നു. ഇത്തരം മൂടിവയ്ക്കൽ വിപ്ളവജനതയ്ക്കു് ഒട്ടുംതന്നെ ഗുണകരമല്ല. ഈ കാര്യം അവർക്കു് വ്യക്തമായി വിശദീകരിച്ചുകൊടുക്കണം. 'ദേശീയം' എന്ന പദം തികച്ചും ശരിയാണു്. പക്ഷെ, അതിൽ പ്രതിവിപ്ളവകാരികളും രാജ്യദ്രോഹികളും ഉൾപ്പെടരുതു്. ഇന്നു നമുക്കു് ആവശ്യമായിട്ടുള്ള ഭരണകൂടരൂപം പ്രതിവിപ്ലവകാരികളുടേയും രാജ്യദ്രോഹികളുടേയും മേൽ എല്ലാ വിപ്ലവവർഗ്ഗങ്ങളുടേയും സർവ്വാധിപത്യമാണു്.

''ആധുനികരാഷ്ട്രങ്ങളിൽ ജനാധിപത്യമെന്നു വിളിക്കപ്പെടുന്ന വ്യവസ്ഥ ബൂർഷ്വാസി സാധാരണയായി അതിന്റെകുത്തകയാക്കിയിരിക്കുന്നു. അതു് സാധാരണജനങ്ങളെ അടിച്ചമർത്താനുള്ള ഒരുപകരണം മാത്രമായിത്തീർന്നിരിക്കുന്നു. മറിച്ചു് കുമിന്താങ്ങിന്റെ ജനാധിപത്യതത്വം എന്നതുകൊണ്ടു് അർത്ഥമാക്കുന്നതു് ഏതാനും പേരുടെ സ്വകാര്യ ഉടമയിലല്ലാതെ എല്ലാ സാധാരണ ജനങ്ങൾക്കും പങ്കുള്ള ഒരു ജനാധിപത്യസമ്പ്രദായമെന്നാണു്.''

കുമിന്താങ്ങ്–കമ്യൂണിസ്റ്റ് സഹകരണകാലത്തു് 1924–ൽ കൂടിയ കുമിന്താങ്ങിന്റെ ഒന്നാം ദേശീയ കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിൽ നടത്തിയ ഗംഭീര പ്രഖ്യാപനമാണിതു്. 16 വർഷങ്ങളായി കുമിന്താങ്ങ് ഈ പ്രഖ്യാപനം ലംഘിക്കുകയും തൻമൂലം ഇപ്പോഴത്തെ ഗുരുതരമായ ദേശീയ പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. ഇതു് വലിയൊരു വിഡ്ഢിത്തമാണു്. ജാപ്പനീസ് വിരുദ്ധ യുദ്ധത്തിന്റെ ശുദ്ധീകരണജ്വാലകളിൽ കുമിന്താങ്ങ് ഇതു് തിരുത്തുമെന്നു് നമ്മൾ പ്രതീക്ഷിക്കുന്നു.

'സർക്കാർ സമ്പ്രദായ'ത്തിന്റെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയാധികാരം എങ്ങനെ സംഘടിപ്പിക്കപ്പെടുന്നുവെന്നതാണു് കാര്യം. അതായതു് ഏതെങ്കിലുമൊരു സാമൂഹ്യവർഗ്ഗം ശത്രുക്കളെ എതിർക്കാനും സ്വയം സംരക്ഷിക്കാനും അതിന്റെ രാഷ്ട്രീയാധികാര ഉപകരണത്തെ ഒരുക്കുന്നതിനുവേണ്ടി അതു് തെരഞ്ഞെടുക്കുന്ന രൂപത്തിന്റേതാ

ണ് പ്രശ്നം. തങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഉചിതമായൊരു രാഷ്ട്രീയോപകരണമില്ലാത്ത ഒരു ഭരണകൂടവുമില്ല. ചൈന ഇപ്പോൾ ജനകീയ കോൺഗ്രസ്സുകളുടെ ഒരു സമ്പ്രദായം, ദേശീയ ജനകീയ കോൺഗ്രസ് മുതൽ താഴോട്ട് പ്രവിശ്യ, കൗണ്ടി, ജില്ല, ടൗൺ ഷിപ്പ്, ജനകീയ കോൺഗ്രസ് വരെയുള്ള എല്ലാ നിലവാരങ്ങളിലും അതാത് സർക്കാർ ഘടകങ്ങളെ തെരഞ്ഞെടുക്കുന്ന ഒരു രീതി സ്വീകരിച്ചേക്കാം. പക്ഷെ ഭരണകൂടത്തിൽ ഓരോ വിപ്ലവവർഗ്ഗത്തിനും അതിന്റെ പദവിക്കനുസരിച്ചുള്ള ശരിയായ പ്രാതിനിധ്യവും ജനങ്ങളുടെ ഇച്ഛയുടെ ശരിയായ പ്രകടനവും വിപ്ലവസമരങ്ങൾക്ക് ശരിയായ നേതൃത്വവും പുത്തൻ ജനാധിപത്യത്തിന്റെ ഉചിതമായ പ്രകടനവും ഉണ്ടാകണമെങ്കിൽ സ്ത്രീപുരുഷവ്യത്യാസമോ മതമോ സ്വത്തോ വിദ്യാഭ്യാസമോ പരിഗണിക്കാതെ സാർവ്വത്രികവും തുല്യവുമായ വോട്ടവകാശസമ്പ്രദായം നടപ്പാക്കണം. ജനാധിപത്യ കേന്ദ്രീകരണ സമ്പ്രദായം ഇങ്ങനെയാണ്. ജനാധിപത്യകേന്ദ്രീകരണത്തിലധിഷ്ഠിതമായ ഒരു സർക്കാരിനു മാത്രമേ എല്ലാ വിപ്ളവജന വിഭാഗങ്ങളുടേയും ഇച്ഛ പൂർണ്ണമായി പ്രകടിപ്പിക്കാനും വിപ്ലവത്തിന്റെ ശത്രുക്കളോട് ഏററവും ഫലപ്രദമായി പോരാടാനും കഴിയുകയുള്ളു. സർക്കാരിലും സൈന്യത്തിലും ''ഏതാനും പേരുടെ സ്വകാര്യയുടമയിൽ'' ആകുന്നതിനെതിരായ ഒരു സ്പിരിട്ട് ഉണ്ടായിരിക്കണം. ഒരു യഥാർത്ഥ ജനാധിപത്യസമ്പ്രദായമില്ലാതെ ഇതു് നേടാൻ കഴിയുകയില്ല; സർക്കാർ സമ്പ്രദായവും ഭരണകൂട വ്യവസ്ഥയും തമ്മിൽ പൊരുത്തമില്ലാതെ വരികയും ചെയ്യും.

എല്ലാ വിപ്ളവവർഗ്ഗങ്ങളുടേയും ഒരു സംയുക്തസർവ്വാധിപത്യമായ ഭരണകൂടവ്യവസ്ഥ, ജനാധിപത്യ കേന്ദ്രീകരണമെന്ന സർക്കാർ സമ്പ്രദായം ഇവ പുത്തൻ ജനാധിപത്യത്തിന്റെ രാഷ്ട്രീയത്തേയും പുത്തൻ ജനാധിപത്യത്തിന്റെ റിപ്പബ്ലിക്കിനേയും ജാപ്പനീസ് വിരുദ്ധമുന്നണിയുടെ റിപ്പബ്ലിക്കിനേയും മൂന്നു മഹത്തായ നയങ്ങളോടുകൂടി പുതിയ മൂന്ന് ജനകീയ തത്വങ്ങളുടെ റിപ്പബ്ലിക്കിനേയും, ചൈനീസ് റിപ്പബ്ലിക്കിനേയും, പേരിലെന്നപോലെ യാഥാർത്ഥ്യത്തിലും, ഉൾക്കൊള്ളുന്നു. ഇന്ന് നമുക്ക് പേരിനു മാത്രമുള്ള ഒരു ചൈനീസ് റിപ്പബ്ലിക്കേ ഉള്ളു. പക്ഷെ യാഥാർത്ഥ്യത്തിലില്ല. നമ്മുടെ ഇപ്പോഴത്തെ കടമ പേരിനനുയോജ്യമായ യാഥാർത്ഥ്യം സൃഷ്ടിക്കുകയെന്നതാണ്.

ഒരു വിപ്ളവചൈന, ജാപ്പനീസ് ആക്രമണത്തിനെതിരെ പൊരുതുന്ന ചൈന യാതൊരു വീഴ്ചയും കൂടാതെ സ്ഥാപിക്കേണ്ടതായ ആഭ്യന്തരരാഷ്ട്രീയ ബന്ധങ്ങൾ മേല്പറഞ്ഞ തരത്തിലുള്ളതാണ്. നമ്മുടെ ഇന്നത്തെ ദേശീയ പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ദിശ, ഒരേയൊരു ശരിയായ ദിശ, ഇതാണ്.

## 6. പുത്തൻ ജനാധിപത്യത്തിന്റെ സമ്പദ്‌വ്യവസ്ഥ

ചൈനയിൽ ഇത്തരമൊരു റിപ്പബ്ലിക് സ്ഥാപിക്കണമെങ്കിൽ അതിന്റെ രാഷ്ട്രീയത്തിൽ മാത്രമല്ല അതിന്റെ സമ്പദ്‌വ്യവസ്ഥയിലും അതു് പുത്തൻ ജനാധിപത്യപരമായിരിക്കണം.

വൻകിട ബാങ്കുകളും വൻകിട വ്യവസായ–വാണിജ്യസ്ഥാപനങ്ങളും അതു് ഏറെറടുക്കും,

''കുത്തക സ്വഭാവമുള്ളതോ, സ്വകാര്യമേൽനോട്ടത്തിനു് കഴിയാത്തത്ര വലുതോ ആയ ബാങ്കുകൾ, റെയിൽവേകൾ, വിമാന ഗതാഗതം തുടങ്ങിയ സ്ഥാപനങ്ങൾ ചൈനീസ് ഉടമയിലുള്ളതായാലും വിദേശ ഉടമയിലുള്ളതായാലും സർക്കാർ ഏറ്റെടുത്തു നടത്തും. അങ്ങനെ സ്വകാര്യ മൂലധനത്തിനു് ജനങ്ങളുടെ ഉപജീവനത്തിനുമേൽ ആധിപത്യം ചെലുത്താൻ കഴിയാതെ വരും. മൂലധന നിയന്ത്രണത്തിന്റെ മുഖ്യതത്വം ഇതാണ്.''

ക്വമിന്താങ്ങ്—കമ്യൂണിസ്റ്റ് സഹകരണ കാലത്തു് കൂടിയ ക്വമിന്താങ്ങിന്റെ ഒന്നാം ദേശീയ കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിലെ മറെറാരു ഗംഭീര പ്രഖ്യാപനമാണിതു്. പുത്തൻ ജനാധിപത്യ റിപ്പബ്ലിക്കിന്റെ സാമ്പത്തിക ഘടനയുടെ ശരിയായ നയമാണിതു്. തൊഴിലാളിവർഗ്ഗ നേതൃത്വത്തിലുള്ള പുത്തൻ ജനാധിപത്യ റിപ്പബ്ലിക്കിൽ സർക്കാർ സ്ഥാപനങ്ങൾ സോഷ്യലിസ്റ്റ് സ്വഭാവത്തിലുള്ളതായിരിക്കും. മുഴുവൻ ദേശീയ സമ്പദ് വ്യവസ്ഥയിലേയും നേതൃത്വ ശക്തിയുമായിരിക്കും. പക്ഷെ റിപ്പബ്ലിക് സ്വകാര്യസ്വത്തു് മൊത്തത്തിൽ കണ്ടുകെട്ടുകയോ ''ജനങ്ങളുടെ ഉപജീവനത്തിനുമേൽ ആധിപത്യം ചെലുത്താത്ത'' വിധത്തിലുള്ള മുതലാളിത്ത ഉല്പാദനത്തിന്റെ വികാസത്തെ തടയുകയോ ചെയ്യുകയില്ല. കാരണം, ചൈനയുടെ സമ്പദ്‌വ്യവസ്ഥ ഇപ്പോഴും വളരെ പിന്നോക്കമാണ്.

റിപ്പബ്ലിക് ജന്മിമാരുടെ ഭൂമി കണ്ടുകെട്ടാനും, അതു് ഭൂമി വളരെ കുറച്ചുള്ളവരും ഒട്ടുമില്ലാത്തവരുമായ കർഷകർക്കു് വിതരണം ചെയ്യാനുള്ള ചില അവശ്യ നടപടികൾ എടുക്കുകയും ''കൃഷിഭൂമി കർഷകനു്''എന്നുള്ള ഡോ: സൺയാററ്—സെന്നിന്റെ മുദ്രാവാക്യം നടപ്പിലാക്കുകയും ഗ്രാമപ്രദേശങ്ങളിലെ നാടുവാഴിത്ത ബന്ധങ്ങൾ അവസാനിപ്പിക്കുകയും ഭൂമി കർഷകരുടെ സ്വകാര്യ ഉടമസ്ഥതയിൽ വിട്ടുകൊടുക്കുകയും ചെയ്യും. ഗ്രാമപ്രദേശങ്ങളിൽ ഒരു ധനിക കർഷക സമ്പദ് ക്രമം അംഗീകരിക്കും. ഇതാണു് ''ഭൂവുടമാവകാശം തുല്യമാക്കുക'' എന്ന നയം. ''കൃഷിഭൂമി കർഷകനു്'' എന്നതാണു് ഈ നയത്തിന്റെ ശരിയായ മുദ്രാവാക്യം. പൊതുവിൽ ''കൃഷിഭൂമി കർഷകനു്'' എന്നതിന്റെ അടിസ്ഥാനത്തിൽ വളർന്നുവരുന്ന വിവിധതരം സഹകരണ സംരംഭങ്ങളിൽ സോഷ്യലിസത്തിന്റെ അംശങ്ങൾ ഉൾക്കൊള്ളുമെങ്കിലും ഈ ഘട്ടത്തിൽ സോഷ്യലിസ്റ്റു കൃഷി സമ്പ്രദായം സ്ഥാപിതമാവുകയില്ല.

ചൈനയുടെ സമ്പദ്ക്രമം മൂലധന നിയന്ത്രണത്തിന്റേയും ''ഭൂവുടമാവകാശം തുല്യമാക്കുന്ന''തിന്റേയും പാതയിലൂടെ വളരണം. അതൊരിക്കലും ''ഏതാനും പേരുടെ ഉടമയിൽ'' ആയിരിക്കരുതു്. ''ജനങ്ങളുടെ ഉപജീവനത്തിനുമേൽ ആധിപത്യം ചെലുത്താൻ'' ഏതാനും ജന്മികളേയും മുതലാളികളേയും നമ്മളൊരിക്കലും അനുവദിക്കരുതു്. നമ്മൊരിക്കലും യൂറോപ്യൻ—അമേരിക്കൻ മാതൃകയിലുള്ള ഒരു മുതലാളിത്തസമൂഹം സ്ഥാപിക്കുകയോ പഴയ അർദ്ധനാടുവാഴിത്തസമൂഹം നിലനിൽക്കാൻ അനുവദിക്കുകയോ ചെയ്യരുതു്. ഈ പുരോഗതിയുടെ പാതയ്ക്കു് വിരുദ്ധമായി പോകാൻ ധൈര്യപ്പെടുന്നതു് ആരായാലും തീർച്ചയായും വിജയിക്കുകയില്ലെന്നു മാത്രമല്ല അപകടത്തിൽ ചെന്നുപെടുകയും ചെയ്യും.

ഇവയാണു് ഒരു വിപ്ലവചൈന, ജാപ്പനീസ് ആക്രമണത്തിനെതിരായി പോരാടുന്ന ഒരു ചൈന സ്ഥാപിക്കേണ്ടതായ, അനിവാര്യമായി സ്ഥാപിക്കാൻ പോകുന്ന ആഭ്യന്തര സാമ്പത്തികബന്ധങ്ങൾ.

പുത്തൻ ജനാധിപത്യത്തിന്റെ സമ്പദ്ക്രമം ഇപ്രകാരമാണു്.

പുത്തൻ ജനാധിപത്യത്തിന്റെ രാഷ്ട്രീയം പുത്തൻ ജനാധിപത്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ കേന്ദ്രീകൃത രൂപവുമാണു്,

## 7. ബൂർഷ്വാ സർവാധിപത്യത്തിൻെറ നിരാകരണം

തൊണ്ണൂറു ശതമാനത്തിലധികം ജനങ്ങളും പുത്തൻ ജനാധിപത്യ രാഷ്ട്രീയത്തോടും, പുത്തൻ ജനാധിപത്യ സമ്പദ്‌വ്യവസ്ഥയോടുംകൂടിയ ഇത്തരമൊരു റിപ്പബ്ലിക്കിന് അനുകൂലമാണ്. മറെറാരു ബദൽ മാർഗ്ഗവുമില്ല.

അപ്പോൾ ബൂർഷ്വാ സർവ്വാധിപത്യത്തിൻ കീഴിൽ ഒരു മുതലാളിത്തസമൂഹത്തിലേക്കുള്ള പാതയെക്കുറിച്ച് എന്തു പറയുന്നു? തീർച്ചയായും, യൂറോപ്യൻ മുതലാളിവർഗ്ഗവും അമേരിക്കൻമുതലാളിവർഗ്ഗവും സ്വീകരിച്ച പഴയ പാത ഇതായിരുന്നു. പക്ഷെ ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും, സാർവ്വദേശീയ പരിതസ്ഥിതിയും, ആഭ്യന്തരസ്ഥിതിയും അതേ പാത സ്വീകരിക്കാൻ ചൈനയെ അനുവദിക്കുന്നില്ല.

സാർവ്വദേശീയപരിതസ്ഥിതി വച്ചു വിലയിരുത്തുമ്പോൾ, ആ പാത അടഞ്ഞിരിക്കുന്നു. അടിസ്ഥാനപരമായി ഇന്നത്തെ സാർവ്വദേശീയ പരിതസ്ഥിതി മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള സമരത്തിൻേറതാണ്. അതിൽ മുതലാളിത്വത്തിൻെറ ഗതി താഴോട്ടും സോഷ്യലിസത്തിൻേറതു" മുകളിലോട്ടുമാണ്. ഒന്നാമതായി, സാർവ്വദേശീയ മുതലാളിത്തം അഥവാ സാമ്രാജ്യത്വം ചൈനയിൽ മുതലാളിവർഗ്ഗസർവ്വാധിപത്യത്തിൻെറ കീഴിലുള്ള ഒരു മുതലാളിത്തസമൂഹം സ്ഥാപിക്കാൻ അനുവദിക്കുകയില്ല. വാസ്തവത്തിൽ ആധുനിക ചൈനയുടെ ചരിത്രം സാമ്രാജ്യത്വ ആക്രമണത്തിൻെറ, ചൈനയുടെ സ്വാതന്ത്ര്യത്തോടും അതിൻെറ മുതലാളിത്ത വികാസത്തോടുമുള്ള സാമ്രാജ്യത്വത്തിൻെറ എതിർപ്പിൻെറ ചരിത്രമാണ്. ചൈനയിൽ മുമ്പു നടന്ന വിപ്ലവങ്ങൾ പരാജയപ്പെട്ടതു് സാമ്രാജ്യത്വം അവയെ കഴുത്തു ഞെരിച്ചു കൊന്നതുകൊണ്ടാണ്. അസംഖ്യം വിപ്ലവകാരികളായ രക്തസാക്ഷികൾ തങ്ങളുടെ ലക്ഷ്യം കൈവരിക്കാനാകാത്ത തീവ്രവേദനയോടെ മരണമടഞ്ഞു. ഇന്ന് ശക്തമായൊരു ജാപ്പനീസ് സാമ്രാജ്യത്വം ചൈനയിലേക്കു തള്ളിക്കയറുകയും അതിനെ ഒരു അധിനിവേശിത രാജ്യമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ചൈന ഇവിടെ ചൈനീസ് മുതലാളിത്തം വളർത്തുകയല്ല ചെയ്യുന്നതു്. മറിച്ച്, ജപ്പാൻ നമ്മുടെ രാജ്യത്തിൽ ജാപ്പനീസ് മുതലാളിത്തം വളർത്തുകയാണ ചെയ്യുന്നതു്. ചൈനീസ് മുതലാളിവർഗ്ഗമല്ല മറിച്ച് ജാപ്പനീസ് മുതലാളിവർഗ്ഗമാണ് നമ്മുടെ രാജ്യത്തു് സർവ്വാധിപത്യം ചെലുത്തുന്നതു്; സത്യത്തിൽ ഇതു് നശിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വത്തിൻെറ അന്തിമസമരത്തിൻെറ കാലഘട്ടമാണ്. സാമ്രാജ്യത്വം ചീഞ്ഞളിഞ്ഞ ''മുതലാളിത്ത''മാണ് 19. പക്ഷെ അതു് നശിച്ചുകൊണ്ടിരിക്കുന്നതുമൂലം തന്നെ, അതു് സ്വന്തം നിലനില്പിന് എന്നത്തേക്കാളുമധികം അധിനിവേശിതപ്രദേശങ്ങളേയും അർദ്ധഅധിനിവേശിത പ്രദേശങ്ങളേയും ആശ്രയിച്ചിരിക്കുന്നു. ഏതെങ്കിലുമൊരു അധിനിവേശിത പ്രദേശത്തേയൊ, അർദ്ധഅധിനിവേശിത പ്രദേശത്തേയൊ, അവിടത്തെ മുതലാളിവർഗ്ഗത്തിൻെറതന്നെ സർവ്വാധിപത്യത്തിൻ കീഴിലുള്ള മുതലാളിത്തസമൂഹം പോലെയുള്ള എന്തെങ്കിലുമൊന്നു സ്ഥാപിക്കാൻ തീർച്ചയായും അതു് അനുവദിക്കയില്ല. ജാപ്പനീസ് സാമ്രാജ്യത്വം ഗൗരവതരമായ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രതിസന്ധികളിൽ കുടുങ്ങിക്കിടക്കുന്നതുകൊണ്ടുതന്നെ, അതു് നശിച്ചുകൊണ്ടിരിക്കയൊയതുകൊണ്ടുതന്നെ, അതു് ചൈനയെ ആക്രമിക്കുകയും അതിനെ ഒരു അധിനിവേശിത പ്രദേശമാക്കിത്തീർക്കുകയും, അങ്ങനെ ചൈനയിൽ മുതലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറയും ദേശീയ മുതലാളിത്തത്തിൻെറയും പാത കൊട്ടിയടക്കുകയും ചെയ്യേ പററൂ.

രണ്ടാമതായി, അത്തരമൊരു മുതലാളിത്തസമൂഹം കെട്ടിപ്പടുക്കാൻ സോഷ്യലിസം അനുവദിക്കുകയില്ല. ലോകത്തെ എല്ലാ സാമ്രാജ്യത്വ ശക്തികളും നമ്മുടെ ശത്രുക്കളാണ്. സോഷ്യലിസ്റ്റ് നാടിൻെറയും സാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തിൻെറയും സഹായംകൂടാതെ ചൈനയ്ക്ക് സ്വന്തം സ്വാതന്ത്ര്യം നേടിയെടുക്കുക സാദ്ധ്യമല്ല. അതായത്, സോവിയററ് യൂണിയൻെറ സഹായവും ജപ്പാനിലേയും ബ്രിട്ടനിലേയും അമേരിക്കയിലേയും ഫ്രാൻസിലേയും ജർമ്മനിയിലേയും ഇററലിയിലേയും മററു രാജ്യങ്ങളിലേയും തൊഴിലാളിവർഗ്ഗം മുതലാളിത്തത്തിനെതിരായ തങ്ങളുടെ സമരത്തിലൂടെ നൽകുന്ന സഹായവുംകൂടാതെ ചൈനയ്ക്കതു സാദ്ധ്യമല്ല. ഈ രാജ്യങ്ങളിലെല്ലാം അല്ലെങ്കിൽ അവയിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ വിപ്ലവം വിജയിക്കുന്നതുവരെ ചൈനീസ് വിപ്ലവത്തിൻെറ വിജയത്തിനു് കാത്തുനിൽക്കണമെന്നു് ഒരാംഗരം പറയാൻ കഴിയില്ലെങ്കിലും ആ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തിൻെറ ശക്തികൂടി ചേരാതെ നമുക്കു വിജയിക്കാൻ കഴിയില്ലെന്നതിൽ ഒരു സംശയവുമില്ല. പ്രത്യേകിച്ചും, ചെറുത്തുനില്പുയുദ്ധത്തിൽ ചൈനയുടെ അന്തിമവിജയത്തിനു് സോവിയററ് സഹായം തികച്ചും ഒഴിച്ചുകൂടാൻ പററാത്തതാണ്. സോവിയററ് സഹായം നിരസിച്ചാൽ, വിപ്ലവം പരാജയപ്പെടും 20. 1927 മുതൽക്കുള്ള സോവിയററ് വിരുദ്ധ പ്രചാരണങ്ങൾ അസാധാരണമാംവിധം വ്യക്തമായ ഒരു പാഠം നൽകുന്നില്ലേ? ലോകമിന്നു് യുദ്ധങ്ങളുടേയും വിപ്ലവങ്ങളുടേയും ഒരു പുതിയ യുഗത്തിലാണ്—മുതലാളിത്തം നിസ്സംശയമായും നശിച്ചുകൊണ്ടിരിക്കുകയും സോഷ്യലിസം നിസ്സംശയമായും തഴച്ചുവളരുകയും ചെയ്യുന്ന ഒരു യുഗത്തിൽ. ഈ സാഹചര്യത്തിൽ, ചൈനയിൽ സാമ്രാജ്യത്വത്തിൻെറയും നാടുവാഴിത്തത്തിൻെറയും പരാജയത്തിനുശേഷം മുതലാളിവർഗ്ഗ സർവ്വാധിപത്യത്തിൻ കീഴിൽ ഒരു മുതലാളിത്തസമൂഹം കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്നതു് വെറുമൊരു ദിവാസ്വപ്നമായിരിക്കുകയില്ലേ?

ഒന്നാം സാമ്രാജ്യത്വ ലോകയുദ്ധത്തിനും ഒക്ടോബർവിപ്ലവത്തിനും ശേഷം തുർക്കിയിൽ ചില പ്രത്യേക സാഹചര്യങ്ങൾ (ഗ്രീക്കു് ആക്രമണത്തെപിന്തിരിപ്പിക്കുന്നതിൽ, മുതലാളിവർഗ്ഗത്തിൻെറ വിജയവും തൊഴിലാളിവർഗ്ഗത്തിൻെറ ദൗർബലതയും) നിമിത്തം ഒരു പെററി—കെമാലിസ്റ്റ് 21 മുതലാളിവർഗ്ഗ സർവ്വാധിപത്യം ഉടലെടുത്തുവെങ്കിലും, രണ്ടാം ലോകയുദ്ധത്തിനും സോവിയററ് യൂണിയനിൽ സോഷ്യലിസ്റ്റ് നിർമ്മാണത്തിൻെറ പൂർത്തീകരണത്തിനുംശേഷം അതാവർത്തിക്കുക സാദ്ധ്യമല്ല. 45 കോടി ജനങ്ങളുള്ള ഒരു 'തുർക്കി'യുടെ കാര്യം പറയുകയേ വേണ്ട. ചൈനയിലെ പ്രത്യേക സാഹചര്യങ്ങൾ ഒത്തുതീർപ്പുപ്രവണതയോടുകൂടിയ മുതലാളിവർഗ്ഗത്തിൻെറ ദൗർബല്യതയും പൂർണ്ണമായ വിപ്ളവസ്വഭാവത്തോടുകൂടിയ തൊഴിലാളിവർഗ്ഗത്തിൻെറ ശക്തിയും തുർക്കിയിലെപ്പോലെ അത്ര എളുപ്പത്തിൽ കാര്യങ്ങൾ ഒരിക്കലും നടക്കുകയില്ല. 1927 ൽ ഒന്നാമത്തെ മഹത്തായ വിപ്ളവം പരാജയപ്പെട്ടതിനുശേഷം ചൈനീസ് മുതലാളിവർഗ്ഗത്തിലെ ചില അംഗങ്ങൾ കെമാലിസത്തിനുവേണ്ടി കോലാഹലം കൂട്ടുകയുണ്ടായില്ലേ? പക്ഷെ, ചൈനയുടെ കെമാൽ എവിടെ? ചൈനയുടെ മുതലാളിവർഗ്ഗ സർവ്വാധിപത്യവും മുതലാളിത്തസമൂഹവും എവിടെ? കൂടാതെ കെമാലിസ്റ്റു തുർക്കിപോലും അവസാനം കൂടുതൽ കൂടുതൽ ഒരു അർദ്ധഅധിനിവേശിത രാജ്യവും പിന്തിരിപ്പൻ സാമ്രാജ്യലോകത്തിൻെറ ഒരു ഭാഗമായിത്തീർന്നതുകൊണ്ടു് ആംഗ്ലോ—ഫ്രഞ്ച് സാമ്രാജ്യത്വത്തിൻെറ കൈകളിലേക്കു് സ്വയം ചെന്നുവീഴേണ്ടിവന്നു. ഇന്നത്തെ സാർവ്വദേശീയ പരിതസ്ഥിതിയിൽ അധിനിവേശിത രാജ്യ

ങ്ങളിലേയും അർദ്ധഅധിനിവേശിത രാജ്യങ്ങളിലേയും 'വീരനായക ന്മാർ' ഒന്നുകിൽ സാമ്രാജ്യത്വമുന്നണിയിൽ അണിനിരന്നുകൊണ്ട് ലോക പ്രതിവിപ്ളവശക്തികളുടെ ഭാഗമായിത്തീരുകയോ, അല്ലെങ്കിൽ സാമ്രാ ജ്യത്വവിരുദ്ധമുന്നണിയിൽ അണിനിരന്നുകൊണ്ട് ലോകവിപ്ളവത്തി ന്റെ ഭാഗമായിത്തീരുകയോ ചെയ്യും. അവർ രണ്ടിലൊന്നു ചെയ്യണം. കാരണം മൂന്നാമതൊരു മാർഗ്ഗമില്ല.

ആഭ്യന്തര പരിതസ്ഥിതി വച്ചു പരിശോധിച്ചാലും ഇപ്പോൾ ചൈ നീസ് മുതലാളി വർഗ്ഗം അതിന്റെ പാഠം പഠിച്ചിട്ടുണ്ടായിരിക്കണം. തൊഴിലാളിവർഗ്ഗത്തിന്റെയും കർഷകരുടേയും മററു പെററിബൂർഷ്വാ ബഹുജനങ്ങളുടെയും ശക്തി 1927—ലെ വിപ്ളവത്തെ വിജയത്തിലേയ്ക്കെ ത്തിക്കാറായപ്പോൾതന്നെ, വൻകിട മുതലാളിവർഗ്ഗത്തിന്റെ നേതൃത്വ ത്തിലുള്ള മുതലാളിവർഗ്ഗം ബഹുജനങ്ങളെ തള്ളിനീക്കി വിപ്ളവത്തി ന്റെ ഫലങ്ങൾ പിടിച്ചെടുക്കുകയും സാമ്രാജ്യത്വ—നാടുവാഴിത്ത ശക്തിക ളുമായി, ഒരു പ്രതിവിപ്ളവ കൂട്ടുകെട്ടു രൂപീകരിക്കുകയും പത്തുവർഷക്കാ ലത്തേക്കു 'കമ്യൂണിസ്റ്റടിച്ചമർത്തൽ' യുദ്ധത്തിൽ പരമാവധി ഊർജ്ജം വിനിയോഗിക്കുകയും ചെയ്തു. പക്ഷെ എന്തായിരുന്നു ഫലം? ഇന്നു് ശക്തനായ ഒരു ശത്രു നമ്മുടെ രാജ്യത്തിനുള്ളിലേയ്ക്കു് ആഴത്തിൽ തുളച്ചു കയ റുകയും രണ്ടു വർഷമായി ജാപ്പനീസ് വിരുദ്ധയുദ്ധം നടന്നുകൊണ്ടിരിക്കുക യും ചെയ്തപ്പോൾ, യൂറോപ്യൻ മുതലാളിവർഗ്ഗത്തിന്റെയും അമേരിക്കൻ മുതലാളിവർഗ്ഗത്തിന്റെയും കാലഹരണം വന്ന പരിഹാരമാർഗ്ഗങ്ങൾ പക ർത്താൻ ആഗ്രഹിക്കുന്ന ആളുകൾ ഉണ്ടാകുക സാദ്ധ്യമാണോ? 'കമ്യൂണിസ്റ്റു കളെ അടിച്ചമർത്തി' നശിപ്പിക്കുന്നതിനുവേണ്ടി ഒരു ദശകം ചെലവഴിക്ക പ്പെട്ടു. പക്ഷെ മുതലാളിവർഗ്ഗസർവ്വാധിപത്യത്തിൻ കീഴിലുള്ള ഒരു മുതലാളിത്ത സമൂഹം 'അടിച്ചമർത്തി' സൃഷ്ടിക്കപ്പെടുകയുണ്ടായില്ല; മറെറാ രു ശ്രമവുംകൂടി നടത്തിനോക്കാനാഗ്രഹിക്കുന്ന ആളുകൾ ഇപ്പോഴുമുണ്ടോ? ശരിയാണു്, ഒരു പതിററാണ്ടിലെ 'കമ്യൂണിസ്റ്റടിച്ചമർത്തലിലൂടെ' 'ഒരേക കക്ഷി സർവ്വാധിപത്യം' അടിച്ചമർത്തി സൃഷ്ടിക്കപ്പെടുകയുണ്ടായി. പക്ഷെ അതൊരു അർദ്ധഅധിനിവേശിത, അർദ്ധനാടുവാഴിത്ത സർവ്വാ ധിപത്യമാണു്. മാത്രമല്ല, നാലുവർഷത്തെ കമ്യൂണിസ്റ്റടിച്ചമർത്തലി ന്റെ അന്ത്യത്തിൽ—1927 മുതൽ 1931 സെപ്റ്റംബർ സംഭവം22 വരെ 'മഞ്ചുക്കോ' അടിച്ചമർത്തി സൃഷ്ടിക്കപ്പെട്ടു. 1937—ൽ മറെറാരു ആറു വർഷത്തെ ഇത്തരം അടിച്ചമർത്ത'ലിനു ശേഷം ജാപ്പനീസ് സാമ്രാജ്യ വാദികൾ വൻമതിലിനു തെക്കു് ചൈനയിലേയ്ക്കുള്ള തങ്ങളുടെ വഴി തുറ ന്നു. ഇന്നു് മറെറാരു പത്തുവർഷംകൂടി 'അടിച്ചമർത്തൽ' നടത്താൻ ആരെ ങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ പഴയതിൽനിന്നും കുറെ വ്യത്യസ്തമായ ഒരു പുതിയതരം 'കമ്യൂണിസ്റ്റടിച്ചമർത്തലാ'യിരിക്കും അതു്. പക്ഷെ മറെറല്ലാവരേയും പിന്നിലാക്കി 'കമ്യൂണിസ്റ്റടിച്ചമർത്ത'ലിന്റെ ഈ സംരംഭം ധൈര്യസമേതം ഏറെറടുത്ത ഗതിവേഗമുള്ള ഒരു വ്യക്തി യില്ലേ? ഉണ്ടു്. പുതിയ ശൈലിയിൽ കമ്യൂണിസ്റ്റ് വിരുദ്ധനായി പ്രശ സ്തി നേടിയ വാങ്—ചിങ്—വെ. അയാളുടെ സംഘത്തിൽ ചേരാനാഗ്ര ഹിക്കുന്ന ആർക്കും സ്വയം സന്തോഷിക്കാൻ കഴിയും. പക്ഷെ മുതലാളി വർഗ്ഗ സർവ്വാധിപത്യം, മുതലാളിത്ത സമൂഹം, കെമാലിസം, ഒരാധു നിക ഭരണകൂടം, ഒരു ഏകകക്ഷി സർവ്വാധിപത്യം, 'ഏകസിദ്ധാന്തം' തുടങ്ങി പലതിനെക്കുറിച്ചും പൊങ്ങച്ചം പറയുമ്പോൾ അതു് സംഭ്രമം വർദ്ധിപ്പിക്കുകയല്ലേ ചെയ്യുക? വാങ്—ചിങ്—വെയുടെ സംഘത്തിൽ ചേരുന്നതിനു് പകരം ഒരുവൻ 'ജപ്പാനോടു് പൊരുതുന്ന'വരുടെ ഭാഗത്തു ചേരാനാഗ്രഹിക്കുകയും പക്ഷെ യുദ്ധം ജയിച്ചു കഴിഞ്ഞാൽ ജപ്പാനോടു

പോരാടുന്ന ജനങ്ങളെ തള്ളി മാററാനും ജപ്പാനെതിരായ സമരത്തിന്റെ വിജയഫലങ്ങൾ പിടിച്ചെടുക്കാനും 'ഒരു സ്ഥായിയായ ഏകകക്ഷി സർവ്വാധിപത്യം' സ്ഥാപിക്കാനും കഴിയുമെന്ന് അയാൾ സങ്കല്പിക്കുകയുമാണെങ്കിൽ അയാൾ വെറും ദിവാസ്വപ്നം കാണുകയല്ലേ? 'ജപ്പാനോട് പോരാടുക!' 'ജപ്പാനോട് പോരാടുക!' പക്ഷെ ആരാണ് പോരാടുക? മററു തൊഴിലാളികളും കർഷകരും പെററിബൂർഷ്വാസിയിലെ മററു വിഭാഗങ്ങളും കൂടാതെ നിങ്ങൾക്ക് ഒരടിപോലും നീങ്ങാൻ കഴിയില്ല. ഇനിയും അതിന് ശ്രമിക്കുന്നതിനും അവരെ തള്ളിനീക്കുന്നതിനും ധൈര്യപ്പെടുന്നവൻ സ്വയം തകർക്കപ്പെടും. ഇതും സാമാന്യ ബുദ്ധിയുടെ ഒരു പ്രശ്നമായിത്തീർന്നിട്ടില്ലേ? പക്ഷെ ചൈനീസ് മുതലാളിവർഗ്ഗത്തിലെ മൂരാച്ചികൾ (മൂരാച്ചികളെക്കുറിച്ചു മാത്രമാണ് ഞാൻ പറയുന്നത്.) കഴിഞ്ഞ 20 വർഷംകൊണ്ട് ഒന്നും തന്നെ പഠിച്ചതായി തോന്നുന്നില്ല. 'കമ്യൂണിസത്തെ നിയന്ത്രിക്കുക', 'കമ്യൂണിസത്തെ നശിപ്പിക്കുക', 'കമ്യൂണിസത്തോടു പോരാടുക' എന്നെല്ലാം അവർ ഇപ്പോഴും വിളിച്ചുകൂവുകയല്ലേ? 'ദേശീയേതരകക്ഷികളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന നടപടികളും' അതേത്തുടർന്ന് 'ദേശീയേതര കക്ഷി പ്രശ്നം കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളും' പിന്നീട് ദേശീയേതരകക്ഷിപ്രശ്നം കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും23' നമ്മൾ കണ്ടിട്ടില്ലേ? ദൈവമേ! ഈ നിയന്ത്രിക്കലും കൈകാര്യം ചെയ്യലുമെല്ലാം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ അവർ നമ്മുടെ രാജ്യത്തിനും അവർക്കുതന്നെയും വേണ്ടി എന്തുതരം ഭാവിയാണ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതെന്ന് അതിശയം തോന്നുന്നു! ഞങ്ങൾ കാര്യമായും ആത്മാർത്ഥമായും ഈ മാന്യന്മാരെ ഉപദേശിക്കുന്നു. നിങ്ങളുടെ കണ്ണുകൾ തുറക്കുക: ചൈനയേയും ലോകത്തേയും നല്ലവണ്ണം നോക്കിക്കാണുക; രാജ്യത്തിനകത്തും പുറത്തും കാര്യങ്ങളുടെ കിടപ്പ് എങ്ങനെയാണെന്ന് കാണുക, നിങ്ങളുടെ തെററുകൾ ആവർത്തിക്കാതിരിക്കുക. നിങ്ങൾ നിങ്ങളുടെ തെററുകൾ തന്നെ തുടരുകയാണെങ്കിൽ തീർച്ചയായും നമ്മുടെ രാജ്യത്തിന്റെ ഭാവി അപകടത്തിലാവും. പക്ഷെ നിങ്ങളുടെ കാര്യവും സുഗമമാവുകയില്ലെന്ന് എനിക്കുറപ്പുണ്ട്. ഇതു തികച്ചും സത്യമാണ്, സുനിശ്ചിതവുമാണ്. ചൈനീസ് മുതലാളിവർഗ്ഗത്തിലെ മൂരാച്ചികൾ ഉണരുന്നില്ലെങ്കിൽ, അവരുടെ ഭാവി ഒട്ടുംതന്നെ ശോഭനമായിരിക്കുകയില്ല—അവർ അവരുടെതന്നെ നാശം മാത്രമാണ് വരുത്തിവയ്ക്കുക. അതുകൊണ്ട് ചൈനയുടെ ജാപ്പനീസ് വിരുദ്ധ ഐക്യമുന്നണി നിലനിർത്തപ്പെടുമെന്നും, ഒരൊററ ക്ലിക്കിന്റെ കുത്തകയ്ക്കു പകരം എല്ലാവരുടേയും സഹകരണത്തോടുകൂടി ജാപ്പനീസ് വിരുദ്ധ സമരം വിജയത്തിലേക്കെത്തിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇതു മാത്രമാണ് നല്ല നയം. മറേറതൊരു നയവും ചീത്തയാണ്. നമ്മൾ കമ്യൂണിസ്റ്റുകാർ നൽകുന്ന ആത്മാർത്ഥമായ ഉപദേശമാണിത്. നിങ്ങൾക്കു മുന്നറിയിപ്പു നൽകിയില്ലെന്ന് ഞങ്ങളെ കുററപ്പെടുത്തരുതു്.

''ഭക്ഷണമുണ്ടെങ്കിൽ എല്ലാവരും അതു് പങ്കിടട്ടെ.'' ഈ പഴയ ചൈനീസ് ചൊല്ലിൽ വളരെ സത്യമടങ്ങിയിട്ടുണ്ട്. ശത്രുവിനോട് പോരാടുന്നതിൽ നാമെല്ലാവരും പങ്ക് ചേരുന്നതുകൊണ്ട്, തിന്നുന്നതിലും നാമെല്ലാവരും പങ്ക് ചേരണം. ചെയ്യേണ്ട ജോലിയും പങ്കിടണം. വിദ്യാഭ്യാസ സാദ്ധ്യതകളും നാമെല്ലാം പങ്കിടണം. ''ഞാൻ ഞാൻ മാത്രം എല്ലാമെടുക്കും,'' ''എന്നെ ദ്രോഹിക്കാൻ ഒരുത്തനും ധൈര്യപ്പെടുകയില്ല.'' എന്നെല്ലാമുള്ളതു് നാടുവാഴി പ്രഭുക്കളുടെ പഴയ സൂത്രങ്ങളല്ലാതെ മറെറാന്നുമല്ല. അതൊന്നും ആയിരത്തിതൊള്ളായിരത്തിനാല്പതുകളിൽ നടക്കാൻ പോകുന്നില്ല.

നമ്മൾ കമ്യൂണിസ്റ്റുകാർ വിപ്ലവകാരിയായ ഒരുവനേയും തള്ളി നീക്കുകയില്ല. നമ്മൾ ഐക്യമുന്നണിയിൽ ഉറച്ചുനിൽക്കുകയും അന്ത്യം വരെ ജപ്പാനെതിരായി പോരാടാൻ തയ്യാറുള്ള എല്ലാ വർഗങ്ങളും വിഭാഗങ്ങളും രാഷ്ട്രീയകക്ഷികളും ഗ്രൂപ്പുകളും വ്യക്തികളുമായി ദീർഘകാല സഹകരണം പ്രയോഗത്തിൽ വരുത്തുകയും ചെയ്യും. പക്ഷെ, കമ്യൂണിസ്റ്റു പാർട്ടിയെ തള്ളിനീക്കാൻ ചില ആളുകൾ ആഗ്രഹിക്കുകയാണെങ്കിൽ അതു നടക്കാൻ പോകുന്നില്ല. ഐക്യമുന്നണി പിളർക്കാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ അതും നടക്കാൻ പോകുന്നില്ല. ചൈന ഒന്നിച്ചുനിന്നു മുന്നേറിക്കൊണ്ട് ജപ്പാനോടുള്ള പോരാട്ടം തുടരണം. കീഴടങ്ങാനോ പിളർപ്പുകളുണ്ടാക്കാനോ പിന്നോക്കം നീങ്ങാനോ ശ്രമിക്കുന്ന ഒരുവനേയും വെച്ചുപൊറുപ്പിക്കാൻ നമ്മൾക്ക് സാദ്ധ്യമല്ല.

## 8. ''ഇടതുപക്ഷ'' വായാടിത്തത്തിന്റെ നിരാകരണം

മുതലാളിവർഗ സർവ്വാധിപത്യത്തിന്റെ, മുതലാളിത്തപാതയുടെ പ്രശ്നം ഉദിക്കുന്നില്ലെങ്കിൽ, തൊഴിലാളിവർഗ സർവ്വാധിപത്യത്തിന്റെ സോഷ്യലിസ്റ്റ്പാത സ്വീകരിക്കുവാൻ കഴിയുമോ? ഇല്ല; അതും സാദ്ധ്യമല്ല. നിസ്സംശയമായും ഇന്നത്തെ വിപ്ലവം ഒന്നാമത്തെ ചുവടുവയ്പാണ്. പിന്നീട് അതു് രണ്ടാമത്തെ ചുവടുവയ്പ്പായ സോഷ്യലിസത്തിലേയ്ക്ക് വളരും. സോഷ്യലിസത്തിന്റെ യുഗത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ മാത്രമേ ചൈനയ്ക്ക് യഥാർത്ഥ സന്തോഷം കരഗതമാവൂ. പക്ഷെ, സോഷ്യലിസം നടപ്പാക്കാനുള്ള സമയം ഇനിയും ആയിട്ടില്ല. ചൈനീസ് വിപ്ലവത്തിന്റെ ഇന്നത്തെ കടമ സാമ്രാജ്യത്വത്തോടും നാടുവാഴിത്വത്തോടും പോരാടുക എന്നതാണ്. ഈ കടമ പൂർത്തീകരിക്കപ്പെടുന്നതു വരെ സോഷ്യലിസത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. ആദ്യം പുത്തൻ ജനാധിപത്യത്തിന്റേയും പിന്നെ സോഷ്യലിസത്തിന്റേയും രണ്ടു ചുവടുവയ്പുകൾ വയ്ക്കുന്നതു് ഒഴിവാക്കാൻ ചൈനീസ്‌വിപ്ലവത്തിനു കഴിയില്ല. മാത്രമല്ല, ഒന്നാമത്തെ ചുവടുവയ്പിന് വളരെ നീണ്ടകാലം വേണ്ടിവന്നു; ഒരുരാത്രികൊണ്ടു പൂർത്തിയാക്കാൻ കഴിയില്ല. നാം സാങ്കല്പികവാദികളല്ല; നമ്മെ അഭിമുഖീകരിക്കുന്ന യഥാർത്ഥ സാഹചര്യങ്ങളിൽ നിന്നു് സ്വയം വിട്ടുനില്ക്കാൻ നമുക്ക് കഴിയുകയില്ല.

വ്യത്യസ്തമായ ഈ രണ്ടു വിപ്ലവഘട്ടങ്ങളേയും മനഃപൂർവ്വം കൂട്ടിക്കുഴച്ചുകൊണ്ട് 'മൂന്നു ജനകീയ തത്വങ്ങൾ' എല്ലാ വിപ്ലവങ്ങൾക്കും ബാധകമാണെന്നും അതുകൊണ്ട് കമ്യൂണിസത്തിന് അതിന്റെ ന്യായീകരണം നഷ്ടപ്പെട്ടിരിക്കുകയാണെന്നും തെളിയിക്കാൻ ചില കുബുദ്ധികൾ ഏക വിപ്ലവം എന്ന സിദ്ധാന്തം പ്രചരിപ്പിക്കുന്നു. ഈ 'സിദ്ധാന്തം' ഉപയോഗിച്ചുകൊണ്ട് അവർ കമ്യൂണിസത്തേയും കമ്യൂണിസ്റ്റുപാർട്ടിയേയും എട്ടാം പഥ സൈന്യത്തേയും പുതിയ നാലാം സൈന്യത്തേയും ഷെൻസി—കാൻസു—നിങ്സിയാ അതിർത്തി പ്രദേശത്തേയും ഭ്രാന്തമായി എതിർക്കുന്നു. അവരുടെ യഥാർത്ഥലക്ഷ്യം എല്ലാ വിപ്ലവത്തേയും കടപുഴക്കി നശിപ്പിക്കുക, സമൂലമായ ഒരു മുതലാളിവർഗ ജനാധിപത്യ വിപ്ലവത്തേയും ജപ്പാനെതിരായ പൂർണ്ണമായ ചെറുത്തുനില്പിനേയും എതിർക്കുക, ജാപ്പനീസ് ആക്രമണകാരികളോടൊത്തു് തങ്ങളുടെ കീഴടങ്ങലിനു് പൊതുജനാഭിപ്രായം രൂപീകരിക്കുക എന്നിവയാണ്. ജാപ്പനീസ് സാമ്രാജ്യവാദികൾ ഇതിനെ ബോധപൂർവ്വം വളർത്തിക്കൊ

ണ്ടുവരികയാണ്. വൂഹാൻ അധീനപ്പെടുത്തിയതിനുശേഷം, സൈനിക ശക്തികൊണ്ടുമാത്രം ചൈനയെ കീഴടക്കാൻ കഴിയില്ലെന്ന് അവർക്കു് ബോധ്യപ്പെട്ടു. അതുകൊണ്ടുതന്നെ അവർ രാഷ്ട്രീയാക്രമണങ്ങളുടേയും സാമ്പത്തിക പ്രലോഭനങ്ങളുടേയും മാർഗം സ്വീകരിച്ചിരിക്കുന്നു. ജാപ്പനീസ് വിരുദ്ധചേരിയിലെ ചാഞ്ചാടുന്ന ഘടകങ്ങളെ പ്രലോഭിപ്പിക്കുക, ഐക്യമുന്നണിയെ പിളർക്കുക, കുമിന്താങ്ങ്—കമ്യൂണിസ്റ്റ് സഹകരണത്തെ അട്ടിമറിക്കുക എന്നിവയാണ് അവരുടെ രാഷ്ട്രീയാക്രമണങ്ങൾ. സാമ്പത്തിക പ്രലോഭനങ്ങൾ, സംയുക്ത വ്യാവസായിക സംരംഭങ്ങൾ എന്നു വിളിക്കപ്പെടുന്നവയുടെ രൂപം കൈക്കൊള്ളുന്നു. മദ്ധ്യചൈനയിലും തെക്കൻ ചൈനയിലും ജാപ്പനീസ് ആക്രമണകാരികൾ ഇത്തരം വ്യവസായങ്ങളിൽ മൂലധനത്തിന്റെ 51% ഇറക്കാൻ ചൈനീസ് മുതലാളിമാരെ അനുവദിക്കുകയും ബാക്കിയുള്ള 49% ജാപ്പനീസ് മൂലധനംകൊണ്ടു നികത്തുകയും ചെയ്യുന്നു. വടക്കൻ ചൈനയിൽ അവർ മൂലധനത്തിന്റെ 49% ഇറക്കാൻ ചൈനീസ് മുതലാളിമാരെ അനുവദിക്കുകയും ബാക്കിയുള്ള 51% ജാപ്പനീസ് മൂലധനം നികത്തുകയും ചെയ്യുന്നു. ചൈനീസ് മുതലാളിമാരുടെ മുൻ സമ്പത്തുകൾ നിക്ഷേപത്തിന്റെ മൂലധന ഷെയറുകളുടെ രൂപത്തിൽ അവർക്കു തിരിച്ചുനൽകാൻ ജാപ്പനീസ് ആക്രമണകാരികൾ വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ലാഭസാധ്യതകൊണ്ട്, ചില മനഃസാക്ഷി ഇല്ലാത്ത മുതലാളിമാർ, എല്ലാ ധാർമ്മിക തത്വങ്ങളും മറക്കുന്നതിനു് ഒരു ശ്രമം നടത്താൻ വെമ്പുകയും ചെയ്യുന്നു. വാങ്ങ്ചിങ്ങ്—വെ പ്രതിനിധാനം ചെയ്യുന്ന ഒരുവിഭാഗം കീഴടങ്ങിക്കഴിഞ്ഞു. ജാപ്പനീസ് വിരുദ്ധചേരിയിൽ ഒളിച്ചിരിക്കുന്ന മറ്റൊരു വിഭാഗവും കൂറുമാറാൻ ഇഷ്ടപ്പെടും. പക്ഷെ കള്ളൻമാരെപ്പോലെ ഭീരുക്കളായ അവർ തങ്ങൾ പോകുന്നതിനെ, കമ്യൂണിസ്റ്റുകാർ തടയുമെന്നും മാത്രമല്ല, സാധാരണ ജനങ്ങൾ തങ്ങളെ രാജ്യദ്രോഹികളായി മുദ്ര കുത്തുമെന്നും ഭയപ്പെടുന്നു. അതുകൊണ്ട് അവർ കൂടിയാലോചിക്കുകയും, സംസ്കാരിക മണ്ഡലത്തിലൂടെയും, പത്രലോകത്തിലൂടെയും കീഴടങ്ങലിനു കളമൊരുക്കാൻ തീരുമാനിക്കുകയും ചെയ്തു.

തങ്ങളുടെ നയം തീരുമാനിച്ചതിനുശേഷം അവർ ഒട്ടും സമയം കളയാതെ, കുറച്ച് ''അതിഭൗതിക വായാടി''24കളേയും ഏതാനും ട്രോട്സ്കിയിസ്റ്റുകളേയും വാടകയ്ക്കെടുത്തിരുന്നു. ഇവർ തങ്ങളുടെ പേനകൾ കുന്തംകണക്കേ ചുഴററിക്കൊണ്ട് എല്ലാ ദിശകളിലേക്കും കടന്നാക്രമണം നടത്തുകയും ആശയക്കുഴപ്പം സൃഷ്ടിക്കുകയുമാണ്. അതുകൊണ്ടാണ് തങ്ങളുടെ ചുററും ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നതു് എന്താണെന്നു മനസ്സിലാക്കാത്തവരെ വഞ്ചിക്കാനായി ചാക്കുകണക്കിനു് കൗശലങ്ങൾ ഇറക്കിയിരിക്കുന്നതു്. ഒരു ''ഏകവിരുപ്പവസിദ്ധാന്തം'', കമ്യൂണിസം ചൈനയിലെ ദേശീയ സാഹചര്യങ്ങൾക്കു് അനുയോജ്യമല്ല, ചൈനയിൽ ഒരു കമ്യൂണിസ്റ്റുപാർട്ടിയുടെ ആവശ്യമില്ല; എട്ടാംപഥ സൈന്യവും നാലാം സൈന്യവും, ജാപ്പനീസ് വിരുദ്ധയുദ്ധത്തെ അട്ടിമറിക്കുകയാണ്, പോരാടാതെ വെറുതെ അലഞ്ഞുതിരിയുകയാണ്, ഷെൻസി—കാൻസു—നിങ്ങ്സിയാ അതിർത്തിമേഖല ഒരു ഫ്യൂഡൽ വിഭാഗീയ ഭരണമാണ്, കമ്യൂണിസ്റ്റുപാർട്ടി അച്ചടക്കമില്ലാത്തവരും, എതിർക്കുന്നവരും, ഉപജാപം നടത്തുന്നവരും, ശിഥിലീകരണക്കാരുമാണ് എന്നിങ്ങനെയുള്ള കഥകൾ, ഇതെല്ലാംതന്നെ, മുതലാളിമാർക്കു് തങ്ങളുടെ 49—ഓ 51—ഓ ശതമാനം കിട്ടുന്നതിനും പററിയ സമയത്തു് ദേശീയതാല്പര്യങ്ങൾ ശത്രുവിനു് വില്ക്കുന്നതിനു് കളമൊരുക്കുന്നതിനും വേണ്ടിയാണ്. ''തൂണുകളും ഉത്തരങ്ങളും മോഷ്ടിച്ച് പകരം ജീർണ്ണിച്ച തടികൾ വെയ്ക്കലാണിതു്.''

തങ്ങളുടെ ഉദ്ദിഷ്ടമായ കീഴടങ്ങലിനുവേണ്ടി പൊതുജനാഭിപ്രായം ഒരുക്കിയെടുക്കലാണിത്. അങ്ങനെ പ്രകടമായ എല്ലാ ഗൗരവബുദ്ധിയോടും കൂടി കമ്യൂണിസത്തേയും കമ്യൂണിസ്റ്റുപാർട്ടിയേയും എതിർക്കാനായി ഒരു ''ഏകവിപ്ലവസിദ്ധാന്തം'' അവതരിപ്പിക്കുന്ന ഈ മാന്യൻമാർക്ക് വേണ്ടത് അവരുടെ 49–ാം 51–ാം ശതമാനമല്ലാതെ മറ്റൊന്നുമല്ല. അവർ എത്രമാത്രം തല പുണ്ണാക്കിയിരിക്കും! ഒരു ''ഏകവിപ്ലവത്തിൻെറ സിദ്ധാന്തം'' വിപ്ലവംതന്നെ വേണ്ടെന്നില്ലെന്നതിൻെറ സിദ്ധാന്തം മാത്രമാണ്. അതാണ് പ്രവൃത്തിൻെറ കാതൽ.

എന്നാൽ പ്രകടമായ ദുരുദ്ദേശങ്ങളൊന്നുമില്ലാത്തവരും, ഒരു ''ഏകവിപ്ലവത്തിൻെറ സിദ്ധാന്തവും'' ''ഒററയടിക്ക് രാഷ്ട്രീയവിപ്ളവവും സാമൂഹ്യവിപ്ളവവും നടത്തുന്നതിനെക്കുറിച്ച്'' ചപലമായ ധാരണയും കൊണ്ട് വഴി തെററിക്കപ്പെട്ടിട്ടുള്ളവരുമായ മററാളുകളും ഉണ്ട്. നമ്മുടെ വിപ്ളവം ഘട്ടങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്നും ആദ്യത്തേത് നടപ്പിലാക്കിയതിനുശേഷം മാത്രമേ വിപ്ളവത്തിൻെറ അടുത്ത ഘട്ടത്തിലേക്ക് കടക്കാൻ നമുക്കു കഴിയൂ എന്നും ഒററയടിക്ക് ''രണ്ടുംകൂടി നടപ്പിലാക്കുക'' എന്നൊരു സംഗതിയില്ലെന്നും അവർ മനസ്സിലാക്കുന്നില്ല. അതുപോലെ അവരുടെ സമീപനവും വളരെ അപകടകരമാണ്. എന്തുകൊണ്ടെന്നാൽ, വിപ്ളവത്തിനു സ്വീകരിക്കേണ്ടതായ ചുവടുവെപ്പുകൾ അവർ കൂട്ടിക്കുഴക്കുകയും, ഇപ്പോഴത്തെ കടമ നിർവ്വഹിക്കുന്നതിനുള്ള യത്നങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. രണ്ടു വിപ്ളവഘട്ടങ്ങളെക്കുറിച്ച്, ആദ്യത്തേത് രണ്ടാമത്തേതിനുള്ള സാഹചര്യങ്ങൾ നൽകുന്നുവെന്നും ബൂർഷ്വാ സർവ്വാധിപത്യത്തിൻെറ ഘട്ടം കടന്നുവരാൻ അനുവദിക്കാതെ രണ്ടും ക്രമാനുഗതമായിരിക്കണമെന്നും പറയുന്നത് ശരിയും, വിപ്ളവപരമായ വളർച്ചയെ സംബന്ധിച്ചുള്ള മാർക്സിസ്റ്റ് തത്വത്തിനനുസൃതവുമാണ്. എന്നിരുന്നാലും ജനാധിപത്യവിപ്ളവത്തിന് അതിൻേറതായ പ്രത്യേക കടമയും സ്വന്തം കാലയളവുമില്ലെന്നും മറിച്ച്, മറ്റൊരു കടമയോടൊപ്പം കൂട്ടിച്ചേർക്കാനും ഒരേ സമയം നടപ്പാക്കാനും കഴിയുമെന്നും (ഇതിനെയാണ് അവർ ''രണ്ടും ഒററയടിക്ക് നടപ്പിലാക്കുക'' എന്ന് വിളിക്കുന്നത്) പറയുന്നത് യഥാർത്ഥ വിപ്ളവകാരികൾ തള്ളിക്കളഞ്ഞിട്ടുള്ള ഒരു സാങ്കൽപ്പിക വീക്ഷണമാണ്.

## 9. മൂരാച്ചികളെ നിരാകരിക്കൽ

മുതലാളിത്ത മൂരാച്ചികൾ (Bourgeos die hards) തങ്ങളുടെ മുഖ്യ് മുന്നോട്ടുവന്ന് ഇങ്ങിനെ പറയുന്നു. 'കൊള്ളാം നിങ്ങൾ കമ്യൂണിസ്റ്റുകാർ, സോഷ്യലിസ്റ്റ് വ്യവസ്ഥയെ പിന്നീട് ഒരു ഘട്ടത്തിലേയ്ക്ക് നീട്ടിവെക്കുകയും ''ചൈനക്ക്'' ഇന്നാവശ്യമുള്ളത് മൂന്നു ജനകീയ തത്വങ്ങൾ ആയതുകൊണ്ട് ഞങ്ങളുടെ പാർട്ടി അവയുടെ പൂർണ്ണമായ സാക്ഷാല്ക്കാരത്തിനുവേണ്ടി പോരാടാൻ തയ്യാറാണെന്ന്[25] പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. ശരി അങ്ങിനെയാണെങ്കിൽ തല്ക്കാലത്തേയ്ക്ക് നിങ്ങളുടെ കമ്യൂണിസം എടുത്ത് ചുരുട്ടിവെയ്ക്കുക.' ഈ അടുത്ത കാലത്ത് 'ഏകസിദ്ധാന്തതത്വ'ത്തിൻെറ രൂപത്തിൽ ഇതുപോലുള്ള വാദഗതിയോടുകൂടി ഭീതിജനകമായ ഒരു കോലാഹലം ഉയർത്തിവിട്ടിട്ടുണ്ട്. അന്ത:സത്തയിൽ അത് മുതലാളിത്ത സ്വേച്ഛാധിപത്യത്തിനുവേണ്ടിയുള്ള യാഥാസ്ഥിതികരുടെ ആക്രോശമാണ്. എന്നിരുന്നാലും മിതമായ ഭാഷയിൽ പറഞ്ഞാൽ സാമാന്യബുദ്ധിക്കുപോലും തീരെ നിരക്കാത്തത് എന്നുതന്നെ അതിനെക്കുറിച്ചു പറയാം.

കമ്യൂണിസം ഒരേ സമയം തൊഴിലാളിവർഗ്ഗ പ്രത്യയ ശാസ്ത്രത്തിൻെറ ഒരു പൂർണ്ണ നൈപുണ്യവ്യവസ്ഥയും ഒരു പുതിയ സാമൂഹ്യവ്യവസ്ഥയുമാണ്. മറേറതൊരു പ്രത്യയശാസ്ത്രത്തിൽനിന്നോ സാമൂഹ്യവ്യവസ്ഥയിൽനിന്നോ അതു വിഭിന്നമാണ്. മാനവചരിത്രത്തിലെ ഏററവും പൂർണ്ണവും പുരോഗമനപരവും വിപ്ലവപരവും യുക്തിസഹവുമാണതു്. ഫ്യൂഡലിസത്തിൻെറ പ്രത്യയശാസ്ത്രപരവും സാമൂഹ്യവുമായ വ്യവസ്ഥയ്ക്കു് ചരിത്രത്തിൻെറ കാഴ്ചബംഗ്ലാവിൽ മാത്രമേ സ്ഥാനമുള്ളൂ. മുതലാളിത്തത്തിൻെറ പ്രത്യയശാസ്ത്ര സാമൂഹ്യവ്യവസ്ഥയും ലോകത്തിൻെറ ഒരു ഭാഗത്തു് (സോവ്യററ് യൂണിയനിൽ) കാഴ്ചബംഗ്ലാവിലെ ഒരു വസ്തുവായി തീർന്നിരിക്കുന്നു. അതേസമയം മററു രാജ്യങ്ങളിലതു് പടിഞ്ഞാറൻ കുന്നുകൾക്കപ്പുറത്തു് അസ്തമിക്കുന്ന സൂര്യനെപ്പോലെ അതിവേഗം മരിച്ചു കൊണ്ടിരിക്കുന്ന ഒരു വ്യക്തിയോടു് സാദൃശ്യം പുലർത്തുന്നു. അടുത്തുതന്നെ കാഴ്ചബംഗ്ലാവിലേക്കു് നീക്കം ചെയ്യപ്പെടുകയും ചെയ്യും. കമ്യൂണിസ്റ്റു് പ്രത്യയശാസ്ത്ര സാമൂഹ്യവ്യവസ്ഥ മാത്രമാണ് നിറഞ്ഞ യുവത്വത്തോടും ഊർജ്ജസ്വലതയോടുംകൂടി, ഒരു ഹിമനിപാതത്തിൻെറ ഊക്കോടും ഇടിവെട്ടിൻെറ ശക്തിയോടും ലോകത്തിൽ വ്യാപിക്കുന്നതു്. ചൈനയിൽ ശാസ്ത്രീയ കമ്യൂണിസം കടന്നുവന്നതോടെ ജനങ്ങൾക്കു പുതിയ മേഖലകൾ തുറന്നുകിട്ടുകയും ചൈനീസ് വിപ്ലവത്തിൻെറ മുഖഭാവംതന്നെ മാറുകയും ചെയ്തിരിക്കുന്നു. കമ്യൂണിസം വഴികാട്ടുവാനില്ലെങ്കിൽ ചൈനയുടെ ജനാധിപത്യ വിപ്ലവത്തിനു് വിജയിക്കാൻ കഴിയില്ല. അടുത്ത ഘട്ടത്തിലേക്കു നീങ്ങുന്നതിൻെറ കാര്യം പറയുകയേ വേണ്ട. കമ്യൂണിസം 'ചുരുട്ടി' വയ്ക്കണമെന്നു് ബൂർഷ്വാ യാഥാസ്ഥിതികന്മാർ ഇത്ര ഉച്ചത്തിൽ ആവശ്യപ്പെടുന്നതിൻെറ കാരണം ഇതാണ്. പക്ഷെ അതു 'ചുരുട്ടിവയ്ക്കു'രുതു്. കാരണം കമ്യൂണിസം ചുരുട്ടിവെച്ചുപോയാൽ ചൈന നശിക്കുമെന്നു തീർച്ചയാണ്. ഇന്നു് മുഴുവൻ ലോകവും അതിൻെറ മോചനത്തിനു് കമ്യൂണിസത്തെയാണാശ്രയിക്കുന്നതു്. ചൈന അതിനൊരപവാദമല്ല.

കമ്യൂണിസ്റ്റു് പാർട്ടിക്കു് അതു് നിലകൊള്ളുന്ന സാമൂഹ്യവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ഒരടിയന്തിര പരിപാടിയും ഒരു ഭാവിപരിപാടിയും ഉണ്ടെന്നു്; ഒരു പരിമിതമായ പരിപാടിയും ഒരു വിപുലമായ പരിപാടിയും ഉണ്ടെന്നു്, എല്ലാവർക്കുമറിയാം. ഈ കാലഘട്ടത്തിനു് പുത്തൻ ജനാധിപത്യവും ഭാവിയിലേക്കു് സോഷ്യലിസവും; ഇവ ഒരേ കമ്യൂണിസ്റ്റു് പ്രത്യയശാസ്ത്രം വഴികാട്ടുന്ന ഒരു ജൈവ പൂർണ്ണതയുടെ രണ്ടു ഭാഗങ്ങളാണ്. അതുകൊണ്ടു് കമ്യൂണിസ്ററു പാർട്ടിയുടെ മിനിമം പരിപാടി, മൂന്നു ജനകീയ തത്വങ്ങളുടെ രാഷ്ട്രീയ സിദ്ധാന്തങ്ങളുമായി അടിസ്ഥാനപരമായി യോജിക്കുന്നുവെന്നതിനാൽ കമ്യൂണിസത്തിനെ ചുരുട്ടിവെയ്ക്കുന്നതിനുവേണ്ടിയുള്ള കോലാഹലം അങ്ങേയററത്തെ അസംബന്ധമല്ലേ? ഇവ രണ്ടും തമ്മിലുള്ള അടിസ്ഥാനപരമായ യോജിപ്പു തന്നെയാണ് 'ജാപ്പനീസ് വിരുദ്ധ ഐക്യമുന്നണിയുടെ രാഷ്ട്രീയാടിസ്ഥാനമെന്ന നിലയ്ക്കു് മൂന്നു ജകീയ തത്വങ്ങളെ' അംഗീകരിക്കാനും 'ഇന്നു ചൈനക്കാവശ്യമായിട്ടുള്ളതു് മൂന്നു ജനകീയ തത്വങ്ങളായതുകൊണ്ടു്, അവയുടെ പൂർണ്ണതയുടെ സാക്ഷാത്ക്കാരത്തിനുവേണ്ടി പോരാടാൻ ഞങ്ങൾ തയ്യാറാണ്' എന്നു് സമ്മതിക്കാനും കമ്യൂണിസ്ററുകാർക്കു് കഴിയുന്നതു്. അല്ലെങ്കിൽ ഇത്തരമൊരു സാദ്ധ്യതയേ നിലനിൽക്കുകയില്ല. നമുക്കിവിടെ ജനാധിപത്യ വിപ്ളവത്തിൻെറ ഘട്ടത്തിൽ, കമ്യൂണിസവും മൂന്നു ജനകീയതത്വങ്ങളും തമ്മിലുള്ള ഒരു ഐക്യമുന്നണി ജനാധിപത്യ വിപ്ലവത്തിൻെറ ഈ ഘട്ടത്തിൽ നമുക്കിവിടെയുണ്ടു്. മൂന്നു ജനകീയതത്വങ്ങളുടെ നല്ല സുഹൃത്താണ് കമ്യൂണിസം''26 എന്നു് ഡോ: സൺ

യാത്സൺ പറഞ്ഞപ്പോഠം അദ്ദേഹം വിഭാവനം ചെയ്തതു് ഈ ഐക്യമു ന്നണി തന്നെയാണ്. കമ്യൂണിസത്തെ നിരസിക്കുന്നതു് വാസ്തവത്തിൽ ഐക്യമുന്നണിയെ നിരസിക്കലാണ്. യഥാർത്ഥത്തിൽ ഐക്യമുന്നണി യെ നിരസിക്കാനും തങ്ങളുടെ ഏക പാർട്ടിസിദ്ധാന്തം നടപ്പിൽ വരുത്താ നും ആഗ്രഹിക്കുന്നതുകൊണ്ടുതന്നെയാണ് കമ്യൂണിസത്തെ നിരസിക്കുന്ന തിനു വേണ്ടിയുള്ള അസംബന്ധ വാദഗതികഠം യാഥാസ്ഥിതികർ കെട്ടി ചമച്ചിട്ടുള്ളതു്.

മാത്രമല്ല, ''ഏകസിദ്ധാന്തതത്വം'' ഒരസംബന്ധമാണ്. വർഗ്ഗ ങ്ങഠം നിലനില്ക്കുന്നിടത്തോളം കാലം എത്ര വർഗ്ഗങ്ങളുണ്ടോ, അത്രയും സിദ്ധാന്തങ്ങളുമുണ്ടാകും. ഒരേ വർഗ്ഗത്തിലെ വിവിധ ഗ്രൂപ്പുകഠംക്കുപോ ലും തങ്ങളുടെ വ്യത്യസ്ത സിദ്ധാന്തങ്ങളുണ്ടായിരിക്കും. ജന്മി—നാടുവാഴി വർഗ്ഗത്തിനു് ഒരു ജന്മി—നാടുവാഴിത്ത സിദ്ധാന്തവും മുതലാളി വർഗ്ഗത്തി നു് ഒരു മുതലാളിത്ത സിദ്ധാന്തവും ബുദ്ധമതക്കാർക്കു് ഒരു ബുദ്ധമത സി ദ്ധാന്തവും ക്രിസ്ത്യാനികഠംക്കു് ക്രിസ്തുമത സിദ്ധാന്തവും കർഷകർക്കു് ബഹു ദൈവ വിശ്വാസവും ഉണ്ടു്. അടുത്ത കാലത്തായി ചില ആളുകഠം കെമാ ലിസം, ഫാസിസം, അതീതശക്തിസിദ്ധാന്തം27 അദ്ധ്വാനത്തിനനുസരി ച്ചു് വിതരണമെന്ന സിദ്ധാന്തം28 അങ്ങനെ എന്തെന്തെല്ലാം സിദ്ധാന്ത ങ്ങഠം മുന്നോട്ടുവച്ചിരിക്കുന്നു! അപ്പോഠം തൊഴിലാളിവർഗ്ഗത്തിനു് എന്തു കൊണ്ടു് അതിൻെറ കമ്യൂണിസം ആയിക്കൂടാ? എണ്ണമററ ''ഇസങ്ങഠം'' നിലവിലുള്ളപ്പോഠം എന്തുകൊണ്ടാണ് കമ്യൂണിസത്തെ കാണുമ്പോഠം അതു് ''ചുരുട്ടിവെയ്ക്കുക'' എന്നു് ആക്രോശിക്കുന്നതു്? തുറന്നു പറഞ്ഞാൽ ''ചുരുട്ടിവെയ്ക്കൽ'' നടക്കാൻ പോകുന്നില്ല. മറിച്ചു് നമുക്കൊരു മത്സരം നടത്തിനോക്കാം. കമ്യൂണിസം തോല്പിക്കപ്പെടുകയാണെങ്കിൽ ഞങ്ങഠം കമ്യൂണിസ്റ്റുകാർ മാന്യമായിത്തന്നെ പരാജയം സമ്മതിക്കും. പക്ഷെ മറിച്ചാണെങ്കിൽ ജനാധിപത്യ തത്വങ്ങളെ ലംഘിക്കുന്ന 'ഏകസിദ്ധാന്ത' ത്തെക്കുറിച്ചുള്ള ചപ്പുചവറുകളെല്ലാം കഴിയുന്നത്ര വേഗത്തിൽ 'ചുരുട്ടി വെയ്ക്കണം.''

തെററിദ്ധാരണ ഒഴിവാക്കാനും യാഥാസ്ഥിതികരുടെ ആശയവ്യ ക്തതയ്ക്കുംവേണ്ടി മൂന്നു ജനാധിപത്യ തത്വങ്ങളും കമ്യൂണിസവും തമ്മിൽ എവിടെയാണ് യോജിക്കുന്നതെന്നും, എവിടെ യോജിക്കുന്നില്ലെന്നും വ്യ ക്തമാക്കേണ്ടതു് അത്യാവശ്യമാണ്.

രണ്ടും തമ്മിലുള്ള താരതമ്യം അവ തമ്മിലുള്ള സാദൃശ്യങ്ങളും അന്ത രങ്ങളും വെളിവാക്കുന്നു.

ആദ്യം സാദൃശ്യങ്ങഠം എടുക്കാം. ചൈനയിലെ ബൂർഷ്വാ ജനാ ധിപത്യ വിപ്ലവത്തിൻെറ ഘട്ടത്തിലെ രണ്ടു സിദ്ധാന്തങ്ങളുടേയും അടി സ്ഥാന രാഷ്ട്രീയ പരിപാടിയിൽ അവ കാണാം. 1924—ൽ ഡോ: സൺയാത്—സൺ പുനർവ്യാഖ്യാനം ചെയ്ത രീതിയിലുള്ള ദേശീയത്വം, ജനാധിപത്യം, ജനങ്ങളുടെ ഉപജീവനം എന്നീ വിപ്ലവപരമായ മൂന്നു ജന കീയ തത്വങ്ങളുടെ മൂന്നു രാഷ്ട്രീയപ്രമാണങ്ങഠം ചൈനയിലെ ജനാധി പത്യത്തിൻെറ ഘട്ടത്തിലേയ്ക്കുള്ള കമ്യൂണിസ്റ്റ് രാഷ്ട്രീയ പരിപാടിയു മായി അടിസ്ഥാനപരമായി സമാനമാണ്. ഈ സാദൃശ്യങ്ങഠം നിമി ത്തവും ''മൂന്നു ജനകീയതത്വങ്ങഠം'' നടപ്പിലാക്കുന്നതുനിമിത്തവും ഈ രണ്ടു സിദ്ധാന്തങ്ങളുടേയും രണ്ടു പാർട്ടികളുടേയും ഐക്യമുന്നണി നിലവിൽ വന്നു. ഈ വശം അവഗണിക്കുന്നതു് തെററാണ്.

ഇനി വ്യത്യാസങ്ങഠം: 1) ജനാധിപത്യ വിപ്ലവത്തിൻെറ ഘട്ട ത്തിലേയ്ക്കുള്ള പരിപാടിയിൽ ഭാഗികമായ ഒരു അന്തരമുണ്ടു്. പൂർണ്ണമായ ജനാധിപത്യ വിപ്ലവത്തിനുള്ള കമ്യൂണിസ്റ്റ് പരിപാടിയിൽ ജനങ്ങഠം

ക്കുള്ള പൂർണ്ണ അവകാശങ്ങളും എട്ടുമണിക്കൂർ ജോലിദിവസവും സമൂലമായ ഒരു കാർഷിക വിപ്ലവവും ഉൾപ്പെട്ടത്തിയിരിക്കുന്നു. അതേസമയം മൂന്നു ജനകീയതത്വങ്ങളിൽ അവയില്ല. മൂന്നു ജനകീയതത്വങ്ങളോട് ഇവകൂടി ചേർക്കുകയും അവ നടപ്പാക്കുന്നതിനുള്ള സന്നദ്ധത ഉണ്ടായിരിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഈ രണ്ടു ജനാധിപത്യപരിപാടികളും അടിസ്ഥാനപരമായി മാത്രമേ ഒന്നായിരിക്കുകയുള്ളൂ. അവ പൂർണ്ണമായും ഒന്നാണെന്ന് പറയാൻ കഴിയുകയില്ല. 2) ഒരെണ്ണത്തിൽ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടം ഉൾപ്പെടുകയും മററതിൽ അതില്ലാതിരിക്കുകയും ചെയ്യുന്നുവെന്നതാണ് മറെറാരു വ്യത്യാസം. കമ്യൂണിസം ജനാധിപത്യവിപ്ലവത്തിന്റെ ഘട്ടത്തിനപ്പുറം സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഒരു ഘട്ടം വിഭാവനം ചെയ്യുന്നു. അതുകൊണ്ടു് അതിന്റെ മിനിമംപരിപാടിക്കപ്പുറം ഒരു വിപുലമായ പരിപാടി, അതായതു് സോഷ്യലിസവും കമ്യൂണിസവും കൈവരിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൂടിയുണ്ടു്. ജനാധിപത്യ വിപ്ലവത്തിന്റെ ഘട്ടം മാത്രം വിഭാവനം ചെയ്യുകയും സോഷ്യലിസ്റ്റ് ഘട്ടം കാണാതിരിക്കുകയും ചെയ്യുന്ന മൂന്നു ജനാധിപത്യതത്വങ്ങൾക്ക് ഒരു മിനിമംപരിപാടി മാത്രമേയുള്ളൂ, ഒരു വിപുലമായ പരിപാടിയില്ല. അതായതു്, സോഷ്യലിസവും കമ്യൂണിസവും സ്ഥാപിക്കാനുള്ള പരിപാടി അവർക്കില്ല. 3) ലോകവീക്ഷണത്തിലും വ്യത്യാസമുണ്ടു്. കമ്യൂണിസത്തിന്റെ ലോകവീക്ഷണം വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദമാണ്. അതേസമയം മൂന്നു ജനകീയതത്വങ്ങൾ, ചരിത്രത്തെ വിശദീകരിക്കുന്നതു് ജനങ്ങളുടെ ഉപജീവനത്തിന്റെ പേരിലാണ്. അതു് അന്തസത്തയിൽ ദ്വൈതവാദപരമോ ആശയവാദപരമോ ആയ വീക്ഷണമാണ്. രണ്ടു ലോകവീക്ഷണങ്ങളും പരസ്പരവിരുദ്ധമാണ. 4) വിപ്ലവപരമായ പരിപൂർണ്ണതയുടെ കാര്യത്തിലും വ്യത്യാസമുണ്ടു്. കമ്യൂണിസ്റ്റുകാരുടെ കാര്യത്തിൽ സിദ്ധാന്തവും പ്രയോഗവും ഒരുമിച്ചുപോകുന്നു. അതായതു് കമ്യൂണിസ്റ്റുകാർക്ക് വിപ്ളവപരമായ പരിപൂർണ്ണതയുണ്ടു്. മൂന്നു ജനകീയതത്വങ്ങളുടെ അനുയായികളുടെ കാര്യത്തിൽ വിപ്ളവത്തോടും സത്യത്തോടും പൂർണ്ണമായ കൂറുള്ളവരൊഴിച്ചാൽ ബാക്കിയുള്ളവരുടെ കാര്യത്തിൽ സിദ്ധാന്തവും പ്രയോഗവും ഒരുമിച്ച് പോകുന്നില്ല. അവരുടെ പ്രവൃത്തികൾ വാക്കുകൾക്ക് വിപരീതമാണ്. അതായതു് അവർക്ക് വിപ്ളവപരമായ പരിപൂർണ്ണതയില്ല. മുകളിൽ പറഞ്ഞവയാണ് രണ്ടും തമ്മിലുള്ള വ്യത്യാസങ്ങൾ. അവ കമ്യൂണിസ്റ്റുകാരെ മൂന്നു ജനകീയതത്വത്തിന്റെ അനുയായികളിൽനിന്ന് വേർതിരിച്ച് കാണിക്കുന്നു. ഈ വ്യത്യാസം അവഗണിക്കുകയും ഐക്യത്തിന്റെ വശംമാത്രം കാണുകയും വൈരുദ്ധ്യം കാണാതിരിക്കുകയും ചെയ്യുന്നതു് നിസ്സംശയമായും വളരെ തെററാണ്.

ഇതെല്ലാം മനസ്സിലാക്കിക്കഴിഞ്ഞാൽ കമ്യൂണിസം ''ചുരുട്ടിവെയ്ക്കണ''മെന്നു യാഥാസ്ഥിതികന്മാർ ആവശ്യപ്പെടുമ്പോൾ അവരുടെ മനസ്സിലുള്ളതെന്താണെന്നു കാണാൻ എളുപ്പമാണ്. മുതലാളിവർഗ്ഗസ്വേഛാധിപത്യമെന്നല്ല ഇതിനർത്ഥമെങ്കിൽ ഇതിനൊരർത്ഥവുമില്ല.

## 10. മൂന്നു ജനകീയതത്വങ്ങൾ പഴയതും പുതിയതും

ബൂർഷ്വാ യാഥാസ്ഥിതികന്മാർക്ക് ചരിത്രപരമായ പരിവർത്തനത്തെക്കുറിച്ച് ഒരുതരത്തിലുമുള്ള ധാരണയില്ല. പ്രായോഗികമായി ഇല്ലെന്നുതന്നെ പറയത്തക്കവിധത്തിൽ അത്ര ദരിദ്രമാണ് അവരുടെ അറിവ്.

കമ്യൂണിസവും മൂന്നു ജനകീയതത്വങ്ങളും തമ്മിലുള്ള വ്യത്യാസമോ പുതിയ മൂന്നു ജനകീയതത്വങ്ങളും പഴയ മൂന്നു ജനകീയതത്വങ്ങളും തമ്മിലുള്ള വ്യത്യാസമോ അവർക്കറിഞ്ഞുകൂടാ.

ഞങ്ങൾ കമ്യൂണിസ്റ്റുകാർ 'ജാപ്പനീസ് വിരുദ്ധ ദേശീയ ഐക്യ മുന്നണിയുടെ രാഷ്ട്രീയ അടിത്തറയെന്ന നിലയ്ക്കു് മൂന്നു ജനകീയതത്വങ്ങളെ' അംഗീകരിക്കുന്നു. ''ഇന്നു ചൈനയ്ക്കു് ആവശ്യമുള്ളവയാണു് മൂന്നു ജനകീയതത്വങ്ങൾ എന്നതുകൊണ്ടു് ഞങ്ങളുടെ പാർട്ടി അവയുടെ പൂർണ്ണമായ സാക്ഷാത്കാരത്തിനുവേണ്ടി പോരാടാൻ തയ്യാറാണു്'' എന്നും ഞങ്ങൾ സമ്മതിക്കുന്നു. കമ്യൂണിസ്റ്റു് മിനിമം പരിപാടിയും മൂന്നു ജനകീയതത്വങ്ങളുടെ രാഷ്ട്രീയപ്രമാണങ്ങൾ തമ്മിലുള്ള അടിസ്ഥാനപരമായ യോജിപ്പും ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷെ, ഏതുതരം മൂന്നു ജനകീയതത്വങ്ങൾ? ക്വമിന്താങ്ങിന്റെ ഒന്നാം ദേശീയ കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിൽ ഡോ: സൺയാററ്—സൺ പുനർവ്യാഖ്യാനം ചെയ്ത തരത്തിലുള്ള മൂന്നു ജനകീയതത്വങ്ങൾ അല്ലാതെ വേറൊന്നുമല്ല. ഈ യാഥാസ്ഥിതികന്മാർ തങ്ങൾ വളരെ ഉത്സാഹപൂർവ്വം ഏർപ്പെട്ടിരിക്കുന്ന ''കമ്യൂണിസത്തെ നിയന്ത്രിക്കാനും'', ''കമ്യൂണിസത്തെ നശിപ്പിക്കാനും'', ''കമ്യൂണിസത്തോടു പോരാടാനും'' ഉള്ള പ്രവൎത്തനത്തിൽനിന്നു് ഒരു നിമിഷം ഈ മാനിഫെസ്റ്റോയിലൂടെ കണ്ണോടിക്കാൻ ഉപയോഗിച്ചിരുന്നവെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. ആ മാനിഫെസ്റ്റോയിൽ ഡോ: സൺയാററ്—സൺ പറഞ്ഞു: ''ക്വമിന്താങ്ങിന്റെ മൂന്നു ജനകീയതത്വങ്ങളുടെ ശരിയായ വ്യാഖ്യാനമിതാണു്.'' അതുകൊണ്ടു് ഇവ മാത്രമാണു് യഥാൎത്ഥ മൂന്നു ജനകീയതത്വങ്ങൾ. മററുള്ളവയെല്ലാം വ്യാജമാണു്. ഈ മൂന്നു ജനകീയതത്വങ്ങളുടെ ശരിയായ ഏകവ്യാഖ്യാനം ക്വമിന്താങ്ങിന്റെ ഒന്നാം ദേശീയ കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിൽ അടങ്ങിയിട്ടുള്ളതാണു്. മററെല്ലാ വ്യാഖ്യാനങ്ങളും തെററാണു്. യഥാർത്ഥത്തിൽ ഇതു് കമ്യൂണിസ്റ്റുകാർ കെട്ടിച്ചമച്ചതല്ല; കാരണം ധാരാളം ക്വമിന്താങ്ങ് അംഗങ്ങളും ഞാൻ വ്യക്തിപരമായും ഈ മാനിഫെസ്റ്റോ അംഗീകരിക്കുന്നതിൽ സാക്ഷ്യംവഹിച്ചിട്ടുണ്ടു്.

ഈ മാനിഫെസ്റ്റോ മൂന്നു ജനകീയ തത്വങ്ങളുടെ ചരിത്രത്തിലെ രണ്ടു കാലഘട്ടങ്ങളെ വേർതിരിക്കുന്നു. ഇതിനു മുമ്പും അവ പഴയ വിഭാഗത്തിൽപെട്ടതായിരുന്നു. അവ ഒരു അർദ്ധഅധിനിവേശിതരാജ്യത്തിലെ പഴയ ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിന്റെ മൂന്നു ജനകീയതത്വങ്ങൾ; പഴയ ജനാധിപത്യത്തിന്റെ മൂന്നു ജനകീയ തത്വങ്ങളായിരുന്നു.

അതിനുശേഷം അവ പുതിയ വിഭാഗത്തിൽപ്പെട്ടതായിത്തീർന്നു. അവ അർദ്ധഅധിനിവേശിത രാജ്യത്തിലെ പുത്തൻ ജനാധിപത്യവിപ്ലവത്തിന്റെ മൂന്നു ജനകീയ തത്വങ്ങൾ, പുത്തൻ ജനാധിപത്യത്തിന്റെ മൂന്നു ജനകീയ തത്വങ്ങൾ; അതായതു് പുതിയ മൂന്നു ജനകീയ തത്വങ്ങൾ ആയിത്തീർന്നു. ഇവ മാത്രമാണു് പുതിയ കാലഘട്ടത്തിലെ വിപ്ളവപരമായ മൂന്നു ജനകീയ തത്വങ്ങൾ.

പുതിയ കാലഘട്ടത്തിലെ വിപ്ളവപരമായ മൂന്നു ജനകീയ തത്വങ്ങളിൽ അതായതു്, പുതിയ അഥവാ യഥാർത്ഥ മൂന്നു ജനകീയ തത്വങ്ങളിൽ റഷ്യയുമായുള്ള സഖ്യം, കമ്യൂണിസ്റ്റുപാർട്ടിയുമായുള്ള സഹകരണം, കർഷകർക്കും തൊഴിലാളികൾക്കും സഹായം എന്നീ 'മൂന്നു മഹത്തായ നയങ്ങളിൽ എല്ലാമില്ലെങ്കിൽ മൂന്നു ജനകീയ തത്വങ്ങൾ പുതിയ കാലഘട്ടത്തിൽ തെറേറാ അപൂർണ്ണമോ ആയിത്തീരുന്നു.

ഒന്നാമതായി വിപ്ലവപരമായ പുതിയ അഥവാ യഥാർത്ഥ മൂന്ന ജനകീയ തത്വങ്ങളിൽ റഷ്യയുമായുള്ള സഖ്യം അടങ്ങിയിരിക്കണം. ഇന്നത്തെ സാഹചര്യത്തിൽ റഷ്യയുമായി, സോഷ്യലിസത്തിന്റെ നാട്ടുമായി സഖ്യത്തിന്റെ നയമില്ലെങ്കിൽ അനിവാര്യമായും സാമ്രാജ്യത്വവുമായി, സാമ്രാജ്യത്വശക്തികളുമായുള്ള സഖ്യത്തിന്റെ നയമുണ്ടായിരിക്കും. 1927–ന് ശേഷം നടന്നതു് കൃത്യമായും ഇതല്ലേ? സോഷ്യലിസ്റ്റ് സോവിയററു് യൂണിയനും സാമ്രാജ്യത്വ ശക്തികളും തമ്മിലുള്ള സംഘട്ടനം രൂക്ഷമായിത്തീരുമ്പോൾ ചൈനയ്ക്കു് ഒരു ഭാഗത്തു് അല്ലെങ്കിൽ മറുഭാഗത്തു് ചേരേണ്ടിവരും. ഇതു് അനിവാര്യമായ ഒരു പ്രവണതയാണു്. രണ്ടു ഭാഗത്തേയ്ക്കും ചായാതെ നില്ക്കാൻ കഴിയുമോ? ഇല്ല. അതൊരു വ്യാമോഹമാണു്. മുഴുവൻ ലോകവും ഈ രണ്ടു മുന്നണികളിൽ ഒന്നിൽ അല്ലെങ്കിൽ മറേറതിൽ വന്നുചേരും. അപ്പോൾ 'നിഷ്പക്ഷത' വഞ്ചനാപരമായ ഒരു പദപ്രയോഗം മാത്രമായിരിക്കും. ചൈനയുടെ കാര്യത്തിൽ ഇതു് പ്രത്യേകിച്ചും സത്യമാണു്. രാജ്യത്തിനുള്ളിലേയ്ക്കു് ആഴത്തിൽ കടന്നു കയറിയിട്ടുള്ള ഒരു സാമ്രാജ്യത്വശക്തിയുമായി പോരാടുന്ന ചൈനയ്ക്കു് സോവിയററുയൂണിയന്റെ സഹായമില്ലാതെ അന്തിമവിജയത്തെക്കുറിച്ചു് ചിന്തിക്കാനാവില്ല. സാമ്രാജ്യത്വവുമായുള്ള കൂട്ടുകെട്ടിനുവേണ്ടി റഷ്യയുമായുള്ള കൂട്ടുകെട്ടിനെ ത്യജിക്കുകയാണെങ്കിൽ മൂന്നു ജനകീയ തത്വങ്ങളിൽനിന്നു് 'വിപ്ളവപരം' എന്ന വാക്കു് എടുത്തു കളയേണ്ടിവരും. അപ്പോൾ അതു് പിന്തിരിപ്പനാവുകയും ചെയ്യും. അന്തിമ വിശകലനത്തിൽ 'നിഷ്പക്ഷമായ' മൂന്നു ജനകീയ തത്വങ്ങൾ ഉണ്ടാവുക സാദ്ധ്യമല്ല. ഒന്നുകിൽ വിപ്ളവപരമായിരിക്കും, അല്ലെങ്കിൽ പ്രതിവിപ്ളവപരമായിരിക്കും. വാങ്ചിങ്–വെ 'ഒരിക്കൽ അഭിപ്രായപ്പെട്ടതുപോലെ 'രണ്ടു വശത്തുനിന്നുമുള്ള ആക്രമണങ്ങൾക്കെതിരെ പോരാടുന്നതും'29 ഈ പോരാട്ട'ത്തിനു് സഹായകമായ മൂന്നു ജനകീയ തത്വങ്ങൾ ഉണ്ടാകുന്നതും കൂടുതൽ ധീരോദാത്തമായിരിക്കുകയില്ലേ? നിർഭാഗ്യവശാൽ ഇതു് കണ്ടുപിടിച്ച വാങ്–ചിങ്–വെ തന്നെ ഇത്തരം മൂന്നു ജനകീയ തത്വങ്ങൾ ഉപേക്ഷിച്ചു; അഥവാ 'ചുരുട്ടിവെച്ചു.' കാരണം സാമ്രാജ്യത്വവുമായുള്ള കൂട്ടുകെട്ടിന്റെ മൂന്നു ജനകീയ തത്വങ്ങൾ അയാൾ സ്വീകരിച്ചു. കിഴക്കൻ സാമ്രാജ്യത്വവും പടിഞ്ഞാറൻ സാമ്രാജ്യത്വവും തമ്മിൽ വ്യത്യാസമുണ്ടെന്നും വാങ്–ചിങ്–വെ ചെയ്തതുപോലെ കിഴക്കൻ സാമ്രാജ്യത്വവുമായി സ്വയം കൂട്ടുകൂടാതെ കിഴക്കോട്ടു് മുന്നേറാനും ആക്രമിക്കാനുംവേണ്ടി ഏതെങ്കിലും പടിഞ്ഞാറൻ സാമ്രാജ്യത്വശക്തികളുമായി കൂട്ടുകൂടണമെന്നും ആരെങ്കിലും വാദിക്കുകയാണെങ്കിൽ അത്തരം പ്രവർത്തി തികച്ചും വിപ്ലവപരമായിരിക്കുകയില്ലേ? പക്ഷെ നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും പടിഞ്ഞാറൻ സാമ്രാജ്യത്വശക്തികൾ സോവിയററ് യൂണിയനേയും കമ്യൂണിസത്തേയും എതിർക്കാൻ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണു്. നിങ്ങൾ അവരുമായി കൂട്ടുചേരുകയാണെങ്കിൽ വടക്കോട്ടു് മുന്നേറാനും ആക്രമിക്കാനും അവർ നിങ്ങളോടു് ആവശ്യപ്പെടും. നിങ്ങളുടെ വിപ്ലവം നിഷ്ഫലമായി തീരുകയും ചെയ്യും. ഈ സാഹചര്യങ്ങളെല്ലാംതന്നെ വിപ്ലവപരവും പുതിയതും യഥാർത്ഥവുമായ മൂന്നു ജനകീയതത്വങ്ങളിൽ റഷ്യയുമായുള്ള സഖ്യം ഉൾപ്പെടുത്തേണ്ടതു് അനിവാര്യമായി തീർത്തിരിക്കുന്നു. ഒരു സാഹചര്യത്തിലും റഷ്യയ്ക്കെതിരായി സാമ്രാജ്യത്വവുമായി കൂട്ടുകെട്ടു് പാടില്ലതാനും.

രണ്ടാമതായി, വിപ്ലവപരവും പുതിയതും യഥാർത്ഥവുമായ മൂന്നു ജനകീയതത്വങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടിയുമായുള്ള സഹകരണം ഉൾപ്പെട്ടിരിക്കണം. ഒന്നുകിൽ നിങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിക്കുക. അല്ലെങ്കിൽ അതിനെ എതിർക്കുക. കമ്യൂണിസത്തെ എതിർക്കുക

എന്നതു് ജപ്പാനീസ് സാമ്രാജ്യത്വവാദികളുടേയും വാങ്ചിങ്—വെയുടേയും നയമാണു്. നിങ്ങൾക്കതാണു വേണ്ടതെങ്കിൽ വളരെ നല്ലതു്. അവരുടെ കമ്യൂണിസ്റ്റ് വിരുദ്ധ കമ്പനിയിൽ ചേരാനായി അവർ നിങ്ങളെ ക്ഷണിക്കും. പക്ഷെ അതു് വഞ്ചകനായിത്തീരലാണെന്ന സംശയമുണ്ടാകുകയില്ലേ? നിങ്ങൾ പറഞ്ഞേക്കും ''ഞാൻ ജപ്പാനെയല്ല, മറേറതോ രാജ്യത്തെയാണു് പിന്തുടരുന്നതു്.'' ഇതു തനി അസംബന്ധമാണു്. നിങ്ങളാരുടെ പിന്നാലെ പോയാലും കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുന്ന നിമിഷത്തിൽ നിങ്ങളൊരു വഞ്ചകനായിത്തീരും. കാരണം, പിന്നെ നിങ്ങൾക്കു ജപ്പാനെ ചെറുക്കാൻ കഴിയുകയില്ല. ''ഞാൻ സ്വതന്ത്രമായി കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുവാൻ പോകുകയാണു്'' എന്നു നിങ്ങൾ പറയുകയാണെങ്കിൽ അതു ശുദ്ധ വിഡ്ഢിത്തമാണു്. ഒരു അധിനിവേശിത രാജ്യത്തിലേയോ അർദ്ധ അധിനിവേശിത രാജ്യത്തിലേയോ ''വീരനായകന്മാർക്കു്'' ഇത്രയും വലിയ ഒരു പ്രതിവിപ്ളവ കർത്തവ്യം സാമ്രാജ്യത്വത്തിന്റെ ശക്തിയെ ആശ്രയിക്കാതെ എങ്ങനെ നിർവ്വഹിക്കാൻ കഴിയും? നീണ്ട പത്തുവർഷക്കാലമായി ഹലത്തിൽ എല്ലാ സാമ്രാജ്യത്വ ശക്തികളും കമ്യൂണിസ്റ്റ് പാർട്ടിക്കെതിരായി അണിനിരത്തപ്പെടുകയുണ്ടായി. പക്ഷെ പ്രയോജനമുണ്ടായില്ല. നിങ്ങൾക്കു പെട്ടന്നതിനെ ''സ്വതന്ത്രമായി'' എതിർക്കാൻ എങ്ങനെ കഴിയും? അതിർത്തിപ്രദേശത്തിനു പുറത്തുള്ള ചില ആളുകൾ ഇപ്പോൾ ഇങ്ങനെ പറയുന്നതായി ഞങ്ങൾ കേട്ടു: ''കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുന്നതു് നല്ലതാണു്. പക്ഷെ നിങ്ങൾക്കതിൽ ഒരിക്കലും വിജയിക്കാൻ കഴിയില്ല.'' ഈ അഭിപ്രായം, അതു വെറും കേട്ടുകേൾവി അല്ലെങ്കിൽ കേവലം അർദ്ധസത്യം മാത്രമാണു്. കാരണം കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുന്നതിൽ ''നല്ലതാ''യിട്ടെന്താണുള്ളതു്? പക്ഷെ മറേറ പകുതി സത്യമാണു്. നിങ്ങൾക്കതി''ലൊരിക്കലും വിജയിക്കാൻ കഴിയില്ല.'' അടിസ്ഥാനപരമായി ഇതിന്റെ കാരണം കിടക്കുന്നതു് കമ്യൂണിസ്റ്റുകാരിലല്ല, സാധാരണജനങ്ങളിലാണു്. അവർ കമ്യൂണിസ്റ്റ്പാർട്ടിയെ ഇഷ്ടപ്പെടുന്നു. അതിനെ''എതിർക്കുന്നതു്'' ഇഷ്ടപ്പെടുന്നുമില്ല. നമ്മുടെ ദേശീയശത്രു നമ്മുടെ പ്രദേശത്തു് ആഴത്തിൽ കടന്നുകയറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ നിങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുകയാണെങ്കിൽ ജനങ്ങൾ നിങ്ങളെ തുറന്നുകാട്ടും; തീർച്ചയായും നിങ്ങളോടവർ ദയ കാണിക്കുകയില്ല. ഒരു കാര്യം നിശ്ചയമാണു്, കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കാനാഗ്രഹിക്കുന്നതു് ആരായാലും അവർതന്നെ തരിപ്പണമാകാൻ തയ്യാറായിരിക്കണം. തകർന്നു തരിപ്പണമാകാൻ നിങ്ങൾക്കു താല്പര്യമില്ലെങ്കിൽ ഈ എതിർപ്പുപേക്ഷിക്കുകയാണു് തീർച്ചയായും നല്ലതു്. എല്ലാ കമ്യൂണിസ്റ്റ് വിരുദ്ധ ''വീരനായക''ന്മാരോടുമുള്ള ഞങ്ങളുടെ ആത്മാർത്ഥമായ ഉപദേശമാണിതു്. അങ്ങനെ ഇന്നത്തെ മൂന്നു ജനകീയതത്വങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയുമായുള്ള സഹകരണം ഉൾപ്പെടുത്തണമെന്നുള്ളതു് വളരെ വ്യക്തമാണു്; അല്ലെങ്കിൽ ആ തത്വങ്ങൾ നശിച്ചുപോകും. മൂന്നു ജനകീയതത്വങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു ജീവൻമരണ പ്രശ്നമാണു്. കമ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിച്ചാൽ അവ അതിജീവിക്കും. കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുന്നതുവഴി അവ നശിക്കും. മറിച്ചാണെന്നു് ആർക്കെങ്കിലും തെളിയിക്കാൻ കഴിയുമോ?

മൂന്നാമതായി, വിപ്ളവപരവും പുതിയതും യഥാർത്ഥവുമായ മൂന്നു ജനകീയതത്വങ്ങളിൽ കർഷകരേയും തൊഴിലാളികളേയും സഹായിക്കുന്ന നയം ഉൾപ്പെട്ടിരിക്കണം. ഈ നയം നിരാകരിച്ചാൽ, കർഷകരേയും തൊഴിലാളികളേയും പൂർണ്ണമനസ്സോടെ സഹായിക്കുന്നതിൽ പരാ

ജയപ്പെട്ടാൽ അഥവാ, ''ബഹുജനങ്ങളെ തട്ടിയുണർത്തുക''യെന്ന ഡോ: സൺയാററ്—സന്നിന്റെ രേഖയിലെ ആഹ്വാനം നടപ്പിൽ വരുത്തുന്ന തിൽ പരാജയപ്പെട്ടാൽ, അതു് വിപ്ളവത്തിന്റെ പരാജയത്തിനും സ്വന്തം പരാജയത്തിനും വഴിയൊരുക്കുന്നതിനു് തുല്യമാണു്. സ്റ്റാലിൻ പറഞ്ഞു30: സത്തയിൽ ദേശീയ പ്രശ്നം ഒരു കർഷകപ്രശ്നമാണു്. ഇതി ന്റെ അർത്ഥം ചൈനീസ്‌വിപ്ളവം സാരാംശത്തിൽ ഒരു കാർഷിക വിപ്ളവമാണെന്നും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജപ്പാനെതിരായ ചെറുത്തുനില്പ് സാരാംശത്തിൽ ഒരു കർഷക ചെറുത്തുനില്പാണെന്നുമാണു്. പുത്തൻ ജനാധിപത്യത്തിന്റെ അർത്ഥം കർഷകർക്ക് അവരുടെ അവകാ ശങ്ങൾ അനുവദിച്ചുകൊടുക്കുകയെന്നുള്ളതാണു്. പുതിയതും യഥാർത്ഥവു മായ മൂന്നു ജനകീയതത്വങ്ങൾ സാരാംശത്തിൽ ഒരു കാർഷികവിപ്ലവത്തി ന്റെ തത്വങ്ങളാണു്. ബഹുജന സംസ്കാരമെന്നാൽ സാരാംശത്തിൽ കർഷകരുടെ സാംസ്കാരികനിലവാരം ഉയർത്തുകയെന്നാണർത്ഥം. ജാപ്പ നീസ് വിരുദ്ധ യുദ്ധം സാരാംശത്തിൽ ഒരു കർഷകയുദ്ധമാണു്.31 ''കുന്നു കളിലേയ്ക്കു് കയറിപ്പോകുന്ന തത്വം'' പ്രായോഗികമായ ഒരു സമയത്താ ണു് നാമിപ്പോൾ ജീവിക്കുന്നതു്. യോഗങ്ങൾ, ജോലി, ക്ലാസ്സുകൾ, പത്രപ്രസിദ്ധീകരണങ്ങൾ, പുസ്തകമെഴുത്തു്, കലാപരിപാടികൾ എല്ലാം തന്നെ കുന്നുകളിലാണു് നടത്തുന്നതു്, എല്ലാം സാരാംശത്തിൽ കർഷകർ ക്കുവേണ്ടിയും. ജപ്പാനെതിരായ ചെറുത്തുനില്പ് നിലനിർത്തുന്നതിനും ഞങ്ങളുടെ പ്രവർത്തനം തുടരുന്നതിനും ആവശ്യമായ എല്ലാംതന്നെ നൽകു ന്നതു് കർഷകരാണു്.

''സാരാംശത്തിൽ'' എന്നതുകൊണ്ടു് സ്റ്റാലിൻ തന്നെ വിശദീക രിച്ചതുപോലെ അടിസ്ഥാനപരമായി, മററു ജനവിഭാഗങ്ങളെ അവഗണി ക്കാതെ, എന്നാണർത്ഥമാക്കുന്നതു്. ചൈനയിലെ ജനസംഖ്യയിൽ 80 ശതമാനവും കർഷകരാണെന്നു് ഒരു സ്കൂൾകുട്ടിക്കുപോലുമറിയാം. അതുകൊ ണ്ടു് കർഷകപ്രശ്നം ചൈനീസ് വിപ്ലവത്തിന്റെ അടിസ്ഥാനപ്രശ്നമായി തീരുന്നു. കർഷകരുടെ ശക്തിയാണു് ചൈനീസ് വിപ്ലവത്തിന്റെ മുഖ്യശക്തി. ചൈനീസ് ജനസംഖ്യയിൽ തൊഴിലാളികൾ കർഷകരെ അപേക്ഷിച്ച് എണ്ണത്തിൽ രണ്ടാംസ്ഥാനത്താണു്. ചൈനയിൽ അനേക ലക്ഷം വ്യവസായ തൊഴിലാളികളും കോടിക്കണക്കിനു കൈതൊഴിൽ ക്കാരും 'കർഷകത്തൊഴിലാളികളുമുണ്ടു്. വിവിധ വ്യവസായങ്ങളിലെ തൊഴിലാളികളെ കൂടാതെ ചൈനയ്ക്കു ജീവിക്കാനാവില്ല. കാരണം സമ്പദ് വ്യവസ്ഥയുടെ വ്യാവസായികമേഖലയിലെ ഉല്പാദകർ അവരാണു്. ആധുനിക വ്യവസായ തൊഴിലാളിവർഗ്ഗത്തെ കൂടാതെ വിപ്ലവത്തിനു് വിജയിക്കാനാവില്ല. കാരണം, ചൈനീസ് വിപ്ലവത്തിന്റെ നേതാ വും ഏററവും വിപ്ലവപരമായ വർഗവും അതാണു്. ഈ സാഹചര്യങ്ങളിൽ വിപ്ലവപരവും പുതിയതും യഥാത്ഥവുമായ മൂന്നു ജനകീയതത്വങ്ങളിൽ കർഷകരേയും തൊഴിലാളികളേയും സഹായിക്കുന്ന നയവും ഉൾപ്പെടണം. ഈ നയം ഇല്ലാത്തതും, കർഷകർക്കും തൊഴിലാളികൾക്കും പൂർണ്ണമനസ്സോ ടെയുള്ള സഹായം നൽകാത്തതും, ''ബഹുജനങ്ങളെ തട്ടിയുണത്തുക'' എന്ന ആഹ്വാനം നടപ്പിലാക്കാത്തതുമായ മറേറതൊരുതരം മൂന്നു ജനകീയതത്വ ങ്ങളും നിശ്ചയമായും നാശമടയും. അങ്ങനെ റഷ്യയുമായി സഖ്യം, കമ്യൂ ണിസ്റ്റു് പാർട്ടിയുമായി സഹകരണം, തൊഴിലാളികൾക്കും കർഷകർക്കും സഹായം എന്നീ മൂന്നു മഹത്തായ നയങ്ങളിൽനിന്നു വ്യതിചലിക്കുന്ന ഏതു മൂന്നു ജനകീയ തത്വങ്ങൾക്കും മന:സാക്ഷിയോടെ പിന്തുടരുന്ന ഏതൊരുവനും ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണം,

മൂന്നു മഹത്തായ നയങ്ങളും ഉൾപ്പെടുന്ന മൂന്നു ജനകീയ തത്വങ്ങൾ—മററു വാക്കിൽ പറഞ്ഞാൽ, വിപ്ലവപരവും പുതിയതും യഥാർത്ഥവുമായ മൂന്നു ജനകീയ തത്വങ്ങൾ—പുത്തൻ ജനാധിപത്യത്തിന്റെ മൂന്നു ജനകീയ തത്വങ്ങളാണ്. ഡോ: സൺ—യാത്—സെന്നിന്റെ മഹത്തായ സംഭാവനയായ പഴയ മൂന്നു ജനകീയ തത്വങ്ങളുടെ വികാസമാണത്. ചൈനീസ് വിപ്ലവം ലോക സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഭാഗമായി തീർന്നിട്ടുള്ള ഒരു കാലഘട്ടത്തിന്റെ ഉൽപ്പന്നമാണത്. ഈ മൂന്നു ജനകീയ തത്വങ്ങൾ മാത്രമാണ് ''ചൈനയ്ക്കിന്ന് ആവശ്യമായിട്ടുള്ളത്''' എന്ന് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി കണക്കാക്കുന്നു. അവയുടെ ''പൂർണ്ണ സാക്ഷാത്കാര''ത്തിനുവേണ്ടി ''പോരാടാൻ'' പ്രതിജ്ഞ ചെയ്തിട്ടുള്ളതായി അതു് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ജനാധിപത്യ വിപ്ലവത്തിന്റെ ഘട്ടത്തിലേയ്ക്കുള്ള കമ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടിയുമായി, അതായതു് അതിന്റെ മിനിമം പരിപാടിയുമായി യോജിക്കുന്നതു് ഈ മൂന്നു ജനകീയ തത്വങ്ങൾ മാത്രമാണ്.

പഴയ മൂന്നു ജനകീയ തത്വങ്ങളെ സംബന്ധിച്ചിടത്തോളം അവ ചൈനീസ് വിപ്ളവത്തിന്റെ പഴയ കാലഘട്ടത്തിലെ ഉല്പന്നമായിരുന്നു. റഷ്യ അന്നൊരു സാമ്രാജ്യത്വശക്തിയായിരുന്നു. സ്വാഭാവികമായും അതുമായി കൂട്ടുകെട്ടിന്റെ ഒരു നയം സാദ്ധ്യമാവുമായിരുന്നില്ല. അപ്പോൾ നമ്മുടെ രാജ്യത്തു് ഒരു കമ്യൂണിസ്റ്റ് പാർട്ടി നിലവിലുണ്ടായിരുന്നില്ല. സ്വാഭാവികമായും അതുമായി സഹകരണത്തിന്റെ ഒരു നയവും സാദ്ധ്യമാവുമായിരുന്നില്ല. തൊഴിലാളികളുടേയും കർഷകരുടേയും പ്രസ്ഥാനം അപ്പോഴും അതിന്റെ പൂർണ്ണമായ രാഷ്ട്രീയ പ്രാധാന്യം വെളിവാക്കുകയും ജനങ്ങളുടെ ശ്രദ്ധ തട്ടിയുണർത്തുകയും ചെയ്തിരുന്നില്ല. സ്വഭാവികമായും അവരുമായി കൂട്ടുകെട്ടിന്റെ ഒരു നയവും സാദ്ധ്യമാവുമായിരുന്നില്ല. അതുകൊണ്ടു് 1924—ൽ ക്വമിന്താങ്ങിന്റെ പുന:സംഘടനയ്ക്കു് മുൻപുള്ള കാലഘട്ടത്തിൽ മൂന്നു ജനകീയ തത്വങ്ങൾ പഴയ വിഭാഗത്തിൽപ്പെട്ടു. അവ കാലഹരണപ്പെടുകയും ചെയ്തു. പുതിയ മൂന്നു ജനകീയ തത്വങ്ങളായി വികസിപ്പിച്ചിരുന്നില്ലായെങ്കിൽ ക്വമിന്താങ്ങിനു് മുന്നോട്ടുപോകാൻ കഴിയുമായിരുന്നില്ല. കൂർമ്മബുദ്ധിയായ ഡോ: സൺയാത്—സെൻ ഈ കാര്യം ഗ്രഹിക്കുകയും സോവിയററ് യൂണിയന്റേയും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടേയും സഹായം തേടുകയും കാലത്തിനനുയോജ്യമായ പുതിയ സ്വഭാവവിശേഷങ്ങൾ ഉൾക്കൊള്ളത്തക്കവണ്ണം മൂന്നു ജനകീയ തത്വങ്ങളെ പുനർവ്യാഖ്യാനം ചെയ്യുകയും ചെയ്തു. തത്ഫലമായി മൂന്നു ജനകീയ തത്വങ്ങളും കമ്യൂണിസവും തമ്മിൽ ഒരു ഐക്യമുന്നണി രൂപീകൃതമായി. ആദ്യമായി ക്വമിന്താങ്—കമ്യൂണിസ്റ്റ് സഹകരണം സ്ഥാപിതമായി. രാജ്യത്തിലെ മുഴുവൻ ജനങ്ങളുടേയും അനുഭാവം നേടിയെടുത്തു. 1924—27 ലെ വിപ്ലവം ആരംഭിക്കുകയും ചെയ്തു.

പഴയ മൂന്നു ജനകീയ തത്വങ്ങൾ പഴയ കാലഘട്ടത്തിൽ വിപ്ലവകരമായിരുന്നു. അതിന്റെ ചരിത്രപരമായ സവിശേഷതകൾ പ്രതിഫലിപ്പിക്കുകയും ചെയ്തു. പക്ഷെ പുതിയ മൂന്നു ജനകീയ തത്വങ്ങൾ സ്ഥാപിതമായതിനുശേഷം പുതിയ കാലഘട്ടത്തിൽ പഴയ കാര്യംതന്നെ ആവർത്തിക്കുന്നുവെങ്കിൽ, സോഷ്യലിസ്റ്റ്ഭരണകൂടം സ്ഥാപിക്കപ്പെട്ടതിനുശേഷം റഷ്യയുമായുള്ള സഖ്യത്തെ എതിർക്കുന്നുവെങ്കിൽ, കമ്യൂണിസ്റ്റ് പാർട്ടി നിലവിൽ വന്നതിനുശേഷം കമ്യൂണിസ്റ്റ് പാർട്ടിയുമായുള്ള സഹകരണത്തെ എതിർക്കുന്നുവെങ്കിൽ തൊഴിലാളികൾ ഉണരുകയും തങ്ങളുടെ രാഷ്ട്രീയ ശക്തി പ്രകടിപ്പിക്കുകയും ചെയ്തിട്ടും അവരെ സഹായിക്കുന്ന നയത്തെ എതിർക്കുന്നുവെങ്കിൽ അപ്പോഴതു് പിന്തിരിപ്പനാണ്; കാല

ത്തെക്കുറിച്ചുള്ള അജ്ഞതയാണ് ഇതു് കാണിക്കുന്നതു്. 1927 ന ശേഷമുള്ള പിന്തിരിപ്പൻ കാലഘട്ടം ഇത്തരം അജ്ഞതയുടെ ഫലമായിരുന്നു. പഴയ പഴഞ്ചൊല്ല് പറയുന്നു: ''കാലഘട്ടത്തിന്റെ സൂചന മനസ്സിലാക്കുന്നവനാരോ അവനൊരു മഹാനാണ്.'' ഇന്നത്തെ മൂന്നു ജനകീയ തത്വങ്ങളുടെ അനുയായികൾ ഇതോർക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.

മൂന്നു ജനകീയ തത്വങ്ങൾ പഴയ വിഭാഗത്തിൽതന്നെ പെട്ടിരുന്നുവെങ്കിൽ കമ്യൂണിസ്റ്റു മിനിമം പരിപാടിയുമായി അടിസ്ഥാനപരമായ ഒരു സാമ്യവും അവയ്ക്കുണ്ടാകുമായിരുന്നില്ല. കാരണം അവ കഴിഞ്ഞ കാലഘട്ടത്തിന്റേതാവുകയും കാലഹരണപ്പെടുകയും ചെയ്യുമായിരുന്നു. റഷ്യയേയോ കമ്യൂണിസ്റ്റുപാർട്ടിയേയോ തൊഴിലാളികളേയോ കർഷകരേയോ എതിർക്കുന്ന ഏതുതരം മൂന്നു ജനകീയ തത്വങ്ങളും നിശ്ചയമായും പിന്തിരിപ്പനാണ്. അവയ്ക്കു കമ്യൂണിസ്റ്റുമിനിമം പരിപാടിയുമായി പൊതുവായി ഒന്നും തന്നെയില്ലെന്നു മാത്രമല്ല, കമ്യൂണിസത്തിന്റെ ശത്രുവുമാണ്. പൊതുവായ അടിസ്ഥാനം ഒന്നുംതന്നെയില്ല. ഇതു് മൂന്നു ജനകീയതത്വങ്ങളുടെ അനുയായികൾ ശ്രദ്ധാപൂർവ്വം പരിഗണിക്കണം.

എന്തായാലും സാമ്രാജ്യത്തേയും നാടുവാഴിത്തത്തേയും എതിർക്കുന്ന കടമ അടിസ്ഥാനപരമായി നിർവ്വഹിക്കുന്നതുവരെ എന്തായാലും മന:സാക്ഷി ഉള്ള ആളുകൾ പുതിയ മൂന്നു ജനകീയതത്വങ്ങളെ ഒരിക്കലും കൈവെടിയുകയില്ല. വാങ്ചിങ്വെയെ പോലുള്ളവർ മാത്രമാണ് ഇങ്ങനെ ചെയ്യുന്നതു്. റഷ്യയേയും കമ്യൂണിസ്റ്റ് പാർട്ടിയേയും തൊഴിലാളികളേയും കർഷകരേയും എതിർക്കുന്ന തങ്ങളുടെ വ്യാജമായ മൂന്നു ജനകീയതത്വങ്ങൾ അവരെത്ര ഊർജ്ജസ്വലമായി മുന്നോട്ടു കൊണ്ടുപോയാലും മന:സാക്ഷിയും നീതിബോധവുമുള്ള ആളുകൾക്ക് ഡോ: സൺയാത്— സെന്നിന്റെ യഥാർത്ഥ മൂന്നു ജനകീയതത്വങ്ങളെ തുടർന്നും പിന്തുണയ്ക്കുന്ന ആളുകൾക്ക്, തീർച്ചയായും ഒരു കുറവും ഉണ്ടാവില്ല. യഥാർത്ഥ മൂന്നു ജനകീയതത്വങ്ങളുടെ പല അനുയായികളും 1927—ലെ പിന്തിരിപ്പത്തത്തിനു ശേഷം പോലും ചൈനീസ് വിപ്ലവത്തിനുവേണ്ടിയുള്ള സമരം തുടർന്നു, ദേശീയ ശത്രു നമ്മുടെ പ്രദേശത്തേയ്ക്കു് കൂടുതൽ കടന്നുകയറിയിട്ടുള്ള ഈ സമയത്തു് നിസ്സംശയമായും അവരുടെ എണ്ണം പതിനായിരക്കണക്കിനു് വർദ്ധിക്കും. നമ്മൾ കമ്യൂണിസ്റ്റുകാർ മൂന്നു ജനകീയതത്വങ്ങളുടെ എല്ലാ യഥാർത്ഥ അനുയായികളുമായി ദീർഘകാല സഹകരണത്തിൽ എല്ലാപ്പോഴും ഉറച്ചു നില്ക്കും. രാജ്യദ്രോഹികളേയും കമ്യൂണിസത്തിന്റെ ബദ്ധശത്രുക്കളേയും തള്ളിക്കളയുമ്പോൾ ഞങ്ങളൊരിക്കലും ഞങ്ങളുടെ സുഹൃത്തുക്കളെ ആരേയും കൈവെടിയുകയില്ല.

## 11. പുത്തൻ ജനാധിപത്യത്തിന്റെ സംസ്കാരം

പുതിയ കാലഘട്ടത്തിലെ ചൈനീസ് രാഷ്ട്രീയത്തിന്റെ ചരിത്രപരമായ സവിശേഷതകളും പുത്തൻ ജനാധിപത്യ റിപ്പബ്ലിക്കിന്റെ പ്രശ്നവും നാം മുകളിൽ വിശദീകരിച്ചു. ഇനി നമുക്ക് സംസ്കാരത്തിന്റെ പ്രശ്നത്തിലേയ്ക്കു കടക്കാം. ഒരു നിർദ്ദിഷ്ട സംസ്കാരം ഒരു നിർദ്ദിഷ്ട സമൂഹത്തിന്റെ രാഷ്ട്രീയ സമ്പദ് വ്യവസ്ഥകളുടെ പ്രത്യയ ശാസ്ത്രപരമായ പ്രതിഫലനമാണ്. ചൈനയിൽ ഒരു സാമ്രാജ്യത്വ സംസ്കാരമുണ്ടു്. അതു് രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിൽ സാമ്രാജ്യത്വ ഭരണത്തിന്റേയോ, അതിന്റെ ഭാഗിക ഭരണത്തിന്റേയോ പ്രതിഫലനമാണ്. ചൈനയിലെ സാമ്രാജ്യത്വ ശക്തികൾ നേരിട്ടു നടത്തുന്ന സാംസ്കാരിക സംഘടനകൾ മാത്രമല്ല തീരെ നാണംകെട്ട ഒട്ടേറെ ചൈന

ക്കാരും ഈ സംസ്ക്കാരത്തെ പോററി വളർത്തുന്നുണ്ട്. ഒരു അടിമത്ത പ്രത്യയശാസ്ത്രം ഉൾക്കൊള്ളുന്ന എല്ലാ സംസ്കാരവും ഈ വിഭാഗത്തിൽ പെടുന്നു. ചൈനയ്ക്ക് അതിന്റെ അർദ്ധ നാടുവാഴിത്ത രാഷ്ട്രീയത്തേയും സമ്പദ്വ്യവസ്ഥയേയും പ്രതിഫലിപ്പിക്കുന്ന ഒരർദ്ധ നാടുവാഴിത്ത സംസ്കാരവുമുണ്ട്. പുതിയ സംസ്കാരത്തിനും ആശയങ്ങൾക്കുമെതിരായി കൺഫ്യൂഷ്യസിനെ ആരാധിക്കുന്നതിനും കൺഫ്യൂഷൻ സംഹിതകളും പഴയ ധാർമ്മികനിയമങ്ങളും പഴയ ആശയങ്ങളും പഠിക്കുന്നതിനുംവേണ്ടി വാദിക്കുന്നവരെല്ലാം ഇതിന്റെ പ്രാണേതാക്കളാണ്. സാമ്രാജ്യത്വസംസ്കാരവും അർദ്ധ നാടുവാഴിത്ത സംസ്കാരവും ഉററ സഹോദരന്മാരാണ്. അവ ചൈനയുടെ പുതിയ സംസ്ക്കാരത്തിനെതിരായി ഒരു പിന്തിരിപ്പൻ സാംസ്ക്കാരിക സഖ്യം ഉണ്ടാക്കിയിട്ടുണ്ട്. ഇത്തരം പിന്തിരിപ്പൻ സംസ്ക്കാരം സാമ്രാജ്യത്വവാദികളേയും നാടുവാഴി വർഗ്ഗത്തേയുമാണ് സേവിക്കുന്നത്. അത് തുത്തെറിയപ്പെടേണ്ടതാണ്. അതിനെ തുത്തെറിഞ്ഞില്ലെങ്കിൽ ഒരു തരത്തിലുമുള്ള പുതിയ സംസ്കാരം കെട്ടിപ്പടുക്കാൻ കഴിയില്ല. നാശംകൂടാതെ നിർമ്മാണമില്ല. അണകെട്ടി നിർത്താതെ പ്രവാഹമില്ല. വിശ്രമമില്ലാതെ ചലനവുമില്ല. രണ്ടും ഒരു ജീവൻ മരണ സമരത്തിലേർപ്പെട്ടിരിക്കുന്നു.

പുതിയ സംസ്കാരത്തെ സംബന്ധിച്ചിടത്തോളം അതു പുതിയ രാഷ്ട്രീയത്തിന്റേയും പുതിയ സമ്പദ്വ്യവസ്ഥയുടേയും പ്രത്യയശാസ്ത്രപരമായ പ്രതിഫലനമാണ്. ഇവയെ സേവിക്കുകയാണ് അതിന്റെ കർത്തവ്യം.

മൂന്നാം ഭാഗത്തിൽ നമ്മൾ പറഞ്ഞതുപോലെ ചൈനയിൽ ഒരു മുതലാളിത്ത സമ്പദ്വ്യവസ്ഥ ആവിർഭവിച്ചതു മുതൽക്ക് ചൈനീസ് സമൂഹം അതിന്റെ സ്വഭാവത്തിൽ ക്രമികമായി മാറിയിട്ടുണ്ട്. നാടുവാഴിത്ത സമ്പദ്ക്രമത്തിനാണ് ഇപ്പോഴും മേധാവിത്വമെങ്കിലും അതിപ്പോൾ തികച്ചും നാടുവാഴിത്തപരമല്ല, ഒരർദ്ധ നാടുവാഴിത്ത സമൂഹമാണ്. നാടുവാഴിത്ത സമ്പദ്വ്യവസ്ഥയോടു താരതമ്യപ്പെടുത്തുമ്പോൾ മുതലാളിത്ത സമ്പദ്വ്യവസ്ഥ പുതിയ ഒന്നാണ്. പുതിയ മുതലാളിത്തസമ്പദ്വ്യവസ്ഥയോടൊപ്പം ആവിർഭവിക്കുകയും വളരുകയും ചെയ്തിട്ടുള്ള പുതിയ രാഷ്ട്രീയശക്തികൾ മുതലാളിത്വത്തിന്റെയും പെററിബൂർഷ്വാസിയുടേയും തൊഴിലാളിവർഗ്ഗത്തിന്റേയും രാഷ്ട്രീയ ശക്തികളാണ്. പുതിയ സംസ്കാരം പ്രത്യയശാസ്ത്രമണ്ഡലത്തിൽ ഈ പുതിയ രാഷ്ട്രീയ സാമ്പത്തിക ശക്തികളെ പ്രതിഫലിപ്പിക്കുകയും അവയെ സേവിക്കുകയും ചെയ്യുന്നു. മുതലാളിത്ത സമ്പദ്വ്യവസ്ഥയില്ലാതെ, മുതലാളിവർഗ്ഗവും പെററിബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവുമില്ലാതെ, ഈ വർഗ്ഗങ്ങളുടെ രാഷ്ട്രീയശക്തികളില്ലാതെ, പുതിയ പ്രത്യയശാസ്ത്രമോ പുതിയ സംസ്കാരമോ ആവിർഭവിക്കുമായിരുന്നില്ല.

ഈ പുതിയ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക ശക്തികളെല്ലാം പഴയ രാഷ്ട്രീയത്തിനും പഴയ സമ്പദ്വ്യവസ്ഥക്കും പഴയ സംസ്കാരത്തിനും എതിരായ വിപ്ലവശക്തികളാണ്. പഴയതിൽ രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് ചൈനയുടെ സ്വന്തം അർദ്ധനാടുവാഴിത്ത രാഷ്ട്രീയവും സമ്പദ്വ്യവസ്ഥയും സംസ്കാരവും. മറേറത് സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയവും സമ്പദ്വ്യവസ്ഥയും സംസ്കാരവുംരണ്ടാമത്തേത് ഈ സഖ്യത്തിന്ന് നേതൃത്വം നൽകുന്നു. ഇവ രണ്ടും ചീത്തയാണ്. രണ്ടും പൂർണ്ണമായും നശിപ്പിക്കപ്പെടുകയും വേണം. ചൈനീസ് സമൂഹത്തിൽ പുതിയതും പഴയതും തമ്മിലുള്ള സമരം ജനങ്ങളുടെ പുതിയ ശക്തികളും (വിവിധ വിപ്ലവശക്തികൾ) സാമ്രാജ്യത്വത്തിന്റേയും നാടുവാഴിവർഗ്ഗത്തിന്റേയും

പഴയ ശക്തികളും തമ്മിലുള്ള സമരമാണ്. അതു് വിപ്ളവവും പ്രതി വിപ്ളവവും തമ്മിലുള്ള സമരമാണ്. കറുപ്പുയുദ്ധം മുതൽ കണക്കാക്കുക യാണെങ്കിൽ ഈ സമരം ഒരു നൂററാണ്ടു കാലമായി നടക്കുന്നു. 1911–ലെ വിപ്ളവം മുതൽ കണക്കാക്കുകയാണെങ്കിൽ ഏതാണ്ടു് 30 വർഷവും.

പക്ഷെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, വിപ്ളവങ്ങളെ പഴയതും പുതിയതുമായി വേർതിരിക്കാം. ഒരു ചരിത്ര കാലഘട്ടത്തിൽ പുതിയതായിരുന്നതു് മററൊന്നിൽ പഴയതായിത്തീരുന്നു. ചൈനയുടെ ബൂർഷ്വാ–ജനാധിപത്യ വിപ്ളവത്തിന്റെ ഒരു നൂററാണ്ടു് രണ്ടു പ്രധാന ഘട്ടങ്ങളായി–80 വർഷത്തെ ഒന്നാം ഘട്ടവും 20 വർഷത്തെ രണ്ടാം ഘട്ടവും–വിഭജിക്കാം. ഓരോന്നിനും ചരിത്രപരമായ അടിസ്ഥാനസ്വഭാവ വിശേഷതകളുണ്ടു്. ആദ്യത്തെ 80 വർഷക്കാലത്തെ ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ളവം പഴയ വിഭാഗത്തിൽപ്പെടുന്നു. അതേസമയം അവസാനത്തെ 20 വർഷക്കാലത്തെ സാർവ്വദേശീയവും ആഭ്യന്തരവുമായ രാഷ്ട്രീയ സ്ഥിതിയിലുള്ള മാററംമൂലം അതു് പുതിയ വിഭാഗത്തിൽപ്പെടുന്നു. പഴയ ജനാധിപത്യം ആദ്യത്തെ 80 വർഷക്കാലത്തെ സവിശേഷതയാണ്. പുത്തൻ ജനാധിപത്യം 20 വർഷത്തെ സവിശേഷതയാണ്. ഈ വിഭജനം രാഷ്ട്രീയത്തിലെന്നപോലെ സംസ്കാരത്തിലും ബാധകമാണ്.

സംസ്കാരത്തിന്റെ മണ്ഡലത്തിൽ ഇതു് സ്വയം പ്രകടിതമാകുന്നതു് ഇങ്ങിനെയാണ്. അടുത്തതായി നമുക്കു് ഇതു് വിശദീകരിക്കാം.

## 12. ചൈനയിലെ സാംസ്കാരിക വിപ്ലവത്തിന്റെ ചരിത്രപരമായ സവിശേഷതകൾ

മെയ് 4 പ്രസ്ഥാനത്തിനു മുമ്പും പിമ്പും ഉള്ള രണ്ടു കാലഘട്ടങ്ങൾ സാംസ്കാരിക മുന്നണിയിലെ അഥവാ പ്രത്യയശാസ്ത്ര മുന്നണിയിൽ രണ്ടു വ്യത്യസ്ത ചരിത്ര കാലഘട്ടങ്ങളാണ് കുറിക്കുന്നതു്.

മെയ് 4 പ്രസ്ഥാനത്തിനുമുമ്പു് ചൈനയിലെ സാംസ്കാരിക മുന്നണിയിലെ സമരം മുതലാളി വർഗ്ഗത്തിന്റെ പുതിയ സംസ്കാരവും നാടുവാഴി വർഗ്ഗത്തിന്റെ പഴയ സംസ്കാരവും തമ്മിലുള്ള സമരം ആയിരുന്നു. ആധുനിക സ്കൂൾ സമ്പ്രദായവും രാജകീയ പരീക്ഷാ സമ്പ്രദായവും 32തമ്മിലും പുതിയ വിദ്യാഭ്യാസവും പഴയ വിദ്യാഭ്യാസവും തമ്മിലും പാശ്ചാത്യ വിദ്യാഭ്യാസവും ചൈനീസ് വിദ്യാഭ്യാസവും തമ്മിലുമുള്ള സമരങ്ങളെല്ലാം ഈ സ്വഭാവത്തിലുള്ളതായിരുന്നു. ആ കാലത്തു് ആധുനിക സ്കൂളുകൾ പുതിയ വിദ്യാഭ്യാസമെന്നോ പാശ്ചാത്യ വിദ്യാഭ്യാസമെന്നോ വിളിക്കപ്പെട്ടിരുന്നതു് മുഖ്യമായും–മുഖ്യമായി എന്നു് നമ്മൾ പറയുന്നതെന്തുകൊണ്ടെന്നാൽ, ചൈനീസ് ഫ്യൂഡലിസത്തിന്റെ വിനാശകരമായ അവശിഷ്ടങ്ങൾ പിന്നെയും നിലനിന്നിരുന്നു–മുതലാളിവർഗ്ഗത്തിന്റെ പ്രതിനിധികൾക്കു് ആവശ്യമായിരുന്ന പ്രകൃതി ശാസ്ത്രങ്ങളിലും മുതലാളിവർഗ്ഗ സാമൂഹ്യ–രാഷ്ട്രീയ സിദ്ധാന്തങ്ങളിലും ആണ് കേന്ദ്രീകരിച്ചിരിക്കുന്നതു്. ആ സമയത്തു്, പുതിയ വിജ്ഞാനത്തിന്റെ പ്രത്യയശാസ്ത്രം ചൈനീസ് ഫ്യൂഡൽ പ്രത്യയശാസ്ത്രത്തോടു് പോരാടുന്നതിൽ വിപ്ളവപരമായ ഒരു പങ്കു് വഹിക്കുകയുണ്ടായി. അതു് പഴയ കാലഘട്ടത്തിലെ മുതലാളിവർഗ്ഗ ജനാധിപത്യ വിപ്ളവത്തെ സേവിക്കുകയും ചെയ്തു. എന്നിരുന്നാലും ചൈനീസ് ബൂർഷ്വാസിക്കു ശക്തിയില്ലാതിരു

ന്നതുകൊണ്ടും ലോകം സാമ്രാജ്യത്വത്തിന്റെ യുഗത്തിൽ പ്രവേശിച്ചിരുന്നതുകൊണ്ടും മുതലാളിവർഗ്ഗ പ്രത്യയശാസ്ത്രത്തിന് കുറച്ചുനാൾ മാത്രമെ പിടിച്ചു നില്ക്കാൻ കഴിഞ്ഞിരുന്നുള്ളു. വിദേശ സാമ്രാജ്യത്വത്തിന്റെ അടിമപ്പെടുത്തുന്ന പ്രത്യയശാസ്ത്രവും ചൈനീസ് ഫ്യൂഡലിസത്തിന്റെ ''പൌരാണികരിലേയ്ക്ക് മടങ്ങുക'' എന്ന പ്രത്യയശാസ്ത്രവും ചേർന്നുള്ള പിന്തിരിപ്പൻ സഖ്യം അതിനെ തിരിച്ചടിക്കുകയും ചെയ്തു. പിന്തിരിപ്പൻ പ്രത്യയശാസ്ത്രസഖ്യം ഒരു ചെറിയ പ്രത്യാക്രമണം നടത്തിയപ്പോഴേയ്ക്കും പുതിയ വിജ്ഞാനം എന്നു വിളിക്കപ്പെടുന്നത്, അതിന്റെ കൊടിക്കൂറകൾ താഴ്ത്തുകയും പെരുമ്പറകൾ നിശ്ശബ്ദമാക്കുകയും ജീവനറ്റ ബാഹ്യരൂപം മാത്രം നിലനിർത്തി പിൻവാങ്ങുകയും ചെയ്തു. പഴയ മുതലാളിവർഗ്ഗ ജനാധിപത്യ സംസ്കാരം സാമ്രാജ്യത്വത്തിന്റെ യുഗത്തിൽ അസ്തവീര്യമായതും ജീർണ്ണിച്ചതുമായിത്തീർന്നു. അതിന്റെ പരാജയം അനിവാര്യമായിത്തീർന്നു.

പക്ഷെ മേയ് 4 പ്രസ്ഥാനത്തിനുശേഷം കാര്യങ്ങൾ വ്യത്യസ്തമായിട്ടുണ്ട്. ഒരു പുതിയതരം സാംസ്കാരികശക്തി, അതായതു് ചൈനീസ് കമ്യൂണിസ്റ്റുകാർ വഴിതെളിക്കുന്ന കമ്യൂണിസ്റ്റ് സംസ്കാരവും പ്രത്യയശാസ്ത്രവും അഥവാ കമ്യൂണിസ്റ്റ് ലോകവീക്ഷണവും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ സിദ്ധാന്തവും ചൈനയിൽ നിലവിൽവന്നു. മേയ് 4 പ്രസ്ഥാനം നടന്നതു് 1919–ലാണ്. 1921–ൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെടുകയും ചൈനയിലെ തൊഴിലാളിപ്രസ്ഥാനം യഥാർത്ഥത്തിൽ പ്രവർത്തനം തുടങ്ങുകയും ഉണ്ടായി. എല്ലാംതന്നെ ഒന്നാം ലോകയുദ്ധത്തേയും ഒക്ടോബർ വിപ്ലവത്തേയും തുടർന്നാണ്. അതായതു് ദേശീയപ്രശ്നവും ലോകത്തിലെ കൊളോണിയൽ വിപ്ലവപ്രസ്ഥാനങ്ങളും ഒരു മാററത്തിന് വിധേയമാവുകയും ചൈനീസ് വിപ്ലവവും ലോകവിപ്ലവവും തമ്മിലുള്ള ബന്ധം തികച്ചും വ്യക്തമാവുകയും ചെയ്ത ഒരു സമയത്താണ് തൊഴിലാളിവർഗ്ഗത്തിന്റേയും കമ്യൂണിസ്റ്റ് പാർട്ടിയുടേയും പുതിയ രാഷ്ട്രീയശക്തി ചൈനീസ് രാഷ്ട്രീയമണ്ഡലത്തിൽ പ്രവേശിച്ചതു്. തൽഫലമായി പുതിയ വേഷത്തിലും പുതിയ ആയുധങ്ങളോടും കൂടിയ പുതിയ സാംസ്കാരികസേന സാദ്ധ്യമായ എല്ലാ സഖ്യശക്തികളേയും സംഭരിച്ചുകൊണ്ടും അതിന്റെ അണികളെ യുദ്ധരംഗത്തു് അണിനിരത്തിക്കൊണ്ടും സാമ്രാജ്യത്വ സംസ്കാരത്തിനും നാടുവാഴിത്ത സംസ്കാരത്തിനും എതിരായി ധീരോദാത്തമായ ആക്രമണങ്ങൾ അഴിച്ചുവിട്ടു. ഈ പുതിയ ശക്തി സാമൂഹ്യശാസ്ത്രങ്ങളുടേയും കലകളുടേയും സാഹിത്യത്തിന്റേയും മണ്ഡലങ്ങളിൽ തത്വശാസ്ത്രം, ധനതത്വശാസ്ത്രം, രാഷ്ട്രമീമാംസ, സൈനികശാസ്ത്ര ചരിത്രം, സാഹിത്യം, കല (നാടകം, സിനിമ, സംഗീതം, ശില്പവേല, ചിത്രരചന അടക്കം) തുടങ്ങിയ ഏതു രംഗത്തായാലും വമ്പിച്ച പുരോഗതി കൈവരിച്ചിരിക്കുന്നു. കഴിഞ്ഞ ഇരുപതു് വർഷക്കാലമായി ഈ പുതിയ സംസ്കാരികശക്തി അതിന്റെ ആക്രമണം നടത്തിയിട്ടുള്ള ഏതു രംഗത്തും പ്രത്യയശാസ്ത്രപരമായ ഉള്ളടക്കത്തിന്റേയും രൂപത്തിന്റേയും (ഉദാ: എഴുത്തുഭാഷകൾ) കാര്യത്തിൽ മഹത്തായ ഒരു വിപ്ലവം നടന്നിട്ടുണ്ട്. അതു് പോകുന്നിടത്തെല്ലാം അജയ്യമായിത്തീരത്തക്കവിധം അതിന്റെ സ്വാധീനം അത്ര വമ്പിച്ചതും അതിന്റെ ആഘാതം അത്ര ശക്തവുമാണ്. ചൈനീസ് ചരിത്രത്തിൽ ഇന്നോളമില്ലാത്തവിധം അത്രയധികം പേരെയാണ് അതു് അതിന്റെ പിന്നിൽ അണിനിരത്തിയിരിക്കുന്നതു്. ഈ പുതിയ സാംസ്കാരികശക്തിയുടെ ഏററവും മഹാനും ധീരോദാത്തനുമായ നേതാവ് ലൂഷുൺ ആയിരുന്നു. ചൈനയുടെ സാംസ്കാരികവിപ്ളവത്തിന്റെ മുഖ്യ നേതാവായിരുന്ന

അദ്ദേഹം മഹാനായ ഒരു സാഹിത്യകാരൻ മാത്രമായിരുന്നില്ല; മഹാനായ ഒരു ചിന്തകനും വിപ്ളവകാരിയും കൂടിയായിരുന്നു. എല്ലാതരം സ്തുതി ഗീതങ്ങളിൽനിന്നും വിധേയത്വ പ്രവണതയിൽനിന്നും മുക്തമായിരുന്ന അദ്ദേഹം വിട്ടുവീഴ്ചയില്ലാത്ത സത്യസന്ധത പുലർത്തിയിരുന്ന ഒരു മനുഷ്യനായിരുന്നു. അധിനിവേശിത—അർദ്ധ അധിനിവേശിത ജനങ്ങളിൽ ഈ ഗുണം വിലമതിക്കാനാവാത്തതാണ്. രാജ്യത്തെ ബഹുഭൂരിപക്ഷത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് ലൂഷുൺ സാംസ്കാരികമുന്നണിയിലെ ശത്രുകോട്ടയെ പൊളിക്കുകയും അതിനുനേരെ ആഞ്ഞടിക്കുകയും ചെയ്തു. സാംസ്കാരികമുന്നണിയിൽ അദ്ദേഹം ഏററവും ധീരനും ഏററവും ശരിയായ, ഏററവും ദൃഢചിത്തനായ, ഏററവും വിശ്വസ്തനായ, ഏററവും ആവേശകാരിയുമായ ദേശീയ നേതാവായിരുന്നു. നമ്മുടെ ചരിത്രത്തിൽ അദ്ദേഹത്തോട് കിടപിടിക്കാവുന്ന മറെറാരു നേതാവില്ല. അദ്ദേഹം സ്വീകരിച്ച പാത ചൈനയുടെ പുതിയ ദേശീയ സംസ്കാരത്തിന്റെ പാത തന്നെയായിരുന്നു.

മേയ് 4 പ്രസ്ഥാനത്തിനുമുമ്പ് ചൈനയുടെ പുതിയ സംസ്കാരം, പഴയ ജനാധിപത്യ വിഭാഗത്തിൽപ്പെട്ട ഒരു സംസ്കാരവും ലോക മുതലാളിത്തത്തിന്റെ മുതലാളിത്ത സാംസ്കാരിക വിപ്ളവത്തിന്റെ ഒരു ഭാഗവുമായിരുന്നു. മേയ് 4 പ്രസ്ഥാനത്തിനുശേഷം അതു് പുത്തൻ ജനാധിപത്യപരവും ലോക തൊഴിലാളിവർഗ്ഗത്തിന്റെ സോഷ്യലിസ്റ്റ് വിപ്ളവത്തിന്റെ ഭാഗവുമായി തീർന്നിരിക്കുന്നു.

മെയ് 4 പ്രസ്ഥാനത്തിനുമുമ്പ് ചൈനയുടെ പുതിയ സാംസ്കാരികപ്രസ്ഥാനം, അതിന്റെ സാംസ്കാരികവിപ്ലവം അപ്പോഴും ഒരു നേതൃത്വപങ്ക് വഹിക്കാനുണ്ടായിരുന്ന ബൂർഷ്വാസിയുടെ നേതൃത്വത്തിലായിരുന്നു. മെയ് 4 പ്രസ്ഥാനത്തിനുശേഷം അതിന്റെ സംസ്കാരവും പ്രത്യയശാസ്ത്രവും അതിന്റെ രാഷ്ട്രീയത്തേക്കാൾ കൂടുതൽ പിന്നോക്കമായിത്തീരുകയും ഏതെങ്കിലും നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയാതാവുകയും ചെയ്തു. പരമാവധി അവർക്ക് കഴിയുന്നതു് വിപ്ലവകാലഘട്ടത്തിൽ ഒരു പരിധിവരെയെങ്കിലും ഒരു സഖ്യശക്തിയായി പ്രവർത്തിക്കുക എന്നതാണ്. അതേസമയം ആ സഖ്യത്തെ നയിക്കാനുള്ള ചുമതല അനിവാര്യമായും തൊഴിലാളിവർഗ സംസ്കാരത്തിനും പ്രത്യയ ശാസ്ത്രത്തിനുമായിരിക്കും. ഇതു് നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ്.

പുത്തൻ ജനാധിപത്യസംസ്കാരം വിപുലമായ ബഹുജനങ്ങളുടെ സാമ്രാജ്യത്വവിരുദ്ധവും നാടുവാഴിത്തവിരുദ്ധവുമായ സംസ്കാരമാണ്. ഇന്നതു് ജാപ്പനീസ് വിരുദ്ധ ഐക്യമുന്നണിയുടെ സംസ്കാരമാണ്; ഈ സംസ്കാരത്തിന് നേതൃത്വം നൽകാൻ തൊഴിലാളിവർഗത്തിന്റെ സംസ്കാരത്തിനും പ്രത്യയശാസ്ത്രത്തിനും മാത്രമെ, അതായതു് കമ്യൂണിസത്തിന്റെ പ്രത്യയശാസ്ത്രത്തിന് മാത്രമെ കഴിയൂ. മറേറതൊരു വർഗത്തിന്റെ പ്രത്യയശാസ്ത്രത്തിനും സംസ്കാരത്തിനും അതിന് കഴിയില്ല. ചുരുക്കത്തിൽ പുത്തൻ ജനാധിപത്യസംസ്കാരം വിപുലമായ ബഹുജനങ്ങളുടെ, തൊഴിലാളിവർഗ നേതൃത്വത്തിലുള്ള സാമ്രാജ്യത്വവിരുദ്ധ നാടുവാഴി വിരുദ്ധ സംസ്കാരമാണ്.

## 13. നാല് കാലഘട്ടങ്ങൾ

സാംസ്കാരികവിപ്ളവം രാഷ്ട്രീയവും സാമ്പത്തികവുമായ വിപ്ളവത്തിന്റെ പ്രത്യയശാസ്ത്രപരമായ പ്രതിഫലനവും അവയെ സേ

വിക്കുന്നതുമാണ്. ചൈനയിൽ രാഷ്ട്രീയവിപ്ളവത്തിലെന്നപോലെ സാംസ്കാരികവിപ്ളവത്തിലും ഒരു ഐക്യമുന്നണിയുണ്ട്.

കഴിഞ്ഞ ഇരുപതുവർഷത്തെ സാംസ്കാരിക വിപ്ളവത്തിലെ ഐക്യമുന്നണിയുടെ ചരിത്രത്തെ നാലു ഘട്ടങ്ങളായി വിഭജിക്കാം. ഒന്നാമത്തേതു് 1919 മുതൽ 1921 വരെയുള്ള രണ്ടുവർഷവും രണ്ടാമത്തേതു് 1921 മുതൽ 1927 വരെയുള്ള ആറുവർഷവും മൂന്നാമത്തേതു് 1927 മുതൽ 1937 വരെയുള്ള പത്തുവർഷവും നാലാമത്തേതു് 1937 മുതൽ ഇന്നുവരെയുള്ള മൂന്നു വർഷവുമാണ്.

ഒന്നാമത്തെ കാലഘട്ടം 1919–ലെ മെയ് 4 പ്രസ്ഥാനം മുതൽ 1921–ൽ കമ്യൂണിസ്റ്റ്പാർട്ടിയുടെ സ്ഥാപനം വരെയാണ്. മെയ് 4 പ്രസ്ഥാനമായിരുന്നു അതിൻെറ നാഴികക്കല്ല്.

മെയ് 4 പ്രസ്ഥാനം നാടുവാഴിത്തവിരുദ്ധവും സാമ്രാജ്യത്വവിരുദ്ധവുമായ ഒരുപ്രസ്ഥാനമായിരുന്നു. സാമ്രാജ്യത്വത്തോടും നാടുവാഴിത്തത്തോടുമുള്ള അതിൻെറ പരിപൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ എതിർപ്പായിരുന്നു അതിൻെറ ശ്രദ്ധേയമായ ചരിത്രപ്രാധാന്യം. 1911–ലെ വിപ്ളവത്തിൽ ഇല്ലാതിരുന്ന ഒരു സ്വഭാവമായിരുന്നു അതു്. മെയ് 4 പ്രസ്ഥാനത്തിനു് ഈ ഗുണം ലഭിച്ചതു് ചൈനയിൽ മുതലാളിത്തം ഒരു പടികൂടി വികസിച്ചതുകൊണ്ടാണ്; ചൈനയിലെ വിപ്ളവകാരികളായ ബുദ്ധിജീവികൾ, റഷ്യ, ജർമ്മനി, ആസ്ത്രിയ, ഹംഗറി എന്നീ മൂന്നുവലിയ സാമ്രാജ്യത്വശക്തികളുടെ പതനവും ബ്രിട്ടൻ, ഫ്രാൻസ് എന്നീ മററു രണ്ടെണ്ണം ദുർബലപ്പെടുന്നതും അതേസമയം റഷ്യൻ തൊഴിലാളിവർഗം ഒരു സോഷ്യലിസ്റ്റ് ഭരണകൂടം സ്ഥാപിച്ചതും ജർമ്മനിയിലേയും ഹംഗറിയിലേയും ഇററലിയിലേയും തൊഴിലാളിവർഗം വിപ്ളവത്തിലൂടെ ഉയർന്നുവന്നതും കണ്ടതോടെ ചൈനയുടെ വിമോചനത്തിനു് പുതിയ പ്രതീക്ഷകൾ ഉടലെടുത്തതുകൊണ്ടുമാണ്. ലോകവിപ്ളവത്തിൻേറയും റഷ്യൻവിപ്ളവത്തിൻേറയും ലെനിൻേറയും ആഹ്വാനപ്രകാരമാണ് മെയ് 4 പ്രസ്ഥാനം നിലവിൽ വന്നതു്. ആ കാലത്തെ ലോകതൊഴിലാളിവർഗ വിപ്ളവത്തിൻെറ ഭാഗമായിരുന്നു അതു്. കമ്യൂണിസ്റ്റ് പാർട്ടി അപ്പോഴം നിലവിൽ വന്നിരുന്നില്ലെങ്കിലും റഷ്യൻ വിപ്ളവത്തെ അംഗീകരിച്ചിരുന്നവരും കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തെക്കുറിച്ച് പ്രാഥമികമായ ധാരണകൾ ഉണ്ടായിരുന്നവരുമായ ധാരാളം ബുദ്ധിജീവികൾ അന്നുണ്ടായിരുന്നു. ആരംഭത്തിൽ മെയ് 4 പ്രസ്ഥാനം മൂന്നു വിഭാഗം ജനങ്ങളുടെ–കമ്യൂണിസ്റ്റ് ബുദ്ധിജീവികൾ, വിപ്ളവകാരികളായ പെററിബൂർഷ്വാ ബുദ്ധിജീവികൾ, ബൂർഷ്വാ ബുദ്ധിജീവികൾ–(അവസാനത്തെ കൂട്ടർ പ്രസ്ഥാനത്തിൻെറ വലതുപക്ഷമായിരുന്നു) ഐക്യമുന്നണിയുടെ വിപ്ളവപ്രസ്ഥാനമായിരുന്നു. അതു് ബുദ്ധിജീവികളിൽത്തന്നെ പരിമിതപ്പെട്ടുനിന്നു എന്നതും തൊഴിലാളികളും കർഷകരും അതിൽ ചേർന്നില്ലെന്നതുമായിരുന്നു അതിൻെറ പോരായ്മ. പക്ഷെ അതു് ജൂൺ 3 പ്രസ്ഥാനമായി വളർന്നതോടെ ബുദ്ധിജീവികൾ മാത്രമല്ല, തൊഴിലാളിവർഗവും പെററിബൂർഷ്വാസിയും ബൂർഷ്വാസിയും അതിൽ ചേരുകയും ചെയ്തു. അതു് രാജ്യവ്യാപകമായ ഒരു വിപ്ളവപ്രസ്ഥാനമായിത്തീർന്നു. മെയ് 4 പ്രസ്ഥാനം ആരംഭംകുറിച്ച വിപ്ളവപ്രസ്ഥാനം നാടുവാഴിത്ത സംസ്കാരത്തോടുള്ള എതിർപ്പിൽ വിട്ടുവീഴ്ചയില്ലാത്തതായിരുന്നു. ചൈനീസ് ചരിത്രത്തിൽ ഇത്രയും മഹത്തരവും സമൂലവുമായ ഒരു സാംസ്കാരികവിപ്ളവം ഉണ്ടായിട്ടില്ല. ''പഴയ ധർമ്മസംഹിതകൾ തകരട്ടെ, പുതിയതു് ഉയരട്ടെ'' ''പഴയ സാഹിത്യം തകരട്ടെ, പുതിയതു് ഉയരട്ടെ'' എന്നീ മഹത്തായ രണ്ടു മുദ്രാ

വാക്യങ്ങരം ഉയർത്തിക്കൊണ്ടു് സാംസ്കാരികവിപ്ളവത്തിനു് മഹത്തായ നേട്ടങ്ങരം കൈവരിക്കാൻ കഴിഞ്ഞു. ആ കാലത്തു് ഈ സാംസ്കാരികപ്രസ്ഥാനത്തിനു് തൊഴിലാളികളുടേയും കർഷകരുടേയും ഇടയ്ക്കു് കടന്നുചെല്ലാൻ കഴിയുമായിരുന്നില്ല. ''സാഹിത്യം സാധാരണക്കാർക്കു വേണ്ടി'' എന്ന മുദ്രാവാക്യം മുന്നോട്ടുവെച്ചിരുന്നു. പക്ഷെ അന്നു് സാധാരണക്കാർ എന്നതുകൊണ്ടു് നഗരങ്ങളിലെ പെററിബൂർഷ്വാ ബൂർഷ്വാ ബുദ്ധിജീവികളെ, അതായതു് നാഗരിക ബുദ്ധിജീവിവർഗത്തെ മാത്രമേ വിവക്ഷിക്കാൻ കഴിയുമായിരുന്നുള്ളു. പ്രത്യയശാസ്ത്രത്തിൻെറ കാര്യത്തിലും കാഡർമാരുടെ കാര്യത്തിലും മെയ് 4 പ്രസ്ഥാനം34 1921—ൽ കമ്യൂണിസ്റ്റുപാർട്ടിയുടെ സ്ഥാപനത്തിലേക്കും 1925 ലെ മെയ് 30 പ്രസ്ഥാനത്തിലേക്കും വടക്കൻ ആക്രമണ പര്യടനത്തിലേക്കും വഴിതെളിച്ചു. മെയ് 4 പ്രസ്ഥാനത്തിലെ വലതുപക്ഷമായിരുന്ന ബൂർഷ്വാ ബുദ്ധിജീവികരം അധികവും രണ്ടാമത്തെ കാലഘട്ടത്തിൽ ശത്രുവുമായി ഒത്തുതീർപ്പിലെത്തുകയും പിന്തിരിപ്പൻ പക്ഷത്തിലേക്കു് പോവുകയും ചെയ്തു.

ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപനവും മെയ് 30 പ്രസ്ഥാനവും വടക്കൻ ആക്രമണ പര്യടനവും നാഴികക്കല്ലുകളായുള്ള രണ്ടാമത്തെ കാലഘട്ടത്തിൽ മെയ് 4 പ്രസ്ഥാനത്തിൽ രൂപീകരിച്ച മൂന്നു വർഗ്ഗങ്ങളുടെ ഐക്യമുന്നണി തുടരുകയും വികസിക്കുകയും ചെയ്തു. കർഷകവർഗ്ഗം അതിലേക്കു് ആനയിക്കപ്പെടുകയും ഈ വർഗ്ഗങ്ങളുടേയെല്ലാം ഒരു രാഷ്ട്രീയ ഐക്യമുന്നണി, ക്വമിന്താങ്ങ് കമ്യൂണിസ്റ്റ് സഹകരണത്തിൻെറ ആദ്യത്തെ മാതൃക സ്ഥാപിക്കുകയും ചെയ്തു. ഡോ: സൺ യാററ് സെൻ ഒരു മഹാനായതു് 1911—ലെ മഹത്തായ വിപ്ലവത്തെ (പഴയ കാലഘട്ടത്തിലെ ജനാധിപത്യ വിപ്ലവം മാത്രമായിരുന്നെങ്കിലും) നയിച്ചു എന്നതുകൊണ്ടു മാത്രമായിരുന്നില്ല. ''ലോകഗതിക്കനുസരിച്ചു് സ്വയം പൊരുത്തപ്പെട്ടുകൊണ്ടും ബഹുജനങ്ങളുടെ ആവശ്യങ്ങരം അനുവദിച്ചുകൊണ്ടും റഷ്യയുമായുള്ള സഖ്യത്തിൻേറയും, കമ്യൂണിസ്റ്റ്പാർട്ടിയുമായുള്ള സഹകരണത്തിൻേറയും, കർഷകർക്കും തൊഴിലാളികരംക്കും സഹായം നൽകുന്നതിൻേറയും, വിപ്ലവപരമായ മൂന്നു മഹത്തായ നയങ്ങരം മുന്നോട്ടുകൊണ്ടുവരാനും മൂന്നു ജനകീയതത്വങ്ങരംക്കു് പുതിയ അർത്ഥം നൽകാനും അങ്ങിനെ പുതിയ മൂന്നു ജനകീയതത്വങ്ങരം അവയുടെ മൂന്നു മഹത്തായ നയങ്ങളോടൊപ്പം സ്ഥാപിക്കുന്നതിനും ഉള്ള കഴിവു് അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ടുകൂടിയാണ്. മുമ്പു് മൂന്നു ജനകീയതത്വങ്ങരം വിദ്യാഭ്യാസ വൈജ്ഞാനിക ലോകത്തിലോ യുവാക്കളിലോ അത്ര കാര്യമായ സ്വാധീനം ചെലുത്തിയിരുന്നില്ല. കാരണം അവ സാമ്രാജ്യത്വത്തോടും നാടുവാഴിത്ത സാമൂഹ്യ വ്യവസ്ഥയോടും നാടുവാഴിത്ത സംസ്കാരത്തോടും പ്രത്യയശാസ്ത്രത്തോടും ഉള്ള എതിർപ്പിൻെറ പ്രശ്നങ്ങരം ഉയർത്തിയിരുന്നില്ല. അവ പഴയ മൂന്നു ജനകീയതത്വങ്ങളായിരുന്നു. അധികാരം പിടിച്ചെടുക്കുന്നതിൽ, മററു വാക്കുകളിൽ പറഞ്ഞാൽ ഔദ്യോഗികസ്ഥാനങ്ങരം നേടിയെടുക്കുന്നതിൽ മാത്രം തല്പരരായ ഒരുകൂട്ടം ആരംക്കാരുടെ അവസരവാദപരമായ മുദ്രാവാക്യമായാണ്, തികച്ചും രാഷ്ട്രീയ ഉപജാപങ്ങരംക്കു വേണ്ടിയുള്ള മുദ്രാവാക്യമായാണു് ജനങ്ങരം അവയെ കണക്കാക്കിയിരുന്നതു്. പിന്നീടു് മഹത്തായ മൂന്നു നയങ്ങളോടുകൂടിയ മൂന്നു ജനകീയതത്വങ്ങരം നിലവിൽ വന്നു. ക്വമിന്താങ്ങും കമ്യൂണിസ്റ്റ്പാർട്ടിയുമായുള്ള സഹകരണവും രണ്ടു പാർട്ടികളിലേയും വിപ്ലവകാരികളായ അംഗങ്ങളുടെ സംയുക്തശ്രമങ്ങളുംമൂലം പുതിയ മൂന്നു ജനകീയതത്വങ്ങരം വിദ്യാഭ്യാസ വൈജ്ഞാനിക ലോകത്തിലെ ഒരു വിഭാഗത്തിലേക്കും വിദ്യാർ

ത്ഥിയുവസമൂഹത്തിലേക്കും കടന്നുചെന്നുകൊണ്ട് ചൈനയിലെല്ലായിടത്തും വ്യാപിച്ചു. ഇതിനുള്ള ഒരേയൊരു കാരണം ആദ്യത്തെ മൂന്നു ജനകീയതത്വങ്ങൾ മൂന്നു മഹത്തായ നയങ്ങളോടുകൂടിയ സാമ്രാജ്യത്വ വിരുദ്ധവും നാടുവാഴിത്തവിരുദ്ധവും പുത്തൻ ജനാധിപത്യപരവുമായ മൂന്നു ജനകീയതത്വങ്ങളായി വികസിച്ചു എന്ന വസ്തുതയാണ്. ഈ വികാസമില്ലാതെ മൂന്നു ജനകീയതത്വങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുക സാധ്യമാകുമായിരുന്നില്ല.

ഈ കാലയളവിൽ വിപ്ലവപരമായ മൂന്നു ജനകീയതത്വങ്ങൾ ക്വമിന്താങ്ങിന്റേയും കമ്യൂണിസ്റ്റ് പാർട്ടിയുടേയും എല്ലാ വിപ്ലവവർഗ്ഗങ്ങളുടേയും ഐക്യമുന്നണിയുടെ രാഷ്ട്രീയാടിസ്ഥാനമായിത്തീർന്നു. ''കമ്യൂണിസം മൂന്നു ജനകീയതത്വങ്ങളുടെ നല്ല സുഹൃത്താ''യതുകൊണ്ട്, അവ രണ്ടും തമ്മിൽ ഒരു ഐക്യമുന്നണി രൂപീകൃതമായി. സാമൂഹ്യവർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ, അതു് തൊഴിലാളിവർഗ്ഗത്തിന്റേയും കർഷകജനതയുടേയും പട്ടണങ്ങളിലെ പെററി ബൂർഷ്വാസിയുടേയും ഒരു ഐക്യമുന്നണിയായിരുന്നു. കമ്യൂണിസ്റ്റ് വീക്ക്ലി ഗൈഡും, ഷാങ്ഹായിലെ ക്വമിന്താങ്ങിന്റെ റിപ്പബ്ലിക്കൻ ഡെയ്‌ലി ന്യൂസും വിവിധ സ്ഥലങ്ങളിലെ മററു വർത്തമാന പത്രങ്ങളും തങ്ങളുടെ പ്രവർത്തനപ്പത്രങ്ങളായി ഉപയോഗിച്ചുകൊണ്ട് രണ്ടു പാർട്ടികളും സംയുക്തമായി സാമ്രാജ്യത്വ വിരോധം പ്രചരിപ്പിക്കുകയും കൺഫ്യൂഷ്യസിന്റെ ആരാധനയിലും കൺഫ്യൂഷ്യൻ സംഹിതകളുടെ പഠനത്തിലും അധിഷ്ഠിതമായ നാടുവാഴിത്ത വിദ്യാഭ്യാസ സമ്പ്രദായത്തോട് പോരാടുകയും നാടുവാഴി സാഹിത്യത്തേയും പൗരാണിക ഭാഷയേയും യോജിച്ചെതിർക്കുകയും സാമ്രാജ്യത്വവിരുദ്ധ നാടുവാഴിത്ത വിരുദ്ധ ഉള്ളടക്കമുള്ള പുതിയ സാഹിത്യത്തേയും നാടൻ ശൈലിയിൽ എഴുതിയിരുന്നതിനേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ക്വാങ്—തുങ്ങിലെ യുദ്ധങ്ങളുടെ കാലത്തും വടക്കൻ ആക്രമണപര്യടനങ്ങളുടെ കാലത്തും സാമ്രാജ്യത്വവിരുദ്ധ നാടുവാഴിത്തവിരുദ്ധ ആശയങ്ങൾ ചെലുത്തുകവഴി അവർ ചൈനയുടെ സായുധസേനകളെ പരിഷ്കരിച്ചു. ''അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ തുലയട്ടെ'' ''പ്രാദേശിക സ്വേഛാധിപതികളും ദുഷ്പ്രഭുക്കളും തുലയട്ടെ'' എന്നീ മുദ്രാവാക്യങ്ങൾ കർഷകലക്ഷങ്ങൾക്കിടയ്ക്കു് ഉയർത്തുകയും ചെയ്തു. ഇവയെല്ലാം നിമിത്തവും സോവിയററ് യൂണിയന്റെ സഹായം നിമിത്തവും വടക്കൻ ആക്രമണം വിജയകരമായിരുന്നു. പക്ഷെ വൻകിട ബൂർഷ്വാസി അധികാരത്തിൽ കയറിയ ഉടൻതന്നെ അതു് ഈ വിപ്ളവത്തിനു് വിരാമമിടുകയും അങ്ങിനെ തികച്ചും പുതിയ ഒരു രാഷ്ട്രീയ സാഹചര്യം സംജാതമാകുകയും ചെയ്തു.

മൂന്നാമത്തെ കാലഘട്ടം 1927—37 കാലത്തെ പുതിയ വിപ്ളവ കാലഘട്ടമായിരുന്നു. വൻകിട ബൂർഷ്വാസി സാമ്രാജ്യത്വ—നാടുവാഴിത്ത ശക്തികളുടെ പ്രതിവിപ്ളവ ചേരിയിലേക്ക് പോവുകയും ദേശീയ ബൂർഷ്വാസി അതിന്റെ പിന്നാലെ പോവുകയും ചെയ്തതിനെ തുടർന്നു് രണ്ടാം കാലഘട്ടത്തിന്റെ അവസാനത്തോടുകൂടി വിപ്ളവചേരിയിൽ ഒരു മാററമുണ്ടായതുകൊണ്ട് മുമ്പത്തെ നാലു വർഗ്ഗങ്ങളിൽ മൂന്നെണ്ണം മാത്രമേ വിപ്ളവചേരിയിൽ അവശേഷിച്ചുള്ളൂ, അതായതു് തൊഴിലാളിവർഗ്ഗവും കർഷകജനതയും (പെററിബൂർഷ്വാസിയിലെ വിപ്ലവകാരികളായ ബുദ്ധിജീവികളുൾപ്പെടെ) പെററിബൂർഷ്വാസിയിലെ മററു വിഭാഗങ്ങളും. തൽഫലമായി ചൈനീസ് വിപ്ലവം ഒരു പുതിയ കാലഘട്ടത്തിലേയ്ക്കു് പ്രവേശിച്ചു. ആ കാലഘട്ടത്തിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി മാത്രമാണ് ബഹുജനങ്ങൾക്ക് നേതൃത്വം നൽകിയതു്.

ഈ കാലഘട്ടം ഒരു വശത്തു് 'വലയംചെയ്തു് അടിച്ചമർത്തൽ' പ്രതിവിപ്ലവ സംരംഭങ്ങളുടെയും മറുവശത്തു് വിപ്ളവം ആഴത്തിൽ ഇറങ്ങി ചെല്ലുന്നതിന്റേയും കാലഘട്ടമായിരുന്നു. സൈനികവും സാംസ്കാരികവുമായ രണ്ടുതരം ''വലയംചെയ്തു് അടിച്ചമർത്തൽ, പ്രതിവിപ്ളവ സംരംഭങ്ങളുണ്ടായിരുന്നു. വിപ്ളവം ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നതും രണ്ടുതരത്തിലുണ്ടായിരുന്നു. കാർഷികവിപ്ളവവും സാംസ്കാരിക വിപ്ളവവും അഗാധമായിത്തീർന്നു. സാമ്രാജ്യവാദികളുടെ പ്രേരണയിൽ, മുഴുവൻ രാജ്യത്തിലേയും മുഴുവൻ ലോകത്തിലേയും പ്രതിവിപ്ളവശക്തികൾ രണ്ടുതരം വലയംചെയ്തു് അടിച്ചമർത്തൽ സംരംഭങ്ങൾക്കുവേണ്ടി അണിനിരത്തപ്പെടുകയുണ്ടായി. പത്തുവർഷത്തിൽ കുറയാതെ അതു് നീണ്ടുനിന്നു. ക്രൂരതയുടെ കാര്യത്തിൽ അവയുമായി താരതമ്യപ്പെടുത്താൻ ഒന്നുമില്ല. ലക്ഷക്കണക്കിനു് കമ്യൂണിസ്റ്റുകാരും യുവവിദ്യാർത്ഥികളും കൊല്ലപ്പെട്ടു, കോടിക്കണക്കിനു് കർഷകരും തൊഴിലാളികളും ക്രൂരമായ മർദ്ദനത്തിനു വിധേയരായി. ഇതിനെല്ലാം ഉത്തരവാദികളായവർക്കു് കമ്യൂണിസത്തേയും കമ്യൂണിസ്റ്റു് പാർട്ടിയേയും ''എന്നെന്നേക്കുമായി തുടച്ചുനീക്കുവാൻ'' കഴിയുമെന്ന കാര്യത്തിൽ പ്രത്യക്ഷമായും ഒരു സംശയവുമുണ്ടായിരുന്നില്ല. എന്നിരുന്നാലും ഫലം വ്യത്യസ്തമായിരുന്നു. രണ്ടുതരം ''വലയംചെയ്തു് അടിച്ചമർത്തൽ'' സംരംഭങ്ങളും ദയനീയമായി പരാജയപ്പെട്ടു. സൈനിക സംരംഭം ജപ്പാൻകാരെ ചെറുത്തുനില്ക്കാനുള്ള ചുവപ്പുസേനയുടെ വടക്കൻ പദയാത്രയിൽ കലാശിച്ചു. സാംസ്കാരിക ആക്രമണം 1935—ലെ വിപ്ളവ യുവജനങ്ങളുടെ ഡിസംബർ 9 പ്രസ്ഥാനം 35 പൊട്ടിപ്പുറപ്പെടുന്നതിൽ കലാശിച്ചു. രണ്ടിന്റെയും പൊതുവായ ഫലം മുഴുവൻ രാജ്യത്തിലേയും ജനങ്ങളുടെ ഉണർന്നെണീക്കലായിരുന്നു. ഇവയായിരുന്നു മൂന്നു് അനുകൂലഫലങ്ങൾ. ഇവയിലെല്ലാററിലും അത്ഭുതകരമായിരുന്നതു് ക്മിന്താങ്ങിന്റെ സാംസ്കാരികമായ ''വലയംചെയ്തു് അടിച്ചമർത്തൽ സംരംഭം'' ക്മിന്താങ്ങ് പ്രദേശങ്ങളിൽപോലും പൂർണ്ണമായി പരാജയപ്പെട്ടു എന്നതാണു്. അവിടെയെല്ലാം സാംസ്കാരിക വിദ്യാഭ്യാസസ്ഥാപനങ്ങളിലും കമ്യൂണിസ്ററുപാർട്ടി തികച്ചും നിസ്സഹായാവസ്ഥയിലായിരുന്നുവെങ്കിൽപോലും ഇതെന്തുകൊണ്ടു സംഭവിച്ചു. അതു് ദീർഘവും അഗാധവുമായ ചിന്തയ്ക്കു് വക നൽകുന്നില്ലേ? ഇത്തരം വലയംചെയ്തു് അടിച്ചമർത്തൽ സംരംഭങ്ങളുടെ മദ്ധ്യത്തിൽത്തന്നെയാണു്, കമ്യൂണിസത്തിൽ വിശ്വസിച്ച ലൂഷുൻ ചൈനയുടെ സാംസ്കാരിക വിപ്ളവത്തിന്റെ അതികായനായിത്തീർന്നതു്. പ്രതിവിപ്ളവപരമായ വലയംചെയ്തു് അടിച്ചമർത്തൽ സംരംഭങ്ങളുടെ പ്രതികൂലഫലം നമ്മുടെ രാജ്യത്തെ ജാപ്പനീസ് സാമ്രാജ്യത്വം കടന്നാക്രമിച്ചതായിരുന്നു. ഇതാണു് മുഴുവൻ രാജ്യത്തേയും ജനങ്ങൾ കമ്യൂണിസ്ററുവിരോധത്തിന്റേതായ ആ പത്തുവർഷത്തെ രൂക്ഷമായി വെറുക്കാനുള്ള മുഖ്യകാരണം.

ഈ കാലഘട്ടത്തിലെ സമരങ്ങളിൽ വിപ്ളവചേരി ജനങ്ങളുടെ സാമ്രാജ്യത്വവിരുദ്ധ നാടുവാഴിവിരുദ്ധ പുത്തൻ ജനാധിപത്യത്തേയും അവരുടെ മൂന്നു ജനകീയതത്വങ്ങളേയും ദൃഢമായി ഉയർത്തിപ്പിടിച്ചു. അതേസമയം പ്രതിവിപ്ളവചേരി സാമ്രാജ്യത്വത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ ജന്മിവർഗ്ഗത്തിന്റേയും വൻകിട ബൂർഷ്വാസിയുടേയും കൂട്ടുകെട്ടിന്റെ സ്വേച്ഛാധിപത്യഭരണം അടിച്ചേല്പിച്ചു. ചൈനീസ് രാഷ്ട്രത്തിനു് ദുരന്തഫലങ്ങൾ ഉളവാക്കിക്കൊണ്ടു് ആ സ്വേച്ഛാധിപത്യഭരണം ഡോ: സൺയാററ് സെന്നിന്റെ മൂന്നു മഹത്തായ നയങ്ങളും അദ്ദേഹത്തിന്റെ മഹത്തായ മൂന്നു ജനകീയ തത്വങ്ങളും രാഷ്ട്രീയമായും സാംസ്കാരികമായും കശാപ്പുചെയ്തു.

നാലാമത്തെ കാലഘട്ടം ഇപ്പോഴത്തെ ജാപ്പനീസ് വിരുദ്ധ യുദ്ധത്തിന്റേതാണ്. അതിന്റെ വളഞ്ഞുപുളഞ്ഞുള്ള വഴിയിലൂടെ ചൈനീസ് വിപ്ലവം വീണ്ടും നാലു വർഗ്ഗങ്ങളുടെ ഐക്യമുന്നണിയിൽ എത്തിച്ചേർന്നിരിക്കുന്നു. പക്ഷെ, ഐക്യമുന്നണിയുടെ വ്യാപ്തി ഇപ്പോഴം കുറേക്കൂടി വിപുലമാണ്. കാരണം അതിന്റെ മേൽത്തട്ടിൽ ഭരണവർഗ്ഗങ്ങളിലെ പല അംശങ്ങളും ഉൾപ്പെടുന്നു. അതിന്റെ ഇടത്തട്ടിൽ ദേശീയ ബൂർഷ്വാസിയും പെററിബൂർഷ്വാസിയും ഉൾപ്പെടുന്നു. അതിന്റെ കീഴ്ത്തട്ടിൽ മുഴുവൻ തൊഴിലാളിവർഗ്ഗവും ഉൾപ്പെടുന്നു. ഇതുമൂലം രാജ്യത്തിലെ മുഴുവൻ വർഗ്ഗങ്ങളും വിഭാഗങ്ങളും ജാപ്പനീസ് സാമ്രാജ്യത്വത്തെ ദൃഢനിശ്ചയത്തോടെ ചെറുത്തുനില്ക്കുന്ന സഖ്യത്തിലെ അംഗങ്ങളായിത്തീർന്നിരിക്കുന്നു. ഈ കാലയളവിലെ ഒന്നാംഘട്ടം വൂഹാന്റെ പതനംവരെ നീണ്ടുനിന്നു. ആ ഘട്ടത്തിൽ രാജ്യത്തിലെ എല്ലാ മണ്ഡലങ്ങളിലും സജീവമായ ഒരന്തരീക്ഷം ഉണ്ടായിരുന്നു. രാഷ്ട്രീയമായ ജനാധിപത്യത്തിലേക്കുള്ള ഒരു പ്രവണതയുണ്ടായിരുന്നു. സാംസ്കാരികമായി സാമാന്യം വ്യാപകമായ പ്രവർത്തനവുമുണ്ടായിരുന്നു. വൂഹാന്റെ പതനത്തോടുകൂടി രണ്ടാംഘട്ടം ആരംഭിച്ചു. അതിൽ രാഷ്ട്രീയ സ്ഥിതിഗതികൾക്ക് പല മാററങ്ങളുമുണ്ടായി. വൻകിട ബൂർഷ്വാസിയിൽ ഒരു വിഭാഗം ശത്രുവിനു് കീഴടങ്ങി. മറെറാന്നു ചെറുത്തുനില്പുയുദ്ധം വേഗം അവസാനിപ്പിക്കുന്നതിനു് ആഗ്രഹിക്കാനും തുടങ്ങി. സാംസ്കാരിക മണ്ഡലത്തിൽ ഈ സ്ഥിതിവിശേഷം പ്രതിഫലിക്കപ്പെട്ടതു് ചെ–ചിങ്ങിന്റെയും36 ചാങ്ങ് ചുൻമായുടേയും മററുള്ളവരുടേയും പിന്തിരിപ്പൻ പ്രവർത്തനങ്ങളിലും അഭിപ്രായ സ്വാതന്ത്ര്യത്തിന്റേയും പത്രസ്വാതന്ത്ര്യത്തിന്റേയും അടിച്ചമർത്തലിലുമാണ്.

ഈ പ്രതിസന്ധി തരണം ചെയ്യാനായി ചെറുത്തുനില്പിനേയും ഐക്യത്തേയും പുരോഗതിയേയും എതിർക്കുന്ന എല്ലാ ആശയങ്ങൾക്കും എതിരായ ഉറച്ച ഒരു സമരം അത്യാവശ്യമാണ്. ഈ പിന്തിരിപ്പൻ ആശയങ്ങൾ തകർക്കപ്പെടുന്നില്ലെങ്കിൽ വിജയപ്രതീക്ഷയ്ക്കുതന്നെ വകയുണ്ടാവില്ല. ഈ സമരത്തിന്റെ ഫലമെന്തായിരിക്കും? മുഴുവൻ രാജ്യത്തിലേയും ജനങ്ങളുടെ മനസ്സിലുള്ള വലിയ ചോദ്യം ഇതാണ്. ചെറുത്തുനില്പിന്റെ പാതയിൽ പ്രതിബന്ധങ്ങൾ അസംഖ്യമുണ്ടെങ്കിലും അഭ്യന്തരവും സാർവ്വദേശീയവുമായ സാഹചര്യം വിലയിരുത്തുമ്പോൾ ചൈനീസ് ജനത വിജയിക്കാൻ ബാദ്ധ്യസ്ഥരാണ്. മേയ് 4 പ്രസ്ഥാനത്തിനുശേഷമുള്ള ഇരുപതുവർഷക്കാലത്തു് നേടിയ പുരോഗതി അതിനുമുമ്പത്തെ 80 വർഷത്തിൽ നേടിയതിനെ മാത്രമല്ല കവച്ചുവെയ്ക്കുന്നതു്. ഫലത്തിൽ ചൈനീസ് ചരിത്രത്തിന്റെ ആയിരക്കണക്കിനു വർഷങ്ങളിൽ നേടിയതിനെത്തന്നെ മറികടക്കുന്നു. ഇനിയൊരു ഇരുപതുവർഷക്കാലത്തു് എത്ര പുരോഗതി ചൈന കൈവരിക്കുമെന്നു് വിഭാവനചെയ്യാൻ നമുക്കു് കഴിയില്ലേ? അഭ്യന്തരമോ വൈദേശികമോ ആയ എല്ലാ ഇരുട്ടിന്റെ ശക്തികളുടേയും കടിഞ്ഞാണില്ലാത്ത ആക്രമണം നമ്മുടെ രാജ്യത്തിനു് വമ്പിച്ച നാശം വരുത്തിവെച്ചിട്ടുണ്ട്. പക്ഷെ ഇതേ ആക്രമംതന്നെ സൂചിപ്പിക്കുന്നതു് ഇരുട്ടിന്റെ ശക്തികൾക്കു് ഇനിയും കുറെ ശക്തികൂടി അവശേഷിച്ചിട്ടുണ്ടെങ്കിൽപോലും അവർ തങ്ങളുടെ മരണശയ്യയിലെത്തിക്കഴിഞ്ഞെന്നും ജനങ്ങൾ ക്രമേണ വിജയത്തിലേക്കടുത്തുകൊണ്ടിരിക്കുകയാണെന്നുമാണ്. ഇതു് ചൈനയെ സംബന്ധിച്ചും മുഴുവൻ പൌരസ്ത്യലോകത്തെ സംബന്ധിച്ചും മുഴുവൻ ലോകത്തെ സംബന്ധിച്ചും സത്യമാണ്.

# 14. സംസ്കാരത്തിന്റെ സ്വഭാവത്തെപ്പററി ചില തെററായ ആശയങ്ങൾ

പുതിയതെല്ലാംതന്നെ കഠിനവും രൂക്ഷവുമായ സമരത്തിന്റെ തീച്ചൂളയിൽനിന്നാണ് ഉടലെടുക്കുന്നത്. നല്ലതും ചീത്തയും പരീക്ഷണവിധേയമാക്കപ്പെടുകയും സമരത്തിൽ തെളിയിക്കപ്പെടുകയും ചെയ്യു കഴിഞ്ഞ 20 വർഷക്കാലത്ത് വളഞ്ഞുപുളഞ്ഞ ഗതി സ്വീകരിച്ച പുതിയ സംസ്കാരത്തിന്റെ കാര്യത്തിലും ഇതു സത്യമാണ്.

ബൂർഷ്വാ യാഥാസ്ഥിതികർ രാഷ്ട്രീയാധികാരത്തിന്റെ കാര്യത്തിലെന്നപോലെ സംസ്കാരത്തിന്റെ കാര്യത്തിലും അങ്ങേയററം തെററായ നിലപാടാണ് എടുത്തിട്ടുള്ളത്. അവർ ചൈനയിലെ ഈ പുതിയ കാലഘട്ടത്തിലെ ചരിത്രപരമായ സവിശേഷതകൾ മനസ്സിലാക്കുകയോ ബഹുജനങ്ങളുടെ പുത്തൻ ജനാധിപത്യ സംസ്കാരത്തെ അംഗീകരിക്കുകയോ ചെയ്യുന്നില്ല. അവരുടെ തുടക്കംതന്നെ മുതലാളിത്ത സ്വേച്ഛാധിപത്യമാണ്. അതു് സാംസ്കാരിക രംഗത്തു് മുതലാളിത്വത്തിന്റെ സാംസ്കാരിക സ്വേച്ഛാധിപത്യമായിത്തീരുന്നു. കഴിഞ്ഞകാലത്തു് സാംസ്കാരിക രംഗത്തു് കൂമിന്താങ്ങ് ഗവണ്മെൻറിന്റെ 'കമ്യൂണിസ്റ്റ് അടിച്ചമർത്തൽ' സംരംഭത്തിനു് വാസ്തവത്തിൽ പിന്തുണ നൽകിയ യൂറോപ്യൻ—അമേരിക്കൻ വിഭാഗക്കാർ 37എന്നു വിളിക്കപ്പെടുന്നവരിൽനിന്നുള്ള അഭ്യസ്തവിദ്യരിൽ ഒരു വിഭാഗം (ഒരു വിഭാഗത്തെ മാത്രമെ ഞാൻ പരാമർശിക്കുന്നുള്ളു.) ഇപ്പോൾ കമ്യൂണിസ്ററു പാർട്ടിയെ 'നിയന്ത്രിക്കുകയും നശിപ്പിക്കുകയും' ചെയ്യുന്ന കൂമിന്താങ്ങ് നയത്തിനു് പിന്തുണ നൽകുന്നുണ്ടു്. രാഷ്ട്രീയമായും സാംസ്കാരികമായും തൊഴിലാളികളും കർഷകരും തല ഉയർത്തിപ്പിടിക്കുന്നതു് അവർക്കു് ഇഷ്ടപ്പെടുന്നില്ല. സാംസ്കാരിക സ്വേച്ഛാധിപത്യത്തിന്റെ ഈ മുതലാളിത്ത യാഥാസ്ഥിതികപാത എങ്ങും കൊണ്ടുചെന്നെത്തിക്കുകയില്ല. രാഷ്ട്രീയ സ്വേച്ഛാധിപത്യത്തിന്റെ കാര്യത്തിലെന്നപോലെ അതിനു് ആവശ്യമായ ആഭ്യന്തരവും സാർവ്വദേശീയവുമായ മുന്നുപാധികളില്ല. അതുകൊണ്ടു് ഈ സാംസ്കാരിക സ്വേച്ഛാധിപത്യവും 'ചുരുട്ടിവെക്കുന്ന'താണ് നല്ലതു്.

നമ്മുടെ ദേശീയ സംസ്കാരത്തിന്റെ ദിശാനിർണ്ണയത്തെ സംബന്ധിച്ചിടത്തോളം കമ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രം മാർഗ്ഗനിർദ്ദേശപരമായ പങ്കു് വഹിക്കുന്നു. തൊഴിലാളിവർഗ്ഗത്തിനിടയിൽ മുഴുവനും സോഷ്യലിസവും കമ്യൂണിസവും പ്രചരിപ്പിക്കുന്നതിനും കർഷകർക്കും മററു ജനവിഭാഗങ്ങൾക്കും സോഷ്യലിസത്തെ സംബന്ധിച്ചു് പടിപടിയായി ശരിയായ വിദ്യാഭ്യാസം നൽകുന്നതിനും നാം കഠിനമായി യത്നിക്കണം. എന്നിരുന്നാലും നമ്മുടെ ദേശീയ സംസ്കാരം മൊത്തത്തിൽ ഇനിയും സോഷ്യലിസ്റ്റല്ല.

തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വം നിമിത്തം പുത്തൻ ജനാധിപത്യത്തിന്റെ രാഷ്ട്രീയത്തിലും സമ്പദ്വ്യവസ്ഥയിലും സംസ്കാരത്തിലുമെല്ലാം സോഷ്യലിസത്തിന്റെ അംശം അടങ്ങിയിരിക്കുന്നു, പക്ഷെ അതു വെറുമൊരു യാദൃച്ഛികഘടകമല്ല. പക്ഷെ നിർണ്ണായക പങ്കുള്ള ഒന്നാണ്. എന്നിരുന്നാലും മൊത്തത്തിലെടുത്താൽ രാഷ്ട്രീയവും സാംസ്കാരികവും സാമ്പത്തികവുമായ സ്ഥിതി ഇതുവരെയും പുത്തൻ ജനാധിപത്യപരമാണ്. സോഷ്യലിസ്റ്റല്ല. കാരണം ഇന്നത്തെ ഘട്ടത്തിലെ ചൈനീസ് വിപ്ലവം ഇനിയും മുതലാളിത്തത്തെ മറിച്ചിടുന്നതിനുള്ള ഒരു സോഷ്യലിസ്റ്റ് വിപ്ലവമായിട്ടില്ല. മറിച്ചു് ഒരു ബൂർഷ്വാ

ജനാധിപത്യ വിപ്ലവമാണ്. അതിൻെറ കേന്ദ്രകടമയാവട്ടെ വിദേശ സാമ്രാജ്യത്വത്തോടും അഭ്യന്തര നാടുവാഴിത്തത്തോടും പോരാടുക എന്നതും ദേശീയസംസ്കാരത്തിൻെറ മണ്ഡലത്തിൽ നിലവിലുള്ള സംസ്കാരം പൂർണ്ണമായും സോഷ്യലിസ്റ്റാണെന്നോ, ആയിരിക്കണമെന്നോ കരുതുന്നതു് തെററാണ്. കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നതിനെ ഒരു അടിയന്തിര പ്രവർത്തന പരിപാടി നടപ്പിലാക്കുന്നതായി തെററിദ്ധരിക്കുന്നതിനും പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മ പഠനം നടത്തുന്നതിലും ഗവേഷണം നടത്തുന്നതിലും പ്രവർത്തനത്തിലും കേഡർമാരെ പരിശീലിപ്പിക്കുന്നതിലും കമ്യൂണിസ്റ്റ് വീക്ഷണവും സമ്പ്രദായവും പ്രയോഗിക്കുന്നതു് ചൈനീസ് വിപ്ളവത്തിൻെറ ജനാധിപത്യ ഘട്ടത്തിൽ ദേശീയ വിദ്യാഭ്യാസത്തിനും ദേശീയ സംസ്കാരത്തിനുമുള്ള പൊതുനയമായി തെററിദ്ധരിക്കുന്നതിനു് തുല്യമാണതു്. സോഷ്യലിസ്റ്റ് ഉള്ളടക്കത്തോടു കൂടിയ ഒരു ദേശീയ സംസ്കാരം അനിവാര്യമായും ഒരു സോഷ്യലിസ്റ്റ് രാഷ്ട്രീയത്തിൻേറയും ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടേയും പ്രതിഫലനമായിരിക്കും. നമ്മുടെ രാഷ്ട്രീയത്തിലും നമ്മുടെ സമ്പദ്‌വ്യവസ്ഥയിലും സോഷ്യലിസ്ററ് ഘടകങ്ങളുണ്ടു്. അതുകൊണ്ടു് ഈ സോഷ്യലിസ്റ്റ് ഘടകങ്ങൾ നമ്മുടെ ദേശീയ സംസ്കാരത്തിലും പ്രതിഫലിപ്പിക്കപ്പെടുന്നു. പക്ഷെ നമ്മുടെ സമൂഹത്തെ മൊത്തത്തിലെടുക്കുമ്പോൾ ഇനിയും നമുക്കു് ഒരു സോഷ്യലിസ്റ്റ് രാഷ്ട്രീയവും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയും ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ പൂർണ്ണമായ ഒരു സോഷ്യലിസ്റ്റ് ദേശീയസംസ്കാരവും സാദ്ധ്യമല്ല. ഇന്നത്തെ ചൈനീസ് വിപ്ളവം ലോകതൊഴിലാളിവർഗ്ഗ സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ ഭാഗമായതുകൊണ്ടു് ഇന്നത്തെ ചൈനയുടെ പുതിയ സംസ്കാരം ലോകതൊഴിലാളിവർഗ്ഗ പുത്തൻ സംസ്കാരത്തിൻെറ ഒരു ഭാഗവും അതിൻെറ മഹത്തായ ഒരു സഖ്യശക്തിയുമാണ്. ഈ ഭാഗത്തിൽ സോഷ്യലിസ്ററ് സംസ്കാരത്തിൻെറ സുപ്രധാന ഘടകങ്ങൾ അടങ്ങിയിരിക്കുമ്പോൾ തന്നെ, ദേശീയ സംസ്കാരം ലോകതൊഴിലാളിവർഗ്ഗ സോഷ്യലിസ്റ്റ് പുത്തൻ സംസ്കാരത്തിൻെറ പ്രവാഹത്തിൽ ചേരുന്നതു് പൂർണ്ണമായും ഒരു സോഷ്യലിസ്ററ് സംസ്കാരം എന്ന നിലയ്ക്കല്ല; മറിച്ച് വിപുലമായ ബഹുജനങ്ങളുടെ സാമ്രാജ്യത്വവിരുദ്ധ, നാടുവാഴിത്ത വിരുദ്ധ പുത്തൻ ജനാധിപത്യ സംസ്കാരം എന്ന നിലക്കാണ്. തൊഴിലാളിവർഗ്ഗ നേതൃത്വമില്ലാതെ ഇന്നത്തെ ചൈനീസ് വിപ്ലവത്തിനു് മുന്നോട്ടു പോകാൻ കഴിയില്ലെന്നതുകൊണ്ടു് ചൈനയുടെ പുത്തൻ സംസ്കാരത്തിനു്; തൊഴിലാളിവർഗ്ഗ സംസ്കാരത്തിൻേറയും പ്രത്യയശാസ്ത്രത്തിൻേറയും അതായതു് കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൻെറ നേതൃത്വമില്ലാതെ മുന്നോട്ടുപോകാൻ കഴിയില്ല. എന്നിരുന്നാലും ഇന്നത്തെ ഘട്ടത്തിൽ ഇത്തരം നേതൃത്വംകൊണ്ടർത്ഥമാക്കുന്നതു് സാമ്രാജ്യത്വവിരുദ്ധവും നാടുവാഴിത്തവിരുദ്ധവുമായ രാഷ്ട്രീയ സാംസ്കാരികവിപ്ലവത്തിൽ ബഹുജനങ്ങളെ നയിക്കുക എന്നതാണ്. അതുകൊണ്ടു് മൊത്തത്തിൽ എടുക്കുമ്പോൾ ചൈനയുടെ പുതിയ സംസ്കാരത്തിൻെറ ഉള്ളടക്കം ഇപ്പോഴും സോഷ്യലിസ്റ്റല്ല പുത്തൻ ജനാധിപത്യപരമാണ്.

സംശയലേശമെന്യേ, കമ്യൂണിസ്റ്റ് ആശയങ്ങൾ കൂടുതൽ വ്യാപകമായി പ്രചരിപ്പിക്കുകയും മാർക്സിസം ലെനിനിസം പഠിക്കുന്നതിനു് കൂടുതൽ ഊർജ്ജം ചെലവഴിക്കുകയും ചെയ്യുന്നതിനുള്ള സമയം ഇതാണ്. അല്ലെങ്കിൽ, നമുക്കു് ചൈനീസ്‌വിപ്ലവത്തെ സോഷ്യലിസത്തിൻേറതായ ഭാവിഘട്ടത്തിലേക്കു് നയിക്കാൻ കഴിയാതെ വരുമെന്നു മാത്രമല്ല, ഇന്നത്തെ ജനാധിപത്യവിപ്ലവത്തെത്തന്നെ വിജയത്തിലേക്കു നയി

ക്കാൻ കഴിയാതെവരികയും ചെയ്യും. എന്നിരുന്നാലും, പുത്തൻ ജനാധിപത്യ പ്രവർത്തനപരിപാടി പ്രായോഗികമായി നടപ്പിൽ വരുത്തുന്നതിൽനിന്ന് ഭിന്നമായി കമ്യൂണിസ്റ്റ് ആശയങ്ങൾ വ്യാപിപ്പിക്കുന്നതും കമ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥയെക്കുറിച്ചുള്ള പ്രചരണവും നാം തുടർന്നുകൊണ്ടു പോകണം. മൊത്തത്തിലുള്ള ദേശീയസംസ്കാരത്തെ സംബന്ധിച്ച പുത്തൻ ജനാധിപത്യ ലൈനിൽനിന്ന് വിഭിന്നമായ പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മാന്വേഷണം നടത്തുന്നതിലും, പ്രവർത്തനത്തിലും കേഡർമാരെ പരിശീലിപ്പിക്കുന്നതിലും കമ്യൂണിസ്റ്റ് സിദ്ധാന്തവും സമ്പ്രദായവും തുടർന്നുകൊണ്ടു പോവുകയും വേണം. രണ്ടും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നത് നിസ്സംശയമായും അനുചിതമാണ്.

അങ്ങനെ ഇന്നത്തെ ഘട്ടത്തിൽ ചൈനയുടെ പുതിയ ദേശീയ സംസ്കാരത്തിന്റെ ഉള്ളടക്കം, ബൂർഷ്വാസിയുടെ സാംസ്കാരിക സ്വേഛാധിപത്യമോ, തൊഴിലാളിവർഗത്തിന്റെ സോഷ്യലിസമോ അല്ല; മറിച്ച്, തൊഴിലാളിവർഗ സോഷ്യലിസ്റ്റ് സംസ്കാരത്തിന്റേയും പ്രത്യയ ശാസ്ത്രത്തിന്റേയും നേതൃത്വത്തിലുള്ള, ബഹുജനങ്ങളുടെ സാമ്രാജ്യത്വവിരുദ്ധ, നാടുവാഴിത്ത വിരുദ്ധ പുത്തൻ ജനാധിപത്യമാണ്.

## 15. ഒരു ദേശീയ, ശാസ്ത്രീയ ബഹുജന സംസ്കാരം

പുത്തൻ ജനാധിപത്യസംസ്കാരം ദേശീയമാണ്. അത് സാമ്രാജ്യത്വമർദ്ദനത്തെ എതിർക്കുകയും ചൈനീസ് രാഷ്ട്രത്തിന്റെ അന്തസ്സും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു, അതു നമ്മുടെ രാജ്യത്തിന്റേതും സ്വന്തം ദേശീയ സവിശേഷതകൾ ഉള്ളതുമാണ്. അത് മററെല്ലാ രാജ്യങ്ങളിലേയും സോഷ്യലിസ്റ്റും പുത്തൻ ജനാധിപത്യപരവുമായ സംസ്കാരങ്ങളുമായി ബന്ധപ്പെടുന്നു. അവയെല്ലാം പരസ്പരം എന്തെങ്കിലും ഉൾക്കൊള്ളുകയും പരസ്പരം വികസിക്കാൻ സഹായിക്കുകയും അങ്ങനെ ഒരുമിച്ച് ഒരു പുത്തൻ ലോകസംസ്കാരം രൂപീകരിക്കുകയും ചെയ്യാൻ കഴിയുംവിധമാണ് ബന്ധപ്പെട്ടിരിക്കുന്നത്. പക്ഷെ. ഒരു വിപ്ലവ ദേശീയസംസ്കാരമെന്ന നിലയ്ക്ക് അതിന് ഏതെങ്കിലും രാജ്യത്തിലെ ഏതെങ്കിലും ഒരു പിന്തിരിപ്പൻ സാമ്രാജ്യത്വ സംസ്കാരവുമായി ബന്ധപ്പെടാൻ കഴിയുകയില്ല. സ്വന്തം സംസ്കാരത്തെ പോഷിപ്പിക്കുന്ന വളരെയധികം വിദേശപുരോഗമന സംസ്കാരം ചൈന ഉൾക്കൊള്ളേണ്ടതുണ്ട്. കഴിഞ്ഞകാലത്തു് അതു വേണ്ടത്ര ചെയ്തിട്ടില്ല. നമുക്കുപയോഗപ്രദമായതെന്തും ഇന്നത്തെ സോഷ്യലിസ്റ്റും, പുത്തൻ ജനാധിപത്യപരവുമായ സംസ്കാരങ്ങളിൽനിന്നു മാത്രമല്ല, മററു രാജ്യങ്ങളുടെ ആദ്യകാല സംസ്കാരങ്ങളിൽനിന്നും നാം ഉൾക്കൊള്ളണം, ഉദാഹരണത്തിന് നവോത്ഥാനകാലത്തെ വിവിധ മുതലാളിത്ത രാജ്യങ്ങളുടെ സംസ്കാരത്തിൽനിന്നു്. എന്നിരുന്നാലും വിമർശനം കൂടാതെ ഈ വിദേശവസ്തുക്കളൊന്നുംതന്നെ നാം വിഴുങ്ങരുതു്. മറിച്ച് ഭക്ഷണം നമുക്ക് പോഷകമാകുന്നതിന് നാം ഭക്ഷണത്തോടു ചെയ്യുന്നതുപോലെ നാം ഇതിനേയും കൈകാര്യം ചെയ്യണം. ആദ്യം ചവയ്ക്കുക, പിന്നെ ആമാശയത്തിന്റേയും കുടലുകളുടേയും അവയുടെ ദീപനരസങ്ങൾകൊണ്ടുള്ള പ്രവർത്തനത്തിനു് വിട്ടുകൊടുക്കുക, സ്വാംശീകരിക്കേണ്ട പോഷകാംശങ്ങളും തള്ളിക്കളയേണ്ട വിസർജ്ജനവസ്തുക്കളുമായി വേർതിരിക്കുകയും ചെയ്യുക. ''മൊത്തത്തിലുള്ള പാശ്ചാത്യവല്ക്കരണ''ത്തിനുവേണ്ടി വാദിക്കുന്നതു് തെററാണ്[38]. വിദേശസാധനങ്ങൾ യാന്ത്രികമായി ഉൾക്കൊള്ളുന്നതു

കൊണ്ടു് ചൈനയ്ക്കു് വളരെയധികം ക്ലേശങ്ങൾ ഉണ്ടായിട്ടുണ്ടു്. അതു പോലെ ചൈനയിൽ മാർക്സിസം പ്രയോഗിക്കുമ്പോൾ, മാർക്സിസത്തിന്റെ സാർവ്വത്രിക സത്യത്തെ ചൈനീസ് വിപ്ളവത്തിന്റെ സമൂർത്ത പ്രയോഗവുമായി പൂർണ്ണമായും ശരിയായും കൂട്ടിയിണക്കണം. അതായതു് മാർക്സിസത്തിന്റെ സാർവ്വത്രിക സത്യം ഉപയോഗപ്രദമാക്കണമെങ്കിൽ, പ്രത്യേക ദേശീയസ്വഭാവ വിശേഷങ്ങളുമായി കൂട്ടിയിണക്കപ്പെടുകയും കൃത്യമായ ഒരു ദേശീയരൂപം കൈക്കൊള്ളുകയും വേണം. ഒരു സാഹചര്യത്തിലും വെറുമൊരു സൂത്രവാക്യമായി, ആത്മനിഷ്ഠമായി അതു് പ്രയോഗിക്കാൻ കഴിയുകയില്ല. സൂത്രവാക്യങ്ങളെ അന്ധമായി ആരാധിക്കുന്ന മാർക്സിസ്റ്റുകൾ, മാർക്സിസത്തിന്റെയും ചൈനീസ് വിപ്ലവത്തിന്റെയും പേരിൽ വിഡ്ഢിവേഷം കെട്ടുകയാണു്. ചൈനീസ് വിപ്ലവത്തിന്റെ അണികളിൽ അവർക്കു് യാതൊരു സ്ഥാനവുമില്ല. ചൈനീസ് സംസ്കാരത്തിനു് അതിന്റെ സ്വന്തം രൂപം, അതിന്റെ സ്വന്തം ദേശീയരൂപം ഉണ്ടായിരിക്കണം. രൂപത്തിൽ ദേശീയവും ഉള്ളടക്കത്തിൽ പുത്തൻ ജനാധിപത്യപരവും—ഈ വിധത്തിലാണു് ഇന്നത്തെ നമ്മുടെ പുത്തൻ സംസ്കാരം.

പുത്തൻ ജനാധിപത്യസംസ്കാരം ശാസ്ത്രീയമാണു്. നാടുവാഴിത്തപരവും, അന്ധവിശ്വാസ ജഡിലവുമായ എല്ലാ ആശയങ്ങൾക്കും അതു് എതിരാണെന്നതുപോലെതന്നെ, അതു് വസ്തുതകളിൽനിന്നു് സത്യം കണ്ടെത്താനും, വസ്തുനിഷ്ഠ സത്യത്തിനും സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും ഐക്യത്തിനുംവേണ്ടി നിലകൊള്ളുന്നു. ഇക്കാര്യത്തിൽ സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനും അന്ധവിശ്വാസത്തിനും എതിരായി, ചൈനീസ് തൊഴിലാളിവർഗ്ഗത്തിന്റെ ശാസ്ത്രീയചിന്തയും പുരോഗമനവാദികളായ ചൈനീസ് മുതലാളിവർഗ്ഗ ഭൗതികവാദികളും പ്രകൃതിശാസ്ത്രജ്ഞന്മാരും തമ്മിൽ ഒരു ഐക്യമുന്നണിക്കുള്ള സാദ്ധ്യതയുണ്ടു്. പക്ഷെ, ഏതെങ്കിലും പിന്തിരിപ്പൻ ആശയവാദവുമായി ഒരു ഐക്യമുന്നണിക്കുള്ള സാദ്ധ്യത തീരെയില്ല. രാഷ്ട്രീയപ്രവർത്തനത്തിന്റെ മണ്ഡലത്തിൽ കമ്യൂണിസ്റ്റുകാർ ചില ആശയവാദികളും മതവിശ്വാസികളുമായിപ്പോലും ഒരു സാമ്രാജ്യത്വവിരുദ്ധ, നാടുവാഴിത്ത വിരുദ്ധ ഐക്യമുന്നണി രൂപീകരിച്ചേക്കാം. പക്ഷെ, അവരുടെ ആശയവാദത്തെയോ, മതസിദ്ധാന്തങ്ങളേയൊ നമുക്കൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. ചൈനീസ് നാടുവാഴിത്ത സമൂഹത്തിന്റെ സുദീർഘമായ കാലയളവിൽ പകിട്ടേറിയ ഒരു പഴയസംസ്കാരം സൃഷ്ടിക്കപ്പെടുകയുണ്ടായി. ഈ പഴയ സംസ്കാരത്തിന്റെ വളർച്ചയെക്കുറിച്ചു പഠിക്കുകയും അതിന്റെ നാടുവാഴിത്ത മാലിന്യങ്ങൾ തള്ളിക്കളയുകയും അതിന്റെ ജനാധിപത്യപരമായ അന്ത:സത്ത ഉൾക്കൊള്ളുകയും ചെയ്യേണ്ടതു് നമ്മുടെ പുതിയ ദേശീയ സംസ്കാരം വികസിപ്പിക്കുന്നതിനും നമ്മുടെ ദേശീയ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും അത്യാവശ്യമാണു്. പക്ഷെ വിമർശനം കൂടാതെ നാമൊന്നുംതന്നെ വിഴുങ്ങരുതു്. ഏറെക്കുറെ ജനാധിപത്യപരവും വിപ്ലവപരവുമായ സ്വഭാവമുണ്ടായിരുന്ന ജനങ്ങളുടെ പഴയ നല്ല സംസ്കാരത്തെ, പഴയ നാടുവാഴിഭരണവർഗ്ഗത്തിന്റെ എല്ലാ ജീർണ്ണതയിൽനിന്നും വേർതിരിക്കേണ്ടതു് അത്യാവശ്യമാണു്. ചൈനയുടെ ഇന്നത്തെ പുതിയ രാഷ്ട്രീയവും പുതിയ സമ്പദ്‌വ്യവസ്ഥയും അതിന്റെ പഴയ രാഷ്ട്രീയത്തിൽനിന്നും സമ്പദ്‌വ്യവസ്ഥയിൽനിന്നും വളർന്നുവന്നതാണു്. ചൈനയുടെ ഇന്നത്തെ പുതിയ സംസ്കാരവും അതിന്റെ പഴയ സംസ്കാരത്തിൽനിന്നും വളർന്നുവന്നതാണു്. അതുകൊണ്ടു് നാം നമ്മുടെതന്നെ ചരിത്രത്തെ ബഹുമാനിക്കണം. അതിനെ മുഴുവനും വെട്ടിക്കള

യരുതു്. എന്നിരുന്നാലും, ചരിത്രത്തെ ബഹുമാനിക്കുക എന്നതുകൊണ്ടു് ഒരു ശാസ്ത്രത്തെപ്പോലെ അതിനു് അതിൻെറ സ്ഥാനം നൽകുകയും അതിൻെറ വൈരുദ്ധ്യാധിഷ്ഠിതമായ വികാസത്തെ മാനിക്കുകയും ചെയ്യുക എന്നാണു്. അല്ലാതെ വർത്തമാനകാലത്തിൻെറ ചെലവിൽ ഭൂതകാലത്തെ വാഴ്ത്തുകയോ നാടുവാഴിത്ത വിഷത്തിൻെറ ഓരോ തുള്ളിയേയും പുകഴ്ത്തുകയോ ചെയ്യുക എന്നതല്ല. ബഹുജനങ്ങളേയും, യുവവിദ്യാർത്ഥികളേയും സംബന്ധിച്ചിടത്തോളം പിന്നോട്ടു് നോക്കാനല്ല, മുന്നോട്ടു നോക്കാൻ അവർക്കു് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണു് പ്രധാന കാര്യം.

പുത്തൻ ജനാധിപത്യസംസ്കാരം വിപുലമായ ബഹുജനങ്ങളുടേതാണു്. അതുകൊണ്ടു് ജനാധിപത്യപരവുമാണു്. രാജ്യത്തിലെ ജനങ്ങളുടെ 90 ശതമാനം വരുന്ന തൊഴിലാളികളും കർഷകരുമായ അദ്ധ്വാനിക്കുന്ന ബഹുജനങ്ങളെ അതു് സേവിക്കുകയും ക്രമികമായി അതു് അവരുടെ സ്വന്തമായിത്തീരുകയും വേണം. വിപ്ലവകേഡർമാർക്കു് നൽകുന്ന വിജ്ഞാനവും വിപ്ലവ ബഹുജനങ്ങൾക്കു നൽകുന്ന വിജ്ഞാനവും തമ്മിലും, സാംസ്കാരിക നിലവാരം ഉയർത്തുന്നതും ജനകീയവൽക്കരണവും തമ്മിലും അടുത്ത ഒരു ബന്ധം ഉള്ളതുപോലെതന്നെ തോതിലുള്ള ഒരു അന്തരവുമുണ്ടു്? വിപ്ലവസംസ്കാരം വിപുലമായ ബഹുജനങ്ങളുടെ ശക്തമായ ഒരു വിപ്ലാവായുധമാണു്. വിപ്ലവം വരുന്നതിനുമുമ്പു് അതു് പ്രത്യയശാസ്ത്രപരമായ കളമൊരുക്കുന്നു. വിപ്ലവകാലത്തു് പൊതുവായ, വിപ്ലവമുന്നണിയിലെ പ്രധാനപ്പെട്ട യഥാർത്ഥത്തിൽ അനിവാര്യമായ ഒരു പോരാട്ടമുന്നണിയാണതു്. വിപ്ലവ സാംസ്കാരികപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ ഈ വിപ്ലവമുന്നണിയിലെ വിവിധതലങ്ങളിലെ സേനാനായകന്മാരാണു്. ''വിപ്ലവസിദ്ധാന്തമില്ലാതെ ഒരു വിപ്ലവപ്രസ്ഥാനവുമുണ്ടാവുക സാധ്യമല്ല. 39'' അങ്ങനെ പ്രായോഗിക വിപ്ലവപ്രസ്ഥാനത്തിനു് സാംസ്കാരികപ്രസ്ഥാനം എത്ര പ്രധാനപ്പെട്ടതാണെന്നു കാണാൻ കഴിയും. സാംസ്കാരികപ്രസ്ഥാനവും പ്രാദേശിക പ്രസ്ഥാനവും ബഹുജനങ്ങളുടേതായിരിക്കണം. അതുകൊണ്ടു് ജാപ്പനീസ് വിരുദ്ധത്തിലെ എല്ലാ പുരോഗമന സാംസ്കാരികപ്രവർത്തകർക്കും, അവരുടെ സ്വന്തം സാംസ്കാരിക സേനാവിഭാഗങ്ങൾ, അതായതു് വിപുലമായ ബഹുജനങ്ങൾ ഉണ്ടായിരിക്കണം. ജനങ്ങളോടു് അടുത്ത ബന്ധമില്ലാത്ത ഒരു വിപ്ലവസാംസ്കാരിക പ്രവർത്തകൻ സേനയില്ലാത്ത ഒരു സേനാനായകനാണു്. അയാളുടെ ആയുധശക്തിക്കു് ശത്രുവിനെ വീഴ്ത്താൻ കഴിയുകയില്ല. ഈ ലക്ഷ്യം കൈവരിക്കുന്നതിനു് ചൈനീസ് എഴുത്തുഭാഷ പരിഷ്കരിക്കുകയും ആവശ്യമായ മാററങ്ങൾ വരുത്തുകയും വേണം. നമ്മുടെ സംസാരഭാഷ ജനങ്ങളുടെ ഭാഷയോടു് കൂടുതൽ അടുപ്പിക്കണം. ജനങ്ങളാണു് നമ്മുടെ വിപ്ലവസംസ്കാരത്തിൻെറ വററാത്ത ഉറവിടമെന്നു് ഊന്നിപ്പറയുകയും വേണം.

ദേശീയവും ശാസ്ത്രീയവും ബഹുജനങ്ങളുടേതുമായ ഒരു സംസ്കാരം—ഇതാണു് ജനങ്ങളുടെ സാമ്രാജ്യത്വവിരുദ്ധ നാടുവാഴിത്തവിരുദ്ധ സംസ്കാരം, പുത്തൻ ജനാധിപത്യത്തിൻെറ സംസ്കാരം, ചൈനീസ് രാഷ്ട്രത്തിൻെറ പുതിയ സംസ്കാരം.

പുത്തൻ ജനാധിപത്യത്തിൻെറ രാഷ്ട്രീയവും, സമ്പദ്വ്യവസ്ഥയും, സംസ്കാരവും കൂട്ടിയോജിപ്പിക്കുക; പുത്തൻ ജനാധിപത്യ റിപ്പബ്ലിക്കായിരിക്കും പേരിലും യാഥാർത്ഥ്യത്തിലും ചൈനീസ് റിപ്പബ്ലിക്ക്, നാം സൃഷ്ടിക്കാനാഗ്രഹിക്കുന്ന പുതിയ ചൈന.

നോക്കൂ, പുതിയ ചൈന നമ്മുടെ ദൃഷ്ടിപഥത്തിലുണ്ട്. നമുക്കെല്ലാം അതിനെ അഭിവാദ്യം ചെയ്യാം.

അതിന്റെ കൊടിമരം ചക്രവാളത്തിൽ ഉയർന്നു കഴിഞ്ഞു. നമുക്ക് സ്വാഗതമാശംസിക്കാം.

നിങ്ങളുടെ രണ്ടു കൈകളും ഉയർത്തുക, പുതിയ ചൈന നമ്മുടേതാണ്.

## കുറിപ്പുകൾ

1. 'ചൈനീസ് സംസ്കാരം': 1940–ൽ യെനാനിൽനിന്ന് പ്രസിദ്ധീകരണം തുടങ്ങിയ മാസിക–അതിന്റെ ഒന്നാം ലക്കത്തിലാണ് ഈ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടത്.

2. വി. ഐ. ലെനിൻ, ''ട്രേഡ് യൂണിയനുകളേയും ഇന്നത്തെ പരിതസ്ഥിതിയേയും, ട്രോട്സ്കിയുടേയും ബുഖാറിന്റെയും തെററുകളെയും കുറിച്ച് ഒരിക്കൽകൂടി.''

3. കാറംമാർക്സ്, ''അർത്ഥശാസ്ത്ര വിമർശനത്തിനു് ഒരു സംഭാവനയുടെ മുഖവുര.''

4. കാറംമാർക്സ്, ''ഹേറായർ ബാഹിനെക്കുറിച്ചുള്ള സിദ്ധാന്തങ്ങറം.''

5. 18–ാം നൂററാണ്ടിന്റെ അവസാനത്തെത്തുടർന്ന് നിരവധി ദശകങ്ങളോളം വർദ്ധിച്ച അളവ് കറുപ്പ് ബ്രിട്ടൻ ചൈനയിലേക്ക് കയററുമതി ചെയ്തു. ഈ കയററുമതി ചൈനീസ് ജനതയെ കറുപ്പിനു് അടിമകളാക്കുക മാത്രമല്ല, ചൈനയിൽനിന്ന് വൻതോതിൽ വെള്ളി കൊള്ള ചെയ്യാൻ ഇടവരുത്തുകയും ചെയ്തു. അതു് ചൈനയിൽ രൂക്ഷമായ എതിർപ്പുണ്ടാക്കി. 1840–ൽ ചൈനയുമായുള്ള തങ്ങളുടെ വ്യാപാരത്തെ സംരക്ഷിക്കാനെന്ന പേരിൽ ബ്രിട്ടൻ ചൈനക്കുനേരേ സായുധ ആക്രമണം അഴിച്ചുവിട്ടു. ലിൻ–സെ–സൂവിന്റെ നേതൃത്വത്തിൽ ചൈനീസ് സൈന്യം ചെറുത്തുനില്ക്കുകയും കാൻറണിലെ ജനങ്ങറം സ്വയമായി മുന്നോട്ടുവന്നു ബ്രിട്ടീഷ് ആക്രമണകാരികറംക്ക് കനത്ത പ്രഹരമേല്പിച്ച 'ബ്രിട്ടീഷ് സൈന്യത്തെ തകർക്കുക' എന്ന പ്രസ്ഥാനത്തിനു് രൂപം കൊടുക്കുകയും ചെയ്തു. എങ്ങനെയായാലും, 1842–ൽ അഴിമതിക്കാരുടേതായ ചിങ്ങ് ഭരണം ബ്രിട്ടീഷ് ആക്രമണകാരികളുമായി നാങ്കിങ്ങ് സന്ധിയിൽ ഒപ്പുവെച്ചു. ഈ സന്ധിയനുസരിച്ച് ബ്രിട്ടനു് നഷ്ടപരിഹാരം നൽകാനും ഹോംകോങ്ങ് ബ്രിട്ടനു് ഒഴിവുകൊടുക്കാനും വ്യവസ്ഥ ചെയ്യപ്പെട്ടു. ഷാങ്ങ്ഹായ്, ഫൂ ചൗവ്, അമോയ്, നിങ്ങ്പോ, കാൻറൺ എന്നീ പ്രദേശങ്ങറം ബ്രിട്ടീഷ് വ്യാപാരത്തിനുവേണ്ടി തുറന്നുകൊടുക്കാനും ചൈനയിലേയ്ക്കു് ഇറക്കുമതി ചെയ്യുന്ന ബ്രിട്ടീഷ് ചരക്കുകറംക്ക് താരിഫ് നിരക്കുകറം ചൈനയും ബ്രിട്ടനും സംയുക്തമായി തീരുമാനിക്കാനും വ്യവസ്ഥ ചെയ്യപ്പെട്ടു.

6. ''തായ് പിങ്ങ് സ്വർഗ്ഗീയ സാമ്രാജ്യപ്രസ്ഥാനമെന്നതു്'' ചിങ്ങ് ഭരണവംശത്തിന്റെ നാട്ടുവാഴിത്ത ഭരണത്തിനും ദേശീയ മർദ്ദനത്തിനും എതിരായ 19–ാം നൂററാണ്ടിലെ മദ്ധ്യകാലഘട്ടത്തിലെ കർഷക പ്രസ്ഥാനമായിരുന്നു. 1851 ജനവരിയിൽ ഹുങ്ങ്–സീയു–ചൂവാൻ, യാങ്ങ്–സീയു–ചിങ്ങ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്വാങ്ങ്–സി പ്രവിശ്യയിൽ ക്യൂയ്–പിങ്ങ് കൗണ്ടിയിൽ ചിൻ–ടിയൻ ഗ്രാമത്തിൽ

ഒരു മുന്നേററം സംഘടിപ്പിക്കപ്പെടുകയും തായ്—പിങ്ങ് സ്വർഗ്ഗീയസാമ്രാജ്യത്വത്തിൻെറ സ്ഥാപനം പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

ക്വാങ്ങ്—സീയിൽ നിന്നും 1852—ൽ വടക്കോട്ടുള്ള മുന്നേററത്തിൽ അവരുടെ കർഷകസേന ഹുനാനും, ഹുപെയും ആക്രമിക്കുകയും പിടിച്ചടക്കുകയും ചെയ്തു. 1853—ൽ കിയാങ്ങ്—സി, ആൻഹ്—വെയ് എന്നീ പ്രദേശങ്ങളിലൂടെ മാർച്ചുചെയ്ത് നാങ്കിങ്ങ് പിടിച്ചടക്കി. സേനയുടെ ഒരു വിഭാഗം വടക്കോട്ടുള്ള നീക്കം തുടരുകയും ടിയൻസിൻ പ്രാന്തപ്രദേശത്തോളം തള്ളിക്കയറുകയും ചെയ്തു. എങ്കിലും തായ്പിങ്ങ് സേന അതു് പിടിച്ചെടുത്ത പ്രദേശങ്ങളിൽ ഉറച്ച താവളപ്രദേശങ്ങൾ കെട്ടിപ്പടുക്കുന്നതിൽ പരാജയപ്പെട്ടു; മാത്രമല്ല, നാങ്കിങ്ങിൽ അതിൻെറ തലസ്ഥാനം സ്ഥാപിതമായതിനുശേഷം അതിൻെറ നേതൃത്വവിഭാഗം രാഷ്ട്രീയവും സൈനികവുമായ അനേകം തെററുകൾ വരുത്തി. അതുകൊണ്ടു് ചിങ്ങ് ഭരണാധികാരികളും ബ്രിട്ടീഷ്—അമേരിക്കൻ—ഫ്രഞ്ച് ആക്രമണകാരികളും ഉൾപ്പെട്ട പ്രതിവിപ്ലവ ശക്തികളുടെ സംയുക്തമായ കടന്നാക്രമണത്തെ ചെറുത്തുനില്ക്കാൻ അതിനു് കഴിഞ്ഞില്ല. അങ്ങനെ 1864—ൽ അതു് അവസാനമായി പരാജയപ്പെട്ടു.

7. 1882—83—ൽ ഫ്രഞ്ച് ആക്രമണകാരികൾ ഇൻഡോ—ചൈനയുടെ വടക്കൻ പ്രദേശം ആക്രമിച്ചു. 1884—85—ൽ ചൈനയിലെ ക്വാങ്ങ്—സി, തൈവാൻ, ഫൂകിൻ, ചെ കിയാങ്ങ് പ്രവിശ്യകളിലേയ്ക്കു് അവർ അവരുടെ കടന്നാക്രമണയുദ്ധം വ്യാപിപ്പിച്ചു. ഈ യുദ്ധത്തിൽ നേടിയ വിജയങ്ങളെ അവഗണിച്ചുകൊണ്ടു് അഴിമതിക്കാരായ ചിങ്ങ് ഭരണാധികാരികൾ നാണംകെട്ട ടിയെൻസിൻ സന്ധിയിൽ ഒപ്പുവച്ചു.

8. കൊറിയയേയും ചൈനയേയും ആക്രമിക്കാനുള്ള ഉദ്ദേശത്തോടെ ജാപ്പനീസ് സാമ്രാജ്യത്വം 1894—95—ൽ സീനോ—ജാപ്പനീസ് യുദ്ധത്തിനു് തുടക്കമിട്ടു. അനേകം ചൈനീസ് പടയാളികളും ദേശാഭിമാനികളായ കുറെ ജനറൽമാരും ചേർന്നു് ജാപ്പനീസ് സാമ്രാജ്യത്തിനെതിരെ ധീരമായി പോരാടി. എന്നാൽ ചിങ്ങ് ഭരണാധികാരികളുടെ അഴിമതിയും, ചെറുത്തുനില്പ് സംഘടിപ്പിക്കാനുള്ള അവരുടെ കഴിവുകേടും ചൈനയുടെ പരാജയത്തിനു് വഴിവെച്ചു. 1895—ൽ ചിങ്ങ് ഭരണാധികാരികൾ ജപ്പാനുമായി ലജ്ജാവഹമായ ഷിമൊണോസേക്കി സന്ധിയിൽ ഒപ്പുവെച്ചു.

9. കാങ്ങ് യു—വെയ്, ലിയാങ്ങ് ചി—ചാവോ, ടാൻ സ—ടുങ്ങ് എന്നിവരുടെ ആവേശോജ്വലമായ നേതൃത്വത്തിലുള്ള 1898—ലെ പരിഷ്കരണപ്രസ്ഥാനം ലിബറൽ ബൂർഷ്വാസിയുടെ ഒരു വിഭാഗത്തിൻേറയും പരിഷ്കൃതരായ ഭൂപ്രഭുക്കളുടേയും താല്പര്യങ്ങളെ പ്രതിനിധീകരിച്ചു. കുവാങ്ങ്—സു ചക്രവർത്തി ഈ പ്രസ്ഥാനത്തെ അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുവെങ്കിലും അതിനു് ജനകീയാടിത്തറയില്ലായിരുന്നു. കുവാങ്ങ്—സു ചക്രവർത്തിയെ തടവിലാക്കിക്കൊണ്ടും ടാൻ സു—ടുങിനേയും മററഞ്ചുപേരേയും ശിരഛേദം ചെയ്തുകൊണ്ടും ഡൊവാഗർ സു—സി അധികാരം പിടിച്ചെടുത്തു. സ്വന്തമായി ഒരു സൈന്യമുണ്ടായിരുന്ന യുവാൻ ഷി—കായ്, പിന്തിരിപ്പൻമാരുടെ നേതാവായ ഡൊവാഗർ ചക്രവർത്തിനിക്കു് പരിഷ്കരണവാദികളെ ഒററുകൊടുത്തു അങ്ങനെ ഈ പ്രസ്ഥാനം ദയനീയമായ പരാജയത്തിൽ കലാശിച്ചു.

10. 1911—ലെ വിപ്ളവം ചിങ്ങ് രാജവംശത്തിൻെറ ഏകാധിപത്യഭരണത്തെ അട്ടിമറിച്ച ബൂർഷ്വാ വിപ്ളവമായിരുന്നു. ആ വർഷം ഒക്ടോബർ 10—ാം തീയതി ചിങ്ങ് രാജവംശത്തിൻെറ പുതിയ സേനയി

ലെ വിപ്ളവാശയം സ്വീകരിച്ച ഒരു വിഭാഗം ഹ്യൂപെയ് പ്രവിശ്യയിലെ വൂ ചാങിൽ ഒരു മുന്നേററം സംഘടിപ്പിച്ചു. നിലവിലുള്ള ബൂർഷ്വാ—പെററി ബൂർഷ്വാ വിപ്ളവസമൂഹങ്ങളും തൊഴിലാളികളും കർഷകരും പട്ടാളക്കാരുമടങ്ങുന്ന വിശാല ബഹുജനങ്ങളും അതിനോട് ആവേശപൂർവ്വം പ്രതികരിക്കുകയും വളരെ പെട്ടെന്ന് ചിങ് രാജവംശത്തിൻെറ ഭരണം തകരുകയും ചെയ്തു. 1912 ജനുവരിയിൽ സൺയാത്—സെൻ താല്ക്കാലിക പ്രസിഡൻറായുള്ള ചൈനീസ് റിപ്പബ്ലിക്കിൻെറ താല്ക്കാലിക ഭരണം നാങ്കിങ്ങിൽ സ്ഥാപിക്കപ്പെട്ടു. അങ്ങനെ രണ്ടായിരത്തിലേറെ വർഷക്കാലം നിലനിന്ന ചൈനയിലെ നാടുവാഴിത്ത രാജവാഴ്ച അവസാനിപ്പിക്കപ്പെട്ടു. ജനങ്ങളുടെ ഹൃദയങ്ങളിൽ ഒരു ജനാധിപത്യ റിപ്പബ്ലിക്കിനെക്കുറിച്ചുള്ള ആശയം ആഴത്തിൽ വേരൂന്നി. എന്നാൽ വിപ്ലവം നയിച്ച ബൂർഷ്വാസി സ്വാഭാവികമായും ശക്തമായ അനുരഞ്ജന പ്രവണതയുള്ളതായിരുന്നു. ഗ്രാമപ്രദേശങ്ങളിലെ ഭൂവുടമാവർഗ്ഗത്തിൻെറ നാടുവാഴിത്ത ഭരണത്തെ തകർക്കുന്നതിനായി കർഷക ബഹുജനങ്ങളെ വ്യാപകമായി സംഘടിപ്പിക്കുന്നതിനുപകരം ബൂർഷ്വാസി വടക്കൻ യുദ്ധപ്രഭുവായ യുവാൻ ഷി—കായ്ക്ക് സാമ്രാജ്യത്വ നാടുവാഴിത്ത സമ്മർദ്ദത്തിനു വഴങ്ങികൊണ്ട് ഭരണകൂടാധികാരത്തെ കൈമാററം ചെയ്യുകയാണ് ചെയ്തത്. അതിൻെറ ഫലമായി വിപ്ലവം പരാജയത്തിൽ കലാശിച്ചു.

11. 1919 മേയ് 4—നു ആരംഭിച്ച മേയ്—4 പ്രസ്ഥാനം ഒരു സാമ്രാജ്യത്വവിരുദ്ധ, നാടുവാഴിത്തവിരുദ്ധ വിപ്ലവപ്രസ്ഥാനമായിരുന്നു. ആ വർഷത്തിൻെറ ആദ്യപകുതിയിൽ ഒന്നാം ലോകയുദ്ധത്തിൽ വിജയികളായ ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക, ജപ്പാൻ, ഇററലി തുടങ്ങിയ സാമ്രാജ്യത്വരാജ്യങ്ങൾ പാരീസിൽ സമ്മേളിക്കുകയും കീഴ്പ്പെടുത്തപ്പെട്ട പ്രദേശങ്ങൾ പങ്കു് വെയ്ക്കുകയും ചൈനയിലെ ഷാൻടുങ് പ്രവിശ്യയിൽ ജർമ്മനി മുൻപ് നിലനിത്തിയിരുന്ന പ്രത്യേകാവകാശങ്ങൾ ജപ്പാനു് ഏററെടുക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. മേയ് 4 നു് റാലികളും പ്രകടനങ്ങളും സംഘടിപ്പിച്ചുകൊണ്ട് ഈ നീക്കത്തിനെ ആദ്യമായി ശക്തമായി എതിത്തതു് പീക്കിംഗിലെ വിദ്യാത്ഥികളാണ്. ഈ എതിർപ്പിനെ അടിച്ചമത്താനുള്ള ശ്രമമെന്ന നിലയ്ക്ക് വടക്കൻ പ്രദേശത്തെ യുദ്ധപ്രഭുക്കളുടെ സർക്കാർ മുപ്പതിലധികം വിദ്യാത്ഥികളെ അറസ്റ്റു ചെയ്തു. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് പീക്കിംഗിലെ വിദ്യാത്ഥികൾ സമരം തുടന്നു, നാടിൻെറ വിവിധ ഭാഗങ്ങളിൽ അനേകം വിദ്യാത്ഥികൾ സമരത്തിൽ പങ്കുചേന്നു. ജൂൺ 3—ാംതീയതി വടക്കൻ പ്രദേശത്തെ യുദ്ധപ്രഭുക്കളുടെ സർക്കാർ പീക്കിംഗിലെ വിദ്യാത്ഥികളെ കൂട്ടത്തോടെ അറസ്റ്റുചെയ്യാൻ തുടങ്ങി. രണ്ടു ദിവസത്തിനകം ആയിരത്തോളം പേർ കസ്റ്റഡിയിലായി. രാജ്യം മുഴുവൻ വർദ്ധിച്ച തോതിൽ രോഷം ആളിപ്പടന്നു. ജൂൺ 5 മുതൽ ഷാംഗ്ഹായ്ലേയും മററു നഗരങ്ങളിലേയും തൊഴിലാളികൾ സമരം തുടന്നു. ആ സ്ഥലങ്ങളിലെ കച്ചവടക്കാർ കടകൾ പൂട്ടിയിട്ടു. അങ്ങനെ, ആരംഭത്തിൽ ബുദ്ധിജീവികളുടേതായിരുന്ന ഈ ദേശസ്നേഹികളുടെ പ്രസ്ഥാനം വളരെപ്പെട്ടെന്ന് വളന്നു വികസിക്കുകയും തൊഴിലാളികളേയും നഗരത്തിലെ പെററി ബൂർഷ്വാസിയേയും ഉൾക്കൊള്ളുന്ന ദേശസ്നേഹികളുടേതായ ഒരു ദേശീയപ്രസ്ഥാനമായി രൂപം പ്രാപിക്കുകയും ചെയ്തു. ഈ ദേശീയപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കൊപ്പം മറെറാരു പ്രസ്ഥാനം വളർന്നു വരികയായിരുന്നു.

നാടുവാഴിത്തത്തിനെതിരായും ശാസ്ത്രത്തിൻെറയും ജനാധിപത്യത്തിൻെറയും വികാസത്തിനുവേണ്ടിയും മേയ് 4—നു മുമ്പാരംഭിച്ച പുത്തൻ സംസ്കാരികപ്രസ്ഥാനം, ഊർജ്ജസ്വലവും അതിശക്തവുമായ ഒരു

വിപ്ലവസാംസ്ക്കാരിക പ്രസ്ഥാനമായി വളർന്നുവന്നു. ഇതിന്റെ മുഖ്യ ധാര മാർക്സിസം—ലെനിനിസത്തിന്റെ പ്രചരണമായിരുന്നു.

12. 1926 മേയ്—ജൂലായ് മാസങ്ങളിൽ ക്വാങ്—ടങ് പ്രവിശ്യയിൽനിന്നും വടക്കോട്ടു മാർച്ചുചെയ്ത വിപ്ളവസൈന്യം വടക്കൻ പ്രദേശത്തെ യുദ്ധപ്രഭുക്കളെ ശിക്ഷിക്കാനുദ്ദേശിച്ച് ഒരു യുദ്ധം ആരംഭിച്ചു. അതാണ് വടക്കൻ ആക്രമണപര്യടനം. ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ സ്വാധീനത്തിലും (അന്ന് സൈന്യത്തിലെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ചുമതല പ്രധാനമായും കമ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾക്കായിരുന്നു.) പാർട്ടിയുടെ നേതൃത്വത്തിലുള്ള ഈ സൈന്യത്തിനു് തൊഴിലാളികളും കർഷകരുമടങ്ങുന്ന വിശാല ബഹുജനങ്ങളുടെ അകമഴിഞ്ഞ പിന്തുണ നേടിയെടുക്കാൻ കഴിഞ്ഞു. 1926 ന്റെ രണ്ടാം പകുതിയിലും 1927 ന്റെ ആദ്യപകുതിയിലുമായി, ഈ സൈന്യം മഞ്ഞനദിയുടേയും യാങ് സി നദിയുടേയും തീരപ്രദേശങ്ങളിലുള്ള ഭൂരിഭാഗം പ്രവിശ്യകൾ കൈയ്യടക്കുകയും വടക്കൻ യുദ്ധപ്രഭുക്കളെ കീഴടക്കുകയും ചെയ്തു. 27 ഏപ്രിൽ മാസത്തിൽ ഈ വിപ്ലവയുദ്ധം പരാജയപ്പെട്ടു. അതിനു കാരണം വിപ്ളവസൈന്യത്തിലുണ്ടായിരുന്ന, ചിയാങ് കൈഷക്കിന്റെ കീഴിലുള്ള പ്രതിവിപ്ലവക്ളിക്കിന്റെ വഞ്ചനയായിരുന്നു.

13. കമ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിൽ 1927 മുതൽ 1937 വരെയുള്ള കാലഘട്ടത്തിൽ ചൈനീസ് ജനത നടത്തിയ വിപ്ലവ സമരമാണ് കാർഷിക വിപ്ലവ സമരം. ചുവപ്പൻ രാഷ്ട്രീയാധികാരത്തിന്റെ സ്ഥാപനവും വികാസവും കാർഷിക വിപ്ലവത്തിന്റെ വ്യാപനവും പിൻതിരിപ്പൻ കുമിന്താങ് ഭരണത്തിനെതിരെയുള്ള സായുധ ചെറുത്തുനില്പുമായിരുന്നു ഇതിന്റെ പ്രധാന ഉള്ളടക്കം. ഈ വിപ്ളവസമരം രണ്ടാം ആഭ്യന്തര വിപ്ളവ യുദ്ധമെന്നും അറിയപ്പെടുന്നു.

14. 1924—27 ലെ മഹത്തായ ഒന്നാം വിപ്ലവം ഒന്നാം ആഭ്യന്തര വിപ്ളവമെന്നറിയപ്പെടുന്നു. ഇതു് ഒരു സാമ്രാജ്യത്വ വിരുദ്ധ നാടുവാഴിത്ത വിരുദ്ധ വിപ്ളവസമരമായിരുന്നു. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടേയും കുമിന്താങ്ങിന്റേയും സഹകരണത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ വടക്കൻ ആക്രമണ പര്യടനമായിരുന്നു ഇതിന്റെ മുഖ്യ ഉള്ളടക്കം. ക്വാങ്—ടുങ് പ്രവിശ്യയിലെ വിപ്ളവ താവള പ്രദേശങ്ങൾ ഉറപ്പിച്ചതിനുശേഷം രണ്ടു പാർട്ടികളാലും കൂട്ടായി സ്ഥാപിക്കപ്പെട്ട വിപ്ളവസൈന്യം സാമ്രാജ്യത്വം ഊട്ടിവളർത്തിയ യുദ്ധ പ്രഭുക്കൾക്കെതിരെ 1926 ജൂലായ് മാസത്തിൽ അതിന്റെ വടക്കൻ ആക്രമണപര്യടനം ആരംഭിച്ചു. അതിനു് തൊഴിലാളികളുടേയും കർഷകരുടേയും വ്യാപകമായ പിന്തുണ നേടാൻ കഴിഞ്ഞു. 1926 ന്റെ രണ്ടാം പകുതിയുടേയും 1927 ന്റെ ആദ്യപകുതിയുടേയും ഇടയ്ക്കുള്ള കാലത്തു് യാങ് സി നദിയുടേയും മഞ്ഞ നദിയുടേയും തീരത്തുള്ള ഭൂരിഭാഗം പ്രവിശ്യകളും ഈ സൈന്യം കയ്യടക്കി. വിപ്ളവം വിജയകരമായി മുന്നേറിക്കൊണ്ടിരുന്നപ്പോൾ കുമിന്താങ്ങിനകത്തുള്ള ചിയാങ് കൈഷെക്കിന്റെയും വാങ് ചിങ് വെയുടേയും (ഇവർ രണ്ടു കൂട്ടരും ദല്ലാൾ ഭൂപ്രഭുവർഗ്ഗങ്ങളുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നു) നേതൃത്വത്തിലുള്ള പിന്തിരിപ്പൻ ക്ലിക്കുകൾ സാമ്രാജ്യത്വത്തിന്റെ സഹായത്തോടുകൂടി രണ്ടു് പിൻതിരിപ്പൻ പ്രതിവിപ്ലവ പട്ടാള അട്ടിമറികൾ നടത്തുകയുണ്ടായി. ഒന്നാമത്തേതു് 1927 ഏപ്രിലിലും രണ്ടാമത്തേതു് ജൂലായ് മാസത്തിലും. അക്കാലത്തു് കമ്യൂണിസ്റ്റ് പാർട്ടിയിൽ കാണപ്പെട്ട ചെൻ ടുസ്യു പ്രതിനിധീകരിച്ചിരുന്ന, വലതുപക്ഷ ആശയങ്ങൾ കീഴടങ്ങൽ നയത്തിലേക്കു് വികസിച്ചിരുന്നതുകൊണ്ടു് കുമിന്താങ് പിൻതിരിപ്പൻ ക്ളിക്കുകൾ നടത്തിയ മിന്നലാക്രമ

ണങ്ങൾക്കെതിരെ ഫലപ്രദമായ ചെറുത്തുനില്പ് സംഘടിപ്പിക്കാൻ തക്ക നിലയിലായിരുന്നില്ല പാർട്ടിയും ജനങ്ങളും. അതിനാൽ വിപ്ളവം പരാജയത്തെ നേരിട്ടു—

15. ജെ. വി. സ്റ്റാലിൻ: ''ഒക്ടോബർ വിപ്ളവവും ദേശീയ പ്രശ്നവും''..

16. ജെ. വി. സ്റ്റാലിൻ; ''ദേശീയ പ്രശ്നത്തെക്കുറിച്ച് ഒരിക്കൽകൂടി''.

17. വാങ്—ചിങ് വെ ഒരു കുപ്രസിദ്ധ ക്വമിന്താങ് നേതാവും ജപ്പാനെ പിൻതുണയ്ക്കുന്ന ഒരു രാജ്യദ്രോഹിയുമായിരുന്നു. ക്വമിന്താങ്ങിന്റെ ഉപാദ്ധ്യക്ഷനും ജനകീയ രാഷ്ട്രീയസമിതിയുടെ അദ്ധ്യക്ഷനുമായിരുന്ന അയാൾ 1938 ഡിസംബർ മാസത്തിൽ ജാപ്പനീസ് ആക്രമണകാരികൾക്ക് പരസ്യമായി കീഴടങ്ങി. 1949 മാർച്ചുമാസത്തിൽ നാങ്കിങ്ങിൽ രൂപീകരിച്ച പാവകേന്ദ്രഗവണ്മെൻറിന്റെ പ്രസിഡണ്ടായിത്തീർന്നു. 1944 നവംബർമാസത്തിൽ ജപ്പാനിൽവച്ചു മരിച്ചു.

18. ദേശീയത്വം, ജനാധിപത്യം, ചൈനയുടെ ബൂർഷ്വാ ജനാധിപത്യവിപ്ളവത്തിൽ ജനങ്ങളുടെ ഉപജീവനം എന്നീ പ്രശ്നങ്ങളിൽ സൺ യാററ്—സെൻ മുന്നോട്ടുവച്ച തത്വങ്ങളും പരിപാടികളുമായിരുന്നു മൂന്നു ജനകീയതത്വങ്ങൾ. 1924—ൽ ചേർന്ന ഒന്നാം ദേശീയ കോൺഗ്രസ്സിൽ ക്വമിന്താങ് അംഗീകരിച്ച മാനിഫെസ്റ്റോയിൽ സൺ യാററ്—സെൻ ഈ മൂന്നു ജനകീയതത്വങ്ങൾ ആവർത്തിച്ചു പ്രഖ്യാപിച്ചു. ദേശീയത സാമ്രാജ്യത്വത്തിനു് എതിരാണെന്നു വ്യാഖ്യാനിക്കപ്പെടുകയും തൊഴിലാളികളുടേയും കർഷകരുടേയും പ്രസ്ഥാനങ്ങൾക്ക് സജീവ പിൻതുണ പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. അങ്ങനെ പഴയ മൂന്നു ജനകീയതത്വങ്ങൾ പുതിയ മൂന്നു ജനകീയതത്വങ്ങളായി മാററി തീർക്കപ്പെട്ടു. റഷ്യയുമായുള്ള ഐക്യം, കമ്യൂണിസ്റ്റ്പാർട്ടിയുമായുള്ള സഹകരണം, കർഷകർക്കും തൊഴിലാളികൾക്കും സഹായം എന്നീ മൂന്നു മഹത്തായ നയങ്ങൾ വ്യക്തമാക്കുന്നതാണ് മൂന്നു ജനകീയതത്വങ്ങൾ. ഒന്നാം ആഭ്യന്തരവിപ്ലവയുദ്ധകാലത്തു് കമ്യൂണിസ്റ്റ്പാർട്ടിയും ക്വമിന്താങ്ങും തമ്മിലുള്ള സഹകരണത്തിനുള്ള രാഷ്ട്രീയാടിത്തറ നൽകിയതു് ഈ മൂന്നു പുതിയ ജനകീയതത്വങ്ങളാണ്.

19. വി. ഐ. ലെനിൻ, ''സാമ്രാജ്യത്വം—മുതലാളിത്തത്തിന്റെ പരമോന്നതഘട്ടം''.

20. ചിയാങ് കൈഷെക്ക് വിപ്ലവത്തെ വഞ്ചിച്ചതിനുശേഷം ക്വമിന്താങ് സർക്കാർ ഇളക്കിവിട്ടതാണ് ഈ സോവിയററ് വിരുദ്ധ പ്രചരണങ്ങൾ. 1927 ഡിസംബർ 13—നു് കാൻറണിലെ സോവിയററ് ഉപസ്ഥാനപതിയെ ക്വമിന്താങ് വധിച്ചു. അതിനടുത്ത ദിവസം റഷ്യയുമായുള്ള ബന്ധങ്ങൾ വിഛേദിച്ചുകൊണ്ടും പ്രവിശ്യകളിൽ സോവിയററ് പ്രതിനിധികൾക്കുള്ള ഔദ്യോഗിക അംഗീകാരം പിൻവലിച്ചുകൊണ്ടും സോവിയററ് വാണിജ്യസ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടും നാങ്കിങ്ങിലെ ക്വമിന്താങ് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. 1929 ആഗസ്റ്റിൽ സാമ്രാജ്യവാദികളുടെ പ്രേരണയിൽ ചിയാങ് കൈഷെക് സോവിയററ് യൂണിയനെതിരെ വടക്കുകിഴക്കൻ മേഖലയിൽ പ്രകോപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതു് സായുധ ഏററുമുട്ടലുകളായി കലാശിക്കുകയും ചെയ്തു.

21. ഒന്നാം ലോകയുദ്ധത്തിനുശേഷം ബ്രിട്ടീഷ് സാമ്രാജ്യവാദികൾ തുർക്കിക്കെതിരെ കടന്നാക്രമണം നടത്തുന്നതിനു് തങ്ങളുടെ ആശ്രിത

രാജ്യമായ ഗ്രീസിനെ പ്രേരിപ്പിച്ചു. പക്ഷെ തുർക്കിജനത, സോവിയററ് യൂണിയൻെറ സഹായത്തോടെ, 1922—ൽ ഗ്രീക്ക് പട്ടാളത്തെ പരാജയപ്പെടുത്തി. 1923—ൽ കെമാൽ തുർക്കിയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റാലിൻ പറഞ്ഞു:

''കെമാലിസ്റ്റ് വിപ്ളവം ഉന്നതവിഭാഗത്തിൻെറ വിപ്ളവമാണ്. അതു് വിദേശ സാമ്രാജ്യശക്തികൾക്കെതിരായി സമരം നടത്തുന്ന ദേശീയ കച്ചവട മുതലാളിവർഗ്ഗത്തിൻെറ ഒരു വിപ്ളവമാണ്. തുടർന്നുള്ള അതിൻെറ വികാസം അടിസ്ഥാനപരമായും കർഷകർക്കും തൊഴിലാളികൾക്കും എതിരാണ്, കാർഷിക വിപ്ളവത്തിൻെറ സാധ്യതയെത്തന്നെ എതിർക്കുന്നതാണ്.''

(''സൺ യാററ്—സെൻ സർവ്വകലാശാലാ വിദ്യാർത്ഥികളുമായുള്ള സംഭാഷണം.'')

22. 1931 സെപ്ററംബർമാസം 18—ാംതീയതി വടക്കു കിഴക്കൻ ചൈനയിലെ ജപ്പാൻെറ ക്വാങ് ടങ് സൈന്യം ഷെൻ യാങ്ങ് കീഴടക്കി. ചിയാങ്ങ് കൈഷെക്കിൻെറ ''പരിപൂർണ്ണ നിസ്സഹകരണം'' ഉത്തരവനുസരിച്ച് ഷെൻ യാങ്ങിലും വടക്കു കിഴക്കൻ പ്രദേശങ്ങളിലുമുള്ള വടക്ക് കിഴക്കൻ സൈന്യം ഷാൻ ഹൈക്വാന് തെക്കുഭാഗത്തേയ്ക്കു പിൻമാറുകയും അതിൻെറ ഫലമായി ജാപ്പനീസ് ശക്തികൾ വേഗത്തിൽ ലിയോണിങ്, കിറിൻ, ഹിലൈൻ, കിയാങ്ങ്പ്രവിശ്യകൾ കയ്യടക്കുകയും ചെയ്തു: ഈ ജാപ്പനീസ് ആക്രമണ നടപടിയാണ് ''സെപ്ററംബർ 18—ലെ സംഭവ''മെന്നറിയപ്പെടുവാൻ തുടങ്ങിയതു്.

23. 1938 ഒക്ടോബറിലെ വൂഹാൻ പതനത്തിനുശേഷം കുമിന്താങ്ങ് ക്രമാനുഗതമായി അതിൻെറ കമ്യൂണിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുകയുണ്ടായി. 1939 ജനുവരി മുതൽ ''ദേശീയേതര പാർട്ടികളുടെ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ'', ''വിദേശപാർട്ടികളെ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ'', ''വിദേശീയേതര പാർട്ടി പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതിനേക്കുറിച്ചുള്ള നിർദ്ദേശങ്ങൾ'' എന്നീ പിന്തിരിപ്പൻ രേഖകൾ ചിയാങ്ങ് കൈഷെക് ഒന്നിനു പുറമെ ഒന്നായി രഹസ്യമായി പുറത്തിറക്കി. ജനങ്ങളുടെ ജാപ്പനീസ് വിരുദ്ധ സംഘടനകളെ ഛിന്നഭിന്നമാക്കാൻ ലക്ഷ്യമാക്കിക്കൊണ്ടു് അവർ കമ്യൂണിസ്റ്റുപാർട്ടിയുടേയും മററു പുരോഗമന പ്രസ്ഥാനങ്ങളുടേയും പ്രവർത്തനത്തിനും, ചിന്തയ്ക്കും, പ്രസംഗങ്ങൾക്കും വലിയ വിലക്കുകൾ അടിച്ചേല്പിച്ചു. കുമിന്താങ്ങിൻെറ അഭിപ്രായത്തിൽ ''കമ്യൂണിസ്റ്റുകാർ ഏററവും ശക്തമായിരുന്ന സ്ഥലങ്ങളിൽ ''കൂട്ടുത്തരവാദിത്വത്തിൻെറയും'' ''കൂട്ടശിക്ഷയുടേയും'' നിയമം പ്രാബല്യത്തിൽ വരുത്താൻ അവർ ശ്രമിച്ചു. ജനങ്ങളുടെ എല്ലാ സമയത്തുമുള്ള പ്രവർത്തനങ്ങൾ വീക്ഷിക്കുന്നതിനും തടയുന്നതിനുമായി ''വാർത്താശൃംഖല'' അഥവാ ''പ്രതിവിപ്ലവ രഹസ്യ സർവ്വീസ്'' പാവോചീയാ സംഘടനകൾക്കുള്ളിൽ പൊതുവായി സ്ഥാപിക്കപ്പെട്ടിരുന്നു. അവയ്ക്കുള്ളിൽതന്നെ കമ്യൂണിസ്റ്റുപാർട്ടികളെ രാഷ്ട്രീയമായി അടിച്ചമർത്തുന്നതിനും ചൈനയുടെ മദ്ധ്യ—വടക്കൻ പ്രദേശങ്ങളിൽ അതിനു നേരെ സൈനികാക്രമണങ്ങൾ നടത്തുന്നതിനുമുള്ള പദ്ധതികൾ ഉണ്ടായിരുന്നു.

24. ചാങ് ചുൺമായും അയാളുടെ സംഘവുമായിരുന്നു ''അതിഭൗതിക വായാടികൾ.'' മെയ് 4 പ്രസ്ഥാനത്തിനുശേഷം, ചാങ് ശാസ്ത്രത്തെ പരസ്യമായി എതിർക്കുകയും അതിഭൗതികവാദത്തിനുവേണ്ടി, അതായതു് അയാൾ വിശേഷിപ്പിച്ച ''ആത്മീയസംസ്കാര''

ത്തിനുവേണ്ടി വാദിക്കുകയും അങ്ങനെ ''അതിഭൗതിക വായാടി'' എന്ന റിയപ്പെടുകയും ചെയ്തു. ചിയാങ്ങ് കൈഷെക്കിനേയും ജാപ്പനീസ് ആക്രമണകാരികളേയും പിന്താങ്ങുന്നതിനുവേണ്ടി ചിയാങ്ങ് കൈഷെക്കിൻെറ ആവശ്യപ്രകാരം 1938 ഡിസംബറിൽ അയാൾ ''ശ്രീ. മാവോ സെതുങ്ങിനൊരു തുറന്ന കത്ത്''' പ്രസിദ്ധീകരിച്ചു. അതിലയാൾ എട്ടാംപഥ സൈന്യത്തേയും, പുതിയ നാലാം സൈന്യത്തേയും, ഷെൻസി —കാൻസു—നിങ്ങ്സിയാ അതിർത്തിപ്രദേശ ഭരണത്തേയും നിർത്തലാക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടു.

25. ക്കുമിന്താങ്ങ് കമ്യൂണിസ്റ്റ് സഹകരണത്തിൻെറ സ്ഥാപിക്കലിനെക്കുറിച്ച് ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്ര കമ്മിററി 1937 സെപ്ററംബറിൽ പുറപ്പെടുവിച്ച മാനിഫെസ്റ്റോ കാണുക.

26. ഡോ: സൺ യാററ് സെൻ ''ജനങ്ങളുടെ ഉപജീവന തത്വത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ''—1924 രണ്ടാം പ്രഭാഷണം.

27. അതീതശക്തിസിദ്ധാന്തം (Vitalism) ക്കുമിന്താങ്ങ് ഫാസിസത്തിൻെറ വിശദീകരണഗ്രന്ഥം ക്കുമിന്താങ്ങ് രഹസ്യവകുപ്പിലെ കുപ്രസിദ്ധനായ മേധാവികളിലൊരാളായ ചെൻ ലിഫുവിനു വേണ്ടി കുറെ പിന്തിരിപ്പൻ കൂലിയെഴുത്തുകാർ എഴുതിക്കൊടുത്ത ഒരവിയൽ സാധനം.

28. അദ്ധ്വാനത്തിനനുസരിച്ചുള്ള വിതരണം എന്ന സിദ്ധാന്തം.

യുദ്ധപ്രഭുവും ഷാൻസിപ്രവിശ്യയിലെ വൻകിട ഭൂവുടമകളുടേയും വൻകിട ദല്ലാളുകളുടേയും പ്രതിനിധിയായ യെൻ സിംഷാൻ നിർലജ്ജം അവതരിപ്പിച്ച ഗംഭീരമെന്നു തോന്നിക്കുന്ന മുദ്രാവാക്യം.

29. 1927 വിപ്ലവത്തെ വഞ്ചിച്ചശേഷം വാങ്ങ് ചിങ്ങ് വെ എഴുതിയ ഒരു ലേഖനത്തിൻെറ പേരാണ് ''ഇരുവശത്തു നിന്നുമുള്ള ആക്രമണങ്ങൾക്കെതിരെ പോരാടുക.''

30. ജെ. വി. സ്റ്റാലിൻ ''യൂഗോസ്ലാവിയയിലെ ദേശീയ പ്രശ്നത്തെക്കുറിച്ച്'''—1925 മാർച്ച് 30–ന് ഇ. സി. സി. ഐ. യുടെ യൂഗോസ്ലാവ് സമിതിയിൽ ചെയ്ത പ്രസംഗം. സ്റ്റാലിൻ പറഞ്ഞു: ''........ ദേശീയ പ്രസ്ഥാനത്തിൻെറ മുഖ്യസൈന്യം കർഷകജനതയാണ്........ കർഷക സൈന്യമില്ലാതെ ശക്തമായ ഒരു ദേശീയപ്രസ്ഥാനവുമില്ല. ഉണ്ടാകുവാൻ സാദ്ധ്യവുമല്ല. സത്തയിൽ, ദേശീയപ്രശ്നം ഒരു കർഷക പ്രശ്നമാണെന്നു പറയുന്നതിൻെറ അർത്ഥം അതാണ്.''

31. ''കുന്നുകളിലേയ്ക്കു കയറിപ്പോകുന്ന സിദ്ധാന്തം''—ഗ്രാമീണ വിപ്ലവ താവളങ്ങൾക്ക് ഊന്നൽ നൽകിയതിൻെറ പേരിൽ മാവോ സെതുങ്ങിനെതിരായി വരട്ടു തത്വവാദികളുടെ ഒരു പരിഹാസ്യപ്രയോഗം. ഗ്രാമീണ വിപ്ലവ താവളങ്ങൾ വഹിച്ച പങ്കിൻെറ പ്രാധാന്യം വിശദീകരിക്കുന്നതിനാണ് ഈ പ്രയോഗം ഉപയോഗിച്ചിരിക്കുന്നത്.

32. യൂറോപ്പിലേയും അമേരിക്കയിലേയും മുതലാളിത്ത രാജ്യങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായത്തെ മാതൃകയാക്കിയിട്ടുള്ളതാണ് ആധുനിക വിദ്യാലയ സമ്പ്രദായം. സാമ്രാജ്യ പരീക്ഷാസമ്പ്രദായം നാടുവാഴിത്ത ചൈനയിലെ പഴയ പരീക്ഷാ സമ്പ്രദായമാണ്. 19–ാം നൂററാണ്ടിൻെറ അവസാന വർഷങ്ങളിൽ, പഴയ മത്സര പരീക്ഷാസമ്പ്രദായം റദ്ദാക്കണമെന്നും ആധുനിക വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും ചൈനയിലെ പ്രബുദ്ധരായ ബുദ്ധിജീവികൾ ആവശ്യപ്പെട്ടു.

33. ജൂൺ 3 പ്രസ്ഥാനത്തോടെ മേയ് 4 ദേശാഭിമാനപ്രസ്ഥാനം ഒരു പുതിയ ഘട്ടത്തിലെത്തി. 1919 ജൂൺ 3 ന് പട്ടാളത്തിന്റേയും പോലീസിന്റേയും പീഢനങ്ങളും അടിച്ചമർത്തലും ധിക്കരിച്ചുകൊണ്ട് പീക്കിങ്ങിലെ വിദ്യാൎത്ഥികൾ പൊതുയോഗങ്ങളും പ്രസംഗങ്ങളുംനടത്തി. അവർ പഠിപ്പു മുടക്കി. ആ സമരം ഷാങ്ങ്ഹായ്, നാങ്കിങ്ങ്, ടിയെൻസിൻ, ഹാങ്ങ് ചൗ വുഹാൻ, ഫൂക്കിയാങ്ങ് എന്നീ പട്ടണങ്ങളിലേയും ഷാൻതുങ്ങ്, ആങ്ങ്വേ പ്രവിശ്യകളിലേയും തൊഴിലാളികളിലേക്കും കച്ചവടക്കാരിലേക്കും പടന്നു പിടിച്ചു. അങ്ങനെ മേയ് 4 പ്രസ്ഥാനം തൊഴിലാളിവർഗ്ഗവും നാഗരിക പെററി ബൂർഷ്വാസിയും ദേശീയ മുതലാളി വർഗ്ഗവുമെല്ലാം പങ്കെടുത്ത വിപുലമായ ബഹുജന പ്രസ്ഥാനമായി വളൎന്നു.

34. 1925 മേയ് 30—ന ബ്രിട്ടീഷ്പോലീസ് ഷാങ്ങ്—ഹായിൽ ചൈനീസ് ജനതയുടെ മേൽ നടത്തിയ കൂട്ടക്കൊലയ്ക്കു് എതിരായി രാജ്യവ്യാപകമായി നടന്ന സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനമായിരുന്നു മേയ് 30 പ്രസ്ഥാനം. ആ മാസം ആദ്യത്തിൽ സിങ്ങ്—ടാവോയിലും ഷിങ്ങ് ഹായിലും ഉള്ള ജാപ്പനീസ് മുതലാളിമാരുടെ ടെക്സ്റ്റയിൽ മില്ലുകളിൽ വമ്പിച്ച സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ജാപ്പനീസ് മുതലാളിമാരുടെ ഹാലിളകിയ വേട്ടപ്പട്ടികളായ സാമ്രാജ്യവാദികളും വടക്കൻ യുദ്ധപ്രഭുക്കളും അതിനെ അടിച്ചമർത്താൻ മുന്നോട്ടുവന്നു. മേയ് 15 ന് ഷാങ്ങ്—ഹായിലെ ജാപ്പനീസ് ടെക്സ്റ്റയിൽ മില്ലുടമകൾ ക്കു—ചെങ്ങ്—ഹങ്ങ് എന്ന തൊഴിലാളിയെ വെടിവെച്ചു കൊല്ലുകയും ഒരു ഡസൻ പേരെ മുറിവേല്പിക്കുകയും ചെയ്തു. മേയ് 28—ന സിങ്ങ്—ടാവോയിലെ പിന്തിരിപ്പൻ സർക്കാർ 8 തൊഴിലാളികളെ വകവരുത്തി. മേയ് 30—ന് ഷാങ്ങ്—ഹായിലുള്ള രണ്ടായിരത്തിലേറെ വിദ്യാൎത്ഥികൾ തൊഴിലാളികളെ പിന്തുണച്ചുകൊണ്ടും വിദേശസ്ഥാപനങ്ങളെ (Foreign Concerssions) തിരിച്ചുപിടിക്കുന്നതിനും വേണ്ടി വിദേശസ്ഥാപനങ്ങൾക്ക് മുൻപിൽ പ്രക്ഷോഭണം നടത്തി. ''സാമ്രാജ്യത്വം നശിക്കട്ടെ'' ''ചൈനീസ് ജനങ്ങളേ, ഒന്നിക്കുക'' എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് അവർ പതിനായിരത്തിൽപ്പരം ജനങ്ങളുടെ ഒരു പ്രകടനം ബ്രിട്ടീഷ് പോലീസ് ഹെഡ് ക്വാർട്ടേഴ്സിനു മുൻപിൽ നടത്തി. ബ്രിട്ടീഷ് സാമ്രാജ്യത്വപോലീസ് വെടിവെയ്പു നടത്തി. ഇതിൽ നിരവധി വിദ്യാൎത്ഥികൾ കൊല്ലപ്പെടുകയും മുറിവേല്പിക്കപ്പെടുകയും ചെയ്തു. ഇത് മേയ് 30. കൂട്ടക്കൊല എന്നറിയപ്പെട്ടുതുടങ്ങി. ഇതു് രാജ്യവ്യാപകമായ രോഷം ധൃതഗതിയിൽ ഉണൎത്തി. തൊഴിലാളികളുടേയും വിദ്യാൎത്ഥികളുടേയും കച്ചവടക്കാരുടേയും പണിമുടക്കും പ്രകടനങ്ങളും എല്ലായിടത്തും നടന്നുകയുണ്ടായി. ഇതു് വമ്പിച്ച ഒരു സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനമായി മാറി.

35. 1935—ൽ രാജ്യത്തുടനീളം ഒരു ജനകീയ ദേശസ്നേഹപ്രസ്ഥാനത്തിന്റെ പുത്തൻ ഉയൎത്തെഴുന്നേല്പ് കണികണ്ടു. 'ആഭ്യന്തരയുദ്ധം അവസാനിപ്പിക്കുക', 'വിദേശാക്രമണത്തെ ചെറുക്കുന്നതിനു സംഘടിക്കുക, 'ജാപ്പനീസ് സാമ്രാജ്യത്വം നശിക്കട്ടെ' എന്നീ മുദ്രാവാക്യങ്ങൾ മുന്നോട്ടു വച്ചുകൊണ്ട് പീക്കിങ്ങിലെ വിദ്യാർത്ഥികൾ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൻ കീഴിൽ ഡിസംബർ 9 ന് ഒരു ദേശസ്നേഹ പ്രകടനം നടത്തി. ജാപ്പനീസ് ആക്രമണകാരികളുമായി സഖ്യം ചേൎന്ന കുമിന്താങ്ങ് ഗവൺമെന്റ് അടിച്ചേല്പിച്ച നീണ്ട ഭീകരവാഴ്ചക്ക് ഈ പ്രസ്ഥാനം ക്ഷതമേല്പിക്കുകയും വളരെ പെട്ടെന്നുതന്നെ രാജ്യമെമ്പാടുമുള്ള ജനങ്ങളുടെ പിന്തുണ നേടുകയും ചെയ്തു. ഇതാണ് ഡിസംബർ 9 പ്രസ്ഥാ

നമെന്നറിയപ്പെടുന്നതു്. രാജ്യത്തിലെ വിവിധ വർഗ്ഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ പ്രത്യക്ഷപ്പെട്ട പുതിയ മാററങ്ങളും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി നിർദ്ദേശിച്ച ജാപ്പനീസ് വിരുദ്ധ ദേശീയ ഐക്യമുന്നണി എല്ലാ രാജ്യസ്നേഹികളും തുറന്നനുകൂലിച്ച നയമായി മാറിയതുമാണു് ഇതിന്റെ ഫലം. രാജ്യദ്രോഹനയം അവലംബിച്ചിരുന്ന ചിയാങ് കൈഷെക്കു് സർക്കാർ തികച്ചും ഒററപ്പെട്ടു.

36. യേ—ചിങ്: കൂമിന്താങ്ങു് രഹസ്യവിഭാഗത്തിലെ കൂലിയെഴുത്തുകാരനായി മാറിയ ഒരു വഞ്ചകനായ കമ്യൂണിസ്റ്റുകാരൻ.

37. പ്രതിവിപ്ലവകാരിയായ ഋഷിയായിരുന്ന യൂറോപ്യൻ അമേരിക്കൻ വിഭാഗമെന്നറിയപ്പെട്ടിരുന്നതിന്റെ വക്താവ്.

38. പടിഞ്ഞാറൻ നാടുകളിലെ കാലഹരണം വന്ന വ്യക്തിവാദപരമായ സംസ്കാരത്തെ നിരുപാധികം പ്രശംസിക്കുകയും മുതലാളിത്ത യൂറോപ്പിനേയും അമേരിക്കയേയും ദാസ്യമായി അനുകരിക്കുന്നതിനുവേണ്ടി വാദിക്കുകയും ചെയ്ത പാശ്ചാത്യവല്ക്കരിക്കപ്പെട്ട അനേകം ചൈനീസ് മുതലാളിവർഗ്ഗ ബുദ്ധിജീവികൾ പുലർത്തിപ്പോന്ന വീക്ഷണമാണു് മൊത്തത്തിലുള്ള പാശ്ചാത്യവല്ക്കരണം.

39. വി. ഐ. ലെനിൻ: 'എന്തു ചെയ്യണം?'